Reg. No. C. 101, M: 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു — എറണാകുളം 1125 മകരം 26 | ലക്കം 24

## ഭഗവദ്ഗീതയും അഹിംസയും

"മഹാത്മജിയുടെ ആത്മകഥാകഥനം മുതലായി അദ്ദേഹത്തെക്കുറിച്ചുള്ള വൃത്താന്തങ്ങൾ വായിക്കുമ്പോൾ അദ്ദേഹത്തെക്കുറിച്ചെനിക്കു തോന്നാറുള്ളതു് അദ്ദേഹം തന്റെ സന്മാർഗ്ഗസിദ്ധാന്തങ്ങൾ ക്രിസ്തുവിൽനിന്നു ഗ്രഹിക്കയും തന്റെ ഹൃദയത്തെ ഹിന്ദുമതത്തിൽ ബന്ധിക്കയും ചെയ്തുവെന്നാണു്."

(ഐ. സി. ചാക്കോ)

മഹാത്മാഗാന്ധി ഒരു വ്യതിയാനവും കൂടാതെ അഹിംസയിൽ വിശ്വസിച്ചിരുന്നുവെന്നു് നമുക്കറിയാമല്ലോ. അദ്ദേഹത്തിന്റെ ആദർശങ്ങൾക്കു പ്രചോദനം നൽകിക്കൊണ്ടിരുന്ന ഗ്രന്ഥങ്ങളിലൊന്നു ഭഗവദ്ഗീതയായിരുന്നു. എന്നാൽ ഭഗവദ്ഗീതയുടെ ഉപദേശം ഗാന്ധിജിയുടെ ആദർശത്തിനു നേരെ വിപരീതമാണെന്നാണു് എനിക്കു തോന്നാറുള്ളതു്. നടക്കുവാൻ പോകുന്ന ഹിംസയെ ഉദ്ദർശിച്ചിട്ടു ചകിതചിത്തനായിത്തീർന്ന അർജ്ജുനനെ ശ്രീകൃഷ്ണൻ ഹിംസയ്ക്കായി പ്രേരിപ്പിച്ചതെങ്ങനെയെന്നാണല്ലോ ഭഗവദ്ഗീത നമ്മെ പഠിപ്പിക്കുന്നതു്. ഭഗവദ്ഗീതയുടെ പരമമായ ഉദ്ദേശ്യം ഇതായിരിക്കേ അതിൽനിന്നു മഹാത്മജി മുതലായവർ അഹിംസോപദേശം ഗ്രഹിക്കുന്നതെങ്ങനെയെന്നു് എനിക്കു മനസ്സിലായിട്ടില്ല.

എന്റെ ഈ വൈഷമ്യത്തെ വിവരിച്ചുകൊണ്ടു് ഏകദേശം ഇരുപത്തിയഞ്ചു വർഷങ്ങൾക്കുമുമ്പു് ഞാനൊരു ലേഖനമെഴുതി, മംഗലപ്പുഴ സെമിനാരിയിൽനിന്നുള്ള ഒരു പ്രസിദ്ധീകരണത്തിൽ പ്രസിദ്ധംചെയ്തിരുന്നു. ഞാനിയിടെ ആയുർവ്വേദത്തിന്റെ സ്തംഭനാവസ്ഥയും അതിന്റെ കാരണങ്ങളേയുംകുറിച്ചു മനോരമയിൽ എഴുതിയിരുന്ന ലേഖനത്തിനു മറുപടിയായി വാദമുഖം എന്തെന്നു ഗ്രഹിക്കാതെ ചിലർ ചില കുൽസനങ്ങൾ പ്രസിദ്ധംചെയ്തതുപോലെതന്നെ അന്നു ചില മലയാളപത്രങ്ങൾ ശരിയായ സമാധാനം പറയുന്നതിനുപകരം എന്നെ ശകാരങ്ങൾകൊണ്ടഭിഷേകം ചെയ്തു. ശകാരവിദ്യയിൽ എനിക്കൊരു രുചിയുമില്ലാത്തതിനാലും ഭഗവദ്ഗീതയുടെ അർത്ഥമെന്തായാലും എനിക്കു വിരോധമില്ലാത്തതിനാലും ഞാൻ മറുപടിയൊന്നും പറയുവാൻ ഒരുമ്പെട്ടില്ല.

മഹാത്മജിയുടെ പരിതാപകരമായ വധത്തിനുശേഷം അദ്ദേഹത്തെക്കുറിച്ചു പ്രഖ്യാതന്മാരായ പല ഗ്രന്ഥകാരന്മാരു പ്രശസ്യങ്ങളായ പല പുസ്തകങ്ങളുമെഴുതിയിട്ടുണ്ടല്ലോ. ഇവയിലൊന്നാണു് ഈ നാട്ടുകാർക്കു സുപരിചിതനായ ഡോക്ടർ സ്റ്റാൻലി ജോൺസ് എഴുതിയിട്ടുള്ള പുസ്തകം. ഗാന്ധിജിയുടെ ആദർശവും ഭഗവദ്ഗീതയും തമ്മിൽ എനിക്കുതോന്നിയ ആ വൈപരീത്യംതന്നെ ഡോക്ടർ ജോൺസിനും അനുഭവപ്പെട്ടന്നതായി കാണുന്നു. അദ്ദേഹം പറയുന്നു:- "അഹിംസയിൽ വിശ്വസിക്കയും അതു ആചരിക്കയും ചെയ്യുന്ന മഹാത്മാ ബലപ്രയോഗത്തിന്റെ താത്വികമായ സാധൂകരണത്തിൽ അധിഷ്ഠിതമായിരിക്കുന്ന ഒരു ഗ്രന്ഥത്തെ, അതായതു് ഭഗവദ്ഗീതയെ, തന്റെ സ്നേഹത്തിന്റെയും ഭക്തിയുടെയും കേന്ദ്രമാക്കി."

മഹാത്മജിയുടെ ആത്മകഥാകഥനം മുതലായി അദ്ദേഹത്തെക്കുറിച്ചുള്ള വൃത്താന്തങ്ങൾ വായിക്കുമ്പോൾ അദ്ദേഹത്തെക്കുറിച്ചെനിക്കു തോന്നാറുള്ളതു് അദ്ദേഹം തന്റെ സന്മാർഗ്ഗസിദ്ധാന്തങ്ങൾ ക്രിസ്തുവിൽനിന്നു ഗ്രഹിക്കയും തന്റെ ഹൃദയത്തെ ഹിന്ദുമതത്തിൽ ബന്ധിക്കയും ചെയ്തുവെന്നാണു്.

ഭഗവദ്ഗീതയെക്കുറിച്ചു എനിക്കു തോന്നിയ വൈഷമ്യംതന്നെ ഡോക്ടർ ജോൺസിനും തോന്നിയതായി കണ്ടപ്പോൾ ആ കാര്യത്തിൽ ഞാൻ ഏകാകിയല്ലെന്നു സ്പഷ്ടമായി. പക്ഷേ, അദ്ദേഹവും ഞാനും ക്രിസ്ത്യാനികളാകയാൽ ഞങ്ങൾ നിഷ്പക്ഷബുദ്ധിയോടുകൂടെയല്ല ഭഗവദ്ഗീതയെ വീക്ഷിച്ചതെന്നു് എന്നെ പണ്ടു ശകാരിച്ചവർക്കു പിന്നെയും ശകാരിക്കാമായിരുന്നു.

എന്നാൽ ഗീത ഉപദേശിക്കുന്നതു് ഹിംസയാണെന്നു ഗ്രഹിച്ചിരിക്കുന്ന ഹിന്ദുക്കളും വളരെയുണ്ടു്. കഴിഞ്ഞ ഡിസംബർ നാലാംതീയതി ഘോഷിക്കപ്പെട്ട ഗീതാജയന്തി സംബന്ധിച്ചു ഡൽഹിയിൽ ശ്രീ ലക്ഷ്മീനാരായണ ക്ഷേത്രത്തിൽവച്ചു് ഗവർണ്ണർ ജനറൽ ശ്രീ രാജഗോപാലാചാരി ഗീതയെക്കുറിച്ചൊരു പ്രസംഗംചെയ്തു. ഭഗവദ്ഗീത ഉപദേശിക്കുന്നതു് ഹിംസയാണെന്നുള്ള വാദത്തെ ഖണ്ഡിക്കുന്നതിനായിരുന്നു രാജാജി പ്രയത്നിച്ചതു്. അദ്ദേഹം ഗീതയിൽനിന്നു താഴെക്കാണുന്ന ശ്ലോകങ്ങൾ ഉദ്ധരിച്ചു:—



ഹാത്മാനാഥ ലൂസിക്കു വെളിപ്പെടുത്തിയ മഹാരഹസ്യം ലേഖനംചെയ്തിരിക്കുന്ന കടലാസു് ഒരു കവറിൽ മുദ്രവെച്ചു സൂക്ഷിച്ചിരിക്കുന്നു. 1960-ൽ മാത്രമേ അതു തുറക്കാവൂ എന്നാണു് ലൂസി നിർദ്ദേശിച്ചിരിക്കുന്നതു്. പ്രസ്തുത കവറിന്റെ സൂക്ഷിപ്പുകാരനായ ലീറിയാ മെത്രാൻ തിരുമേനി റൈററ് റവ. ഡോക്ടർ ജോസ് തിരുമേനിയെ ചിത്രത്തിൽ കാണാം.

അന്തവന്ത ഇമേ ദേഹാ<br>
നിത്യസ്യോക്താശ്ശരീരിണഃ<br>
അനാശിനോഽപ്രമേയസ്യ<br>
തസ്മാദ് യുദ്ധ്യസ്വ ഭാരത.<br>
യ ഏനം വേത്തി ഹന്താരം<br>
യശ്ചൈനം മന്യതേ ഹതം<br>
ഉഭൗ തൗ ന വിജാനീതോ<br>
നായം ഹന്തി ന ഹന്യതേ<br>
ന ജായതേ മ്രിയതേ വാ കദാചിൻ-<br>
നായം ഭൂത്വാ ഭവിതാ വാ ന ഭൂയഃ<br>
അജോ നിത്യശ്ശാശ്വതോഽയം<br>
പുരാണോ<br>
ന ഹന്യതേ ഹന്യമാനേ ശരീരേ

അദ്ധ്യായം 2, 18—20

ഈ ശ്ലോകങ്ങളുടെ സാരം:—ഈ ദേഹങ്ങൾ അന്തമുള്ളവയാകുന്നു. എന്നാൽ ദേഹി (ആത്മാവു) നാശമില്ലാത്തതും അപ്രമേയവും നിത്യവുമാകുന്നു. ദേഹം കൊല്ലപ്പെട്ടാലും ദേഹി കൊല്ലപ്പെടുന്നില്ല. അതിനാൽ, അർജ്ജുന, നീ യുദ്ധം ചെയ്യുക.

ദേഹത്തെക്കുറിച്ചും ദേഹിയെക്കുറിച്ചുമുള്ള തത്വവാദങ്ങളെല്ലാം ശരിതന്നെ. (ജീവാത്മാവു അനാദിയും അപ്രമേയവും ആണെന്നുള്ളവാദം ക്രിസ്തീയ ദൈവശാസ്ത്രം സ്വീകരിക്കയില്ല). എന്നാൽ ഈ തത്വവാദത്തിൽനിന്നു ശ്രീകൃഷ്ണൻ നൽകുന്ന ഉപദേശമെന്താണു്? "തസ്മാദ് യുദ്ധ്യസ്വ" അതുകൊണ്ടു് യുദ്ധംചെയ്താലും. ഈ ദേഹങ്ങളെയെല്ലാം ഹിംസിച്ചാലും.

ശ്രീകൃഷ്ണന്റെ ഉപദേശമിതല്ലെന്നു രാജാജി സമർത്ഥിക്കുന്നില്ല. ഇതിനെ പ്രതിഷേധിക്കുവാനാണദ്ദേഹം ആരംഭിച്ചതു്. ഈ ഉപദേശം ശരിയല്ലെന്നു് സമർത്ഥിച്ചാൽ പിന്നെ ഭഗവദ്ഗീതയുടെ പ്രാമാണ്യമെവിടെ?

രാജാജി കഠോപനിഷത്തിൽനിന്നു ചില വാക്യങ്ങൾ ഉദ്ധരിക്കുന്നു. ദേഹത്തേയും ദേഹിയേയും കുറിച്ചുള്ള വാദം ഗീതയിലേതും ഉപനിഷത്തിലേതും മിക്കവാറും ഒരേ വാക്കുകളിൽതന്നെയാണു്. എന്നാൽ ഉപനിഷത്തിൽ "തസ്മാദ് യുദ്ധ്യസ്വ" എന്ന വാക്യമില്ല. കഠോപനിഷത്തു ഗീതയെക്കാൾ പുരാതനമാകയാൽ അതാണു സ്വീകാര്യമെന്നു രാജാജി വാദിക്കുന്നു. പുരാതനത്വം കൊണ്ടുമാത്രം ഒരു വസ്തുവിനു പ്രാമാണ്യക്കൂടുതലുണ്ടെന്നുള്ള വാദം സ്വീകാര്യമാണോ? ശ്രീകൃഷ്ണനു കഠോപനിഷത്തിന്റെ കർത്താവിനെക്കാൾ കൂടുതൽ പ്രാമാണ്യമില്ലെന്നാണോ നാം ഗ്രഹിക്കേണ്ടതു്? രണ്ടായാലും നമുക്കിഷ്ടമല്ലാത്ത ഒരാശയം ഭഗവദ്ഗീതയിൽ കാണുമ്പോൾ അതിനെ മറെറാരു പ്രമാണംകൊണ്ടു നിരാകരിച്ചാൽ ആ ഗ്രന്ഥത്തിനു നൽകപ്പെട്ടിട്ടുള്ള പ്രാധാന്യം നഷ്ടമായിത്തീരുമല്ലോ.

മഹാത്മജിയും രാജാജിയും അവരെപ്പോലെയുള്ള ചുരുക്കം ചില സാത്വികന്മാരും ഭഗവദ്ഗീതയിൽ കാണുന്ന അഹിംസോപദേശമല്ല ഹൈന്ദവനേതാക്കന്മാരിൽ പലരും അതിൽ കാണുന്നതെന്നു തോന്നുന്നു. അവരെ ഉദ്ദേശിച്ചായിരിക്കണം രാജാജി ഒരു പുതിയ വ്യാഖ്യാനം അവതരിപ്പിച്ചിരിക്കുന്നതു്. ആർ. എസ്. എസ്‌കാർ ഗീതയിൽ കാണുന്നതു് ഹിംസോപദേശമായിരിക്കാം. മഹാത്മജിയെ നിഷ്കരുണം വധിച്ചവനായ ഗോഡ്സേയുടെ ദുഷ്കൃത്യത്തിനു മുകളിൽ ഉദ്ധരിക്കപ്പെട്ടിരിക്കുന്ന ഗീതാവാക്യങ്ങൾ സാധൂകരണം നൽകുന്നുണ്ടല്ലോ. ഗാന്ധിജിയുടെ ദേഹത്തെ വധിച്ചതുകൊണ്ടു ആ മഹാത്മാവിൽ സ്ഥിതിചെയ്തിരുന്ന ദേഹിക്കു യാതൊരു ദോഷവും സംഭവിച്ചിട്ടി

പൈങ്ങോട്ടൂർ
പാദുവാപള്ളിയിൽ
വി. അന്തോനീസിൻെറ
തിരുനാൾ
ഫെബ്രുവരി 19-ാംനു- (പേത്രത്താ) ഞായറാഴ്ച
അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെടുന്നതാണു്.
എന്നു്
വികാരി

# പൊളിഞ്ഞ ബാങ്കർ

(ഫാദർ റെയിനോൾഡ്സ് സി. ഡി, എം. എ.)

ബാങ്കു പൊളിയുക ഒരസാധാരണ സംഭവമല്ല; പക്ഷേ, പൊളിഞ്ഞ ബാങ്കർ അവസാനത്തെ ചില്ലിപോലും കടക്കാർക്കു് കൊടുത്തുതീർക്കുന്നതു് അസാധാരണ സംഭവംതന്നെയാണു്. "പാപ്പർ" ചീട്ടുവാങ്ങിക്കഴിഞ്ഞാൽ സകല ബാധ്യതകളും, ബദ്ധപ്പാടുകളും തീർന്നെന്നാണു് പലരുടേയും വിചാരം. അതു് തികഞ്ഞ ഒരു കലയാണെന്നു കരുതുന്നവരുമുണ്ടു്. പക്ഷേ, ഫ്റാങ്കു റോത്തി ഈ ഗണത്തിൽപ്പെട്ട ആളല്ലായിരുന്നു. അയാളുടെ ബാങ്കു പൊളിഞ്ഞു; വലിയ കടത്തിലുമായി. പക്ഷേ അവസാനത്തെ ചില്ലിപോലും അദ്ദേഹം കൊടുത്തുതീർത്തു.

1882-ൽ, ഇററലിയിലെ, കലാബ്രിയാ എന്ന സ്ഥലത്താണു ഫ്റാങ്കുറോത്തി ജനിച്ചതു്. പതിന്നാലുവയസ്സുള്ളപ്പോൾ, അദ്ദേഹം സ്വന്തനാടുവിട്ടു അമേരിക്കയിലേക്കു പോയി, വല്ലതും സമ്പാദിക്കാൻ. ചിക്കാഗോയിലെ ഒരു കശാപ്പുകടയിൽ ഫ്റാങ്കിനു് ഒരു ജോലി കിട്ടി. സൗമ്യനും, ശാന്തശീലനുമായിരുന്ന അദ്ദേഹം കുറഞ്ഞനാൾകൊണ്ടു് അനേകം സ്നേഹിതന്മാരെ സമ്പാദിച്ചു. ആ നാട്ടിൽ കുടിയേറിപ്പാർത്തിരുന്ന ഇററാല്യക്കാർ ഫ്റാങ്കിൻെറ കടയിലെ പതിവുകാരായി. ഫ്റാങ്കുമായിട്ടുള്ള ഇടപാടു അവർ ഇഷ്ടപ്പെട്ടു. അതിനു പല കാരണങ്ങളുമുണ്ടായിരുന്നു. ഫ്റാങ്കു കരിഞ്ചന്തക്കാരനല്ലായിരുന്നെന്നു് അവർക്കെല്ലാം പരമബോദ്ധ്യമായിരുന്നു. കള്ളക്കണക്കും, കള്ളത്തൂക്കവും ഫ്റാങ്കിൻെറ അയൽപക്കത്തുകൂടെ പോയിട്ടില്ല. പിന്നെ, ഫ്റാങ്കു, അവരുടെ സുഖദുഃഖങ്ങളെപ്പററി താല്പര്യത്തോടുകൂടി അന്വേഷിക്കും. അവരുടെ ദുഃഖം ഫ്റാങ്കിൻെറ ദുഃഖവും, അവരുടെ സന്തോഷം ഫ്റാങ്കിൻെറ സന്തോഷവും. ഇങ്ങനെയുള്ള മനുഷ്യനെ ആരാണു് ഇഷ്ടപ്പെടാത്തതു്. ഇവിടെ വച്ചാണു് ലൂയിസുമായി അയാൾ പരിചയപ്പെട്ടതു്. കാലവിളംബമെന്യേ അവർ ദമ്പതിമാരായിത്തീരുകയും ചെയ്തു.

ഫ്റാങ്കു കൂടുതൽ ഉത്സാഹത്തോടുകൂടി ജോലിചെയ്തുതുടങ്ങി. അയാൾ ഗൃഹസ്ഥാശ്രമിയായിത്തീർന്നില്ലേ? കുറച്ചു കാലംകൊണ്ടു് ഒരു നല്ല വരുമാനം അയാൾക്കു ലഭിച്ചു. അതുകൊണ്ടു ഒരു ബാങ്കു തുടങ്ങി. ബാങ്കു തുറന്നദിവസംതന്നെ ഒരു നല്ലസംഖ്യ നിക്ഷേപമായി ലഭിച്ചു. പണമുണ്ടാകുമ്പോൾ ആൾമാററമുണ്ടാകുന്ന ഒരു പതിവു ലോകത്തിലുണ്ടു്. "ബഹുമാനിയാം ഞാനേവരേയും തൃണവൽ" എന്ന ഭാവത്തിലായിരിക്കും ഇക്കൂട്ടരുടെ പിന്നത്തെ നടപ്പും മററുള്ളവരോടുള്ള പെരുമാററവും. പക്ഷേ ഫ്റാങ്കിൽ, ഈ "ആൾമാററ"മുണ്ടായില്ല. അയാൾ പണ്ടത്തെ ഫ്റാങ്കുതന്നെ.

പണക്കൊഴുപ്പു് അഹങ്കാരമാകുന്ന ദുർമ്മേദസ്സു അയാളിൽ സൃഷ്ടിച്ചില്ല. സുഖസൗകര്യാദികൾ ഭാഗ്യഹീനരുടെ കഷ്ടപ്പാടുകളെ വിസ്മരിക്കുന്നതിനു് പ്രേരകങ്ങളുമായില്ല. മറിച്ചു, കഷ്ടപ്പെടുന്നവരുടെ കഷ്ടപ്പാടുകളെ ആവുംവിധം കുറയ്ക്കുന്നതിനു് അദ്ദേഹം തൻെറ കഴിവുകളെ വിനിയോഗിച്ചു. മുപ്പത്തൊന്നു വർഷക്കാലം അദ്ദേഹം നിരന്തരമായി ആശുപത്രികളിലെ രോഗികളേയും, തടങ്കൽപ്പുരയിലെ തടവുപുള്ളികളേയും ചെന്നു കണ്ടു് ആശ്വസിപ്പിച്ചിരുന്നു. ഇപ്രകാരം എല്ലാവർക്കും നന്മ ചെയ്തുകൊണ്ടു് നല്ലവനായി ജീവിച്ച ഫ്റാങ്കിൻെറ നല്ലകാലം 1915 ഫെബ്രുവരിയോടുകൂടി തീർന്നു,— അല്ല, തുടങ്ങി. പക്ഷേ, അതു നല്ലകാലമാണെന്നു കാണാനുള്ള കണ്ണുകളുടെ എണ്ണം കുറയും. അതെങ്ങനേയുമിരിക്കട്ടെ.

1915-ഫെബ്രുവരി 17-ാം തീയതി രാത്രി കൊള്ളക്കാരായ കള്ളന്മാർ ഫ്റാങ്കിൻെറ ബാങ്കു കുത്തിത്തുറന്നു. പണമായിത്തന്നെ ഒരു വലിയ സംഖ്യയും തട്ടിക്കൊണ്ടുപോയി. നേരം വെളുക്കാനിരുന്നു ആളുകൾ അവരുടെ നിക്ഷേപങ്ങൾ പിൻവലിക്കാൻ. അന്നത്തെ പ്രഭാതത്തിൽ ബാങ്കിൻെറ മുമ്പിൽ തടിച്ചുകൂടിയ ജനതയുടെ മുഖങ്ങളിൽ വിവിധങ്ങളായ വികാരങ്ങളുടെ അലതല്ലൽ ദൃശ്യമായിരുന്നു. ചിലർ തന്നത്താൻ ശപിച്ചു; മററു ചിലർ ബാങ്കിനേയും, ബാങ്കറേയും ശപിച്ചു. കൊള്ളക്കാരെ ആ ബഹളത്തിൽ ആരും ഓർത്തുമില്ല. ചുരുക്കം ചിലർ ഫ്റാങ്കിൻെറ സങ്കടകരമായ പരിതസ്ഥിതിയോർത്തു സങ്കടപ്പെട്ടു. ഭൂരിപക്ഷത്തിൻെറ ദൃഷ്ടിയിൽ അന്നേവരെ കൊള്ളാവുന്നവനായിരുന്ന ഫ്റാങ്കു് തള്ളപ്പെടേണ്ടവനായിത്തീർന്നു.

തന്നെ വിശ്വസിച്ചും സ്നേഹിച്ചും അന്നോളം കഴിഞ്ഞുകൂടിയ ആ ജനങ്ങളുടെ പ്രതികൂലവികാരവീചികൾ തൻെറ ഹൃദയഭിത്തിയിൽ ആഞ്ഞടിച്ചപ്പോൾ ഫ്റാങ്കു് യഥാർത്ഥത്തിൽ സങ്കടസാഗരത്തിൻെറ അടിത്തട്ടു കാണുകതന്നെ ചെയ്തു. പ്രക്ഷുബ്ധരായ ജനങ്ങളിൽനിന്നു കയ്യേററമുണ്ടായെങ്കിലോ എന്നു ഭയന്നു ചില സ്നേഹിതന്മാർ അദ്ദേഹത്തെ ഉപദേശിച്ചു പുറവാതിലിലൂടെ കടന്നു രക്ഷപെട്ടുകൊള്ളുന്നതിനു്. പക്ഷേ അദ്ദേഹം അതിനു സമ്മതിച്ചില്ല. "ഞാൻ നിർദ്ദോഷി ആയിരിക്കെ എന്തിനു ഓടിപ്പോകുന്നു" എന്നാണു് അദ്ദേഹം അവരോടു ചോദിച്ചതു്. മാത്രമല്ല, അദ്ദേഹം മുമ്പോട്ടുവന്നു ആ ജനക്കൂട്ടത്തോടു പറഞ്ഞു: "സ്നേഹിതന്മാരേ, ഞാൻമൂലം നിങ്ങൾക്കിങ്ങനെ ഒരാപത്തു വന്നതിൽ ഞാൻ അതിയായി ദുഃഖിക്കുന്നു. നിങ്ങൾക്കു തരുന്നതിനു് എൻെറ കൈയിൽ ഇപ്പോൾ പണമില്ല. എന്നാൽ എനിക്കു കുറെ സമയം തരിക. സകലതും ഞാൻ തന്നുതീർത്തുകൊള്ളാം. എനിക്കു ഒന്നുമില്ല; നാലു കുഞ്ഞുങ്ങളെ സംരക്ഷിക്കേണ്ടതായിട്ടുമുണ്ടു്. ഒന്നാമതായി ഞാൻ അവരെ നോക്കണമല്ലോ. ഞാൻ എൻെറ വാക്കുതരുന്നു. എല്ലാവരുടേയും പണം ഞാൻ തിരികെ തന്നുകൊള്ളാം."

1916-ഡിസംബർ 4-ാം തീയതി ബാങ്കു പൊളിഞ്ഞതായി കോടതി പ്രഖ്യാപനം ചെയ്തു. ഫ്റാങ്കിനു "പാപ്പർ"ചീട്ടും കൊടുത്തു.

ഫ്റാങ്കു വീണ്ടും പഴയ ലാവണത്തിൽ—കശാപ്പുകടയിൽ—പ്രതിവാരം 9 ഡോളർ ശമ്പളത്തിൽ ജോലിയിൽ പ്രവേശിച്ചു. രണ്ടുമുതൽ പന്ത്രണ്ടുവരെ പ്രായമുള്ള ആറു കുഞ്ഞുങ്ങളെയാണു് ഈ തുച്ഛമായ സംഖ്യകൊണ്ടു് അദ്ദേഹത്തിനു് പുലർത്താനുണ്ടായിരുന്നതു്. 1919-ൽ അദ്ദേഹത്തിൻെറ ആലംബവും സഹായിയുമായിരുന്ന സഹധർമ്മിണിയും ചരമമടഞ്ഞു. ബാങ്കു പൊളിഞ്ഞു 10 കൊല്ലത്തിനുശേഷം 300-ഡോളറോളം മിച്ചംവയ്ക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ഈ തുകകൊണ്ടു് ഒരു ചില്ലറ വ്യാപാരം തുടങ്ങി. അതു ക്രമേണ അഭിവൃദ്ധിപ്പെട്ടു് ഒന്നു രണ്ടു ബ്രാഞ്ചുകളുമായി. നല്ലകാലം വന്നപ്പോൾ നിയമപ്രകാരം സകലഋണബാദ്ധ്യതകളിൽനിന്നും താൻ മോചിതനാണെന്നുള്ള മനോഭാവമല്ല അദ്ദേഹം കൈക്കൊണ്ടതു്. ഏററവും വലിയ ആവശ്യക്കാർ തുടങ്ങി അദ്ദേഹം കടങ്ങൾ കുറേശ്ശെ വീട്ടിത്തുടങ്ങി. വലിയ കുടുംബഭാരമുണ്ടായിരുന്ന ഒരു വിധവയ്ക്കു 231 ഡോളർ അഞ്ചുതവണയായി അദ്ദേഹം കൊടുത്തുതീർത്തു. കടയിൽനിന്നു പലപ്പോഴും അവർക്കാവശ്യമായ സാമാനങ്ങൾ വിലകൂടാതെയും കൊടുത്തിരുന്നു. ഒരിക്കൽ ഒരു വിധവയും അവളുടെ മൂത്ത മകനുംകൂടി സാമാനം വാങ്ങിക്കാൻ വന്നു. സാമാനം വാങ്ങിക്കഴിഞ്ഞപ്പോൾ വിധവയുടെ പുത്രൻ കത്തി നിവർത്തിക്കൊണ്ടു് 300 ഡോളറിനുള്ള പ്രോമിസറിനോട്ടിൽ അദ്ദേഹത്തെക്കൊണ്ടു ബലമായി ഒപ്പിടുവിച്ചു. ഏതാനും ആഴ്ചകൾകഴിഞ്ഞു അയാൾ ആ സംഖ്യക്കു് കേസു കൊടുക്കുകയും ചെയ്തു. കേസു തള്ളപ്പെട്ടെന്നു മാത്രമല്ല, വാദി പ്രതിയാകുമെന്നുള്ള മട്ടുമായി. ഈ അവസരത്തിൽ സാക്ഷാത്തായ ക്രിസ്തീയചൈതന്യത്തോടുകൂടി ഫ്റാങ്കു് തൻെറ എതിരാളിക്കുവേണ്ടി ഇടനിലപറഞ്ഞു അയാളെ രക്ഷിച്ചു. അതുകൊണ്ടുമായില്ല. ഇരുപതു കൊല്ലം തുടർച്ചയായി 10 ഡോളർ വീതം ആ വിധവയ്ക്കും മകനും അയച്ചുകൊടുക്കയും ചെയ്തു. ഈ കടംവീട്ടലെല്ലാം സുഭിക്ഷതയുടെ സുരക്ഷിതത്വത്തിൽ നിന്നല്ലായിരുന്നെന്നുള്ളതു് പ്രത്യേകം അനുസ്മരിക്കേണ്ടതാണു്.

1938-ൽ പലക്കുമായി 10,000 ഡോളറോളം കൊടുക്കുവാനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഏററം ഇളയ കുട്ടിക്കു് 21-വയസ്സു പൂർത്തിയുമായി. ദീർഘകാലമായി, സന്യാസജീവിതം അവലംബിക്കണമെന്നുണ്ടായിരുന്ന ആഗ്രഹം ഈ അവസരത്തിൽ പൂർവ്വാധികം ശക്തിപ്രാപിച്ചു. മക്കളെല്ലാം പ്രായപൂർത്തിയിലെത്തിയിരുന്നതുകൊണ്ടു് അതു് എളുപ്പവുമായിരുന്നു. തൻെറ കാറും വീടും മക്കൾക്കു് നൽകിക്കൊണ്ടു അദ്ദേഹം പറഞ്ഞു: "എൻെറ ജീവിതശിഷ്ടത്തെ പരിപൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുവാൻവേണ്ടി ഏതെങ്കിലും സന്യാസസഭയിൽ പ്രവേശിക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കയാണു്. ഇനിയും പലരുടേയും കടം വീട്ടാനുണ്ടു്. ദൈവത്തിനു് അസാധ്യമായി യാതൊന്നുമില്ലല്ലോ. കടം വീട്ടണമെന്നാണു് ദൈവതിരുമനസ്സെങ്കിൽ അതിനുള്ള വഴിയും ദൈവം കാണിച്ചുതരും."

ലോകത്തെ പിന്നിലിട്ടുകൊണ്ടു തിരുഹൃദയസെമിനാരിക്കാരുടെ സന്യാസസഭയിൽ അദ്ദേഹം ഒരു സഹോദരനായി ചേർന്നു. സേവനം തൻെറ മുദ്രാവാക്യമാക്കിക്കൊണ്ടു് ആത്മസമാധാനത്തിൽ സന്തോഷത്തോടുകൂടി ജീവിക്കുന്നു.

1940-ൽ അദ്ദേഹത്തിൻെറ മക്കൾ വീടും സാമാനങ്ങളും വിററുകിട്ടിയ സംഖ്യ കടംവീട്ടുന്നതിനു് ബ്രദർ ഫ്റാൻസിസിൻെറ പേർക്കയച്ചു. മേലധികാരികളുടെ നിർദ്ദേശപ്രകാരം ആ തുക മക്കളുടെ പേരിൽ, അദ്ദേഹം നിക്ഷേപിച്ചു. ആറുകൊല്ലംകൊണ്ടു് കടബാദ്ധ്യതകളെല്ലാം തീർക്കത്തക്ക ഒരു വലിയ സംഖ്യ ലഭിക്കുകയും ചെയ്തു കുടുംബാംഗങ്ങളെല്ലാം പ്രസ്തുതപണം കടംവീട്ടുന്നതിനു് ഉപയോഗിക്കണമെന്നു തീരുമാനിച്ചു.

ഇതിനകം പലരും മരിച്ചുപോയിരുന്നതിനാലും, മററുപലരും ദൂരദേശങ്ങളിലേക്കു മാറിത്താമസിച്ചിരുന്നതിനാലും കടക്കാരെയെല്ലാം കണ്ടുപിടിക്കുക വളരെ ക്ലേശകരമായിരുന്നു. ചിക്കാഗോയിലെ പത്രം ഈ വിവരം പ്രസിദ്ധപ്പെടുത്തി; അടുത്തദിവസം അസോസിയേററഡ് പ്രസ്സുകാർ ഈ വാർത്ത അമേരിക്കയിലെ സകല പത്രങ്ങൾക്കും നൽകി. റേഡിയോ പ്രഭാഷകനായ ജിം ഫെഡ്ലർ റേഡിയോവഴി ഈ വാർത്ത വിതരണം ചെയ്തു.

ഒന്നിനുപുറകെ ഒന്നായി പലസ്ഥലത്തുനിന്നും കടക്കാരുടെ ലിസ്ററുകൾ വന്നുതുടങ്ങി. 1946-ലെ ക്രിസ്മസ്സിനു് അറിയപ്പെട്ട കടക്കാർക്കെല്ലാവർക്കും റോത്തികുടുംബത്തിൻെറ മംഗളാശംസാസഹിതം ഓരോ ചെക്കു ലഭിച്ചു. 1948-മാർച്ചു് 1-ാം തീയതിയോടുകൂടി അവസാനത്തെ കടക്കാരനെയും കണ്ടുപിടിച്ചു കടബാദ്ധ്യത തീർത്തു.

അങ്ങനെ മുപ്പത്തിമൂന്നു കൊല്ലംകൊണ്ടു് 1915-ൽ പറഞ്ഞവാക്കു് അദ്ദേഹം അക്ഷരംപ്രതി പാലിച്ചു. കടമെല്ലാം വീട്ടിയതിൻെറശേഷം ഒരു വലിയ സംഖ്യ ശേഷിച്ചു. സ്വന്തം ആവശ്യത്തിനായി അതിൽ ഒരുകാശുപോലും എടുക്കരുതെന്ന കുടുംബാംഗങ്ങളുടെ തീരുമാനത്തെത്തുടർന്നു "റോത്തിസ്മാരകനിധി" എന്ന പേരിൽ ആ വൻതുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടു്. ഈ നിധി സാധുകുടുംബങ്ങളുടെ സംരക്ഷണത്തിനും, ദരിദ്രരായ വൈദികവിദ്യാർത്ഥികളുടെ പഠനച്ചെലവിനും, ഇററാലിയൻ ദേശീയർക്കുവേണ്ടിയുള്ള വൃദ്ധമന്ദിരനടത്തിപ്പിനുമായി നീക്കിവച്ചിരിക്കയാണു്.

—

ല്ലല്ലോ. ഗോഡ്സേയും അയാളെ പ്രേരിപ്പിച്ചവരും ഈ തത്വത്താൽ നയിക്കപ്പെട്ടുവെന്നു് വിചാരിക്കരുതോ?

കഠോപനിഷത്തിൽ ദേഹിയേയും ദേഹത്തേയും കുറിച്ചുള്ള തത്വവാദങ്ങളുടെകൂടെ "തസ്മാദ് യുദ്ധ്യസ്വ" എന്നു പറഞ്ഞിട്ടില്ലാത്തതുകൊണ്ടു ഗീതയിലെ ഈ ഉപദേശം നിരാകൃതമായിത്തീരുന്നതെങ്ങനെയെന്നും എനിക്കു മനസ്സിലാകുന്നില്ല. യുദ്ധത്തിനുവേണ്ട വലിയ സന്നാഹങ്ങളെല്ലാം കൂട്ടിക്കൊണ്ടു പോർക്കളത്തിൽ ചെന്നിട്ടു ഹിംസാഭയംകൊണ്ടു താൻ യുദ്ധംചെയ്കയില്ല എന്നു പറഞ്ഞു വില്ലും താഴെവച്ചു തേരിൽ അർജ്ജുനൻ ഇരിപ്പായി. ഇതു വലിയ ഒരു വിപത്സമയമല്ലേ? അർജ്ജുനനെ വിജയത്തിലേക്കു നയിക്കുവാൻ സന്നദ്ധനായി കുതിരകളുടെ കടിഞ്ഞാണും പിടിച്ചുകൊണ്ടു നിൽക്കുന്ന പാർത്ഥസാരഥിയായ ശ്രീകൃഷ്ണൻ ഈ ഘട്ടത്തിൽ എന്താണു ചെയ്യേണ്ടതു്? അർജ്ജുനൻ തൻെറ അഹിംസാവാദവുംകൊണ്ടു പോർക്കളത്തിൽനിന്നു പിൻതിരിഞ്ഞാൽ കാര്യമെല്ലാം കുഴപ്പത്തിലാവും. ദേഹദേഹികളുടെ തത്വങ്ങളെ ശ്രീകൃഷ്ണൻ അനുസ്മരിക്കുന്നു. കഠോപനിഷത്തിലെ തത്വവാദങ്ങൾതന്നെയാണു ശ്രീകൃഷ്ണൻെറ ഓർമ്മയിൽ വന്നതെന്നു നമുക്കു സങ്കല്പിക്കാം. ദേഹം വിനാശി, നശ്വരം, നിസ്സാരം. ദേഹി അവിനാശി, സർവ്വപ്രധാനം. ഈ തത്വവാദങ്ങളിൽനിന്നനുമേയമായ ഒരു കാര്യം കഠോപനിഷത്തു പറയുന്നില്ല. അതു ശ്രീകൃഷ്ണൻ പ്രകടമാക്കുന്നു. നിസ്സാരമായ ദേഹത്തെ വധിക്കുക. വായുപൂർണ്ണമായ ഒരു കുടം തല്ലിപ്പൊട്ടിക്കുന്നതിൽ കൂടുതലായ അധർമ്മം ദേഹത്തിൻെറ വധത്തിലില്ല. വായു കുടത്തിൽസ്ഥിതിചെയ്യുന്നതുപോലെയല്ലേ ദേഹി ദേഹത്തിൽ സ്ഥിതിചെയ്യുന്നതു്? കുടം പൊട്ടിച്ചാൽ വായുവിനെന്തു്? അതുപോലെതന്നെ ദേഹത്തെ വധിച്ചാൽ ദേഹിക്കെന്തു്?

കഠോപനിഷത്തിനു വിരുദ്ധമല്ല, അതിൻെറ ഒരു പൂരണമാണു്, ശ്രീകൃഷ്ണൻെറ ഉപദേശമെന്നു എനിക്കു തോന്നുന്നു.

## പുതിയ ബസിലിക്ക

ജറുസലത്തു് ഈശോയുടെ തിരുക്കല്ലറയ്ക്കു സമീപം ഒരു പുതിയ ബസിലിക്ക പണിയുന്നതിനുള്ള പദ്ധതി ഫ്റൻസിസ്കൻ വൈദികർ പരിശുദ്ധ പിതാവിനു സമർപ്പിച്ചിരിക്കുന്നു. 4-ാം നൂററാണ്ടിൽ, കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ മാതാവായിരുന്ന വി. ഹെലേന പണികഴിപ്പിച്ച ദേവാലയത്തിൻെറ മാതൃകയിൽത്തന്നെ പുതിയ ദേവാലയവും പണിചെയ്യുന്നതിനാണുദ്ദേശിച്ചിരിക്കുന്നതു്. ഇപ്പോഴുള്ള ദേവാലയത്തിനു് ഭൂകമ്പവും അഗ്നിബാധയും മററും നിമിത്തം പല കേടുപാടുകളും ഭവിച്ചിട്ടുണ്ടു്.

ചെറുകഥ

# കുഞ്ഞന്നാമ്മയുടെനേരെ

(ജെ. പി. ആനന്ദഭവൻ)

മത്തായിച്ചൻ പ്രഭാതപത്രവും വായിച്ചുകൊണ്ടു ഭക്ഷണമേശയ്ക്കരികിൽ കസേരയിലിരിക്കുകയാണു്. സാറാമ്മ കാപ്പി മേശപ്പുറത്തു കൊണ്ടുവച്ചിട്ടു് വല്ലായ്മയോടുകൂടി പറഞ്ഞു:- "എനിക്കിതു സഹിക്കാൻ നിവൃത്തിയില്ല. ഞാൻ പകരംവീട്ടുകതന്നെ ചെയ്യും." അവൾക്കു കലികൊള്ളുകയാണു്. "ആ കുഞ്ഞന്നാമ്മയെ ഞാൻ പഠിപ്പിച്ചേക്കാം. കുഞ്ഞന്നാമ്മ! കൊഞ്ഞന്നാമ്മ!! കിറുക്കി!!"

മത്തായിച്ചൻ പത്രം മടക്കി മേശപ്പുറത്തിട്ടു. "രാവിലെ എന്താണിങ്ങനെ തുടങ്ങാൻ? ഉം—എന്തു സംഭവിച്ചു?" ഭാര്യയെ നോക്കി പുഞ്ചിരിതൂകിക്കൊണ്ടു സാവധാനത്തിൽ അയാൾ ചോദിച്ചു.

"എന്തുസംഭവിച്ചെന്നോ?" അവളുടെ നീലനയനങ്ങൾ ജ്വലിച്ചുതിളങ്ങി. കവിൾത്തടം തുടുത്തു. "അവൾ—ആ കുഞ്ഞന്നാമ്മ—ഒരു കാപ്പിസൽക്കാരം നടത്തി; അവളുടെ ഒരു മകളുണ്ടല്ലോ, ഒരു വകയ്ക്കു കൊള്ളാത്ത മങ്കൂസ്! അതിന്റെ പിറന്നാളിനു്. അയൽപക്കത്തുള്ള എല്ലാ കുട്ടികളെയും ക്ഷണിച്ചിരുന്നു, നമ്മുടെ മോളിക്കുട്ടിയെ ഒഴിച്ചു്. അതത്ര കാര്യമാക്കണ്ടാ എന്നാണോ നിങ്ങളുടെ അഭിപ്രായം? അഞ്ചോ ആറോ വയസ്സേ ഉള്ളൂ എങ്കിലും മോളിക്കുട്ടിക്കു് അതിൽ വിഷമം തോന്നുകില്ലെന്നോ? അയൽവീട്ടിൽ നടക്കുന്ന സൽക്കാരബഹളം കാണാതിരിക്കാൻ ഞാൻ കുഞ്ഞിനെയുംകൊണ്ടു കുളിക്കാൻ പൊയ്ക്കളകയാണു ചെയ്തതു്. കുഞ്ഞന്നാമ്മ എന്നോടിങ്ങനെതന്നെ ചെയ്യണം, ഞാൻ ചെയ്തിട്ടുള്ള ഉപകാരങ്ങൾക്കു്." സാറാമ്മയ്ക്കു കരച്ചിൽവന്നു. കണ്ണുനീർ ഒഴുകിത്തുടങ്ങിയതു് അവൾ സാരിത്തുമ്പുകൊണ്ടു തുടച്ചു.

മത്തായിച്ചൻ പത്രം വീണ്ടും കൈയിലെടുത്തുകൊണ്ടു തമാശരൂപത്തിൽ ചോദിച്ചു:- "എന്താണു് കുഞ്ഞന്നാമ്മയ്ക്കു സാറാമ്മ ചെയ്ത ഉപകാരം?"

സാറാമ്മ പരുഷസ്വരത്തിൽ പറഞ്ഞു:- "എന്തുപകാരമെന്നോ? അവളുടെ മകൾക്കു സുഖമില്ലാതെ കിടന്നപ്പോൾ ഉറക്കമിളച്ചു കാത്തിരുന്നതു ഞാനല്ലേ? നല്ല കറികളും മററും ഉണ്ടാക്കാൻ അവൾക്കു കാണിച്ചുകൊടുത്തതാരാണു്? ആ അസത്തിനു് ഒന്നുമറിഞ്ഞുകൂടായിരുന്നു."

"എനിക്കു തോന്നുന്നു, കുഞ്ഞന്നാമ്മ ഒന്നാംതരം കറികളൊക്കെ തയാറാക്കുമെന്നു്. നല്ല തുന്നൽപ്പണികളുമറിയാം. വീടും മററും എന്തുകൊണ്ടും മുറയുമാക്കി വയ്ക്കുമെന്നോ?" മത്തായിച്ചൻ ഭാര്യയുടെ അഭിപ്രായം ഖണ്ഡിക്കാൻ സൂത്രത്തിൽ തട്ടിവിട്ടു.

"ഉം ങും—! അവൾക്കറിയാം!! മക്കളുമായി ആടിപ്പാടി നടക്കാനല്ലാതെ ഒരു ചുക്കുമറിഞ്ഞുകൂടാ. മുമ്പു് അവളുടെ തയ്യലൊന്നും വെളിയിൽ കാണിക്കാൻ കൊള്ളുകില്ലായിരുന്നു." സാറാമ്മ എതിർത്തുപറഞ്ഞു.

മത്തായിച്ചൻ എഴുന്നേററു മുറിയിൽ ഉലാത്തിക്കൊണ്ടു പറഞ്ഞു:- "ഓ! ഞാനോർക്കുന്നു; സാറാമ്മയ്ക്കു് അവൾ വളരെ ഉപകാരങ്ങൾ ചെയ്തിട്ടുള്ളതായി. അളിയനു സുഖമില്ലാതെ വിഷമിച്ചിരിക്കുമ്പോൾ അവർ സ്വന്തം ജഡ്ക്കാവണ്ടി കൊണ്ടുവന്നു കേററിക്കൊണ്ടു പോയില്ലേ? സാറാമ്മയെ തുന്നൽ പഠിപ്പിക്കാൻ എത്ര ദിവസമാണു് വന്നു ബുദ്ധിമുട്ടിയതു്. അതു സാറാമ്മ പഠിക്കാഞ്ഞതു് അവരുടെ കുററമാണോ?"

"ഹോ! അതെന്നു നടന്നകാര്യം. അതൊക്കെ പഴങ്കഥകളല്ലേ?" നിസ്സാരമെന്നഭാവത്തിൽ അവൾ പറഞ്ഞുതീർത്തു. "പക്ഷേ, കാപ്പിസൽക്കാരം ഇന്നലെയായിരുന്നു."

"കഴിഞ്ഞ തിങ്കളാഴ്ചയായിരുന്നല്ലോ, മോളിക്കുട്ടി കുഞ്ഞന്നാമ്മയുടെ മകളെ കല്ലെടുത്തെറിഞ്ഞതു്! ആ കുട്ടിയുടെ തലപൊട്ടി ചോരയൊലിച്ചു."

"അതാണോ? അതു കുട്ടികൾ കളിച്ചുകൊണ്ടു നിന്നപ്പോൾ അറിയാതെ പററിയതല്ലേ? അതിലിത്ര കാര്യമാക്കാനെന്തുണ്ടു്?"

"അങ്ങനെ നമ്മുടെ കുസൃതിക്കുട്ടിക്കു്—മോളിക്കുട്ടിക്കു്—ഒരു തോന്നൽ, ആരെയും തല്ലാനും കല്ലെറിയാനും നാം അവളെ അനുവദിച്ചിട്ടുണ്ടെന്നു്... ... ... കുഞ്ഞിനു മുമ്പൊരു വീഴ്ചയിൽ കാലിനു് അല്പം തരക്കേടു പററിയതുമുതൽ അവളെ ക്രമത്തിലധികം ലാളിച്ചു തുടങ്ങിയില്ലേ? ആ പെരുമാററംകൊണ്ടു്, നല്ല സുഖമായിട്ടും, എന്തോ തരക്കേടുണ്ടെന്നു് ആ കുഞ്ഞിനുതന്നെ തോന്നിപ്പോകുന്നു." മത്തായിച്ചൻ ശാസനാരൂപത്തിലാണെങ്കിലും ശാന്തത കൈവിടാതെ പറഞ്ഞു.

"എന്താണീപ്പറയുന്നതു്?" അവൾ അക്ഷമയായി ചോദിച്ചു.

"ഇടയ്ക്കുകേറിപ്പറയരുതു്. സാറാമ്മതന്നെയാണു് കുഞ്ഞിനെ വഷളാക്കിയതു്. ഞാൻ ഏറെനാളുകളായി ഇതു ശ്രദ്ധിക്കയാണു്. നമ്മെ ഇപ്പോൾ ഒരു കൂട്ടത്തിലും ക്ഷണിക്കാറില്ല. എന്തുകൊണ്ടാണു്? അമ്മയ്ക്കു് എല്ലായിടത്തും മകളെ കൊണ്ടുപോകണം. മകളോ? ചെന്നാൽ വെറുതെയിരിക്കുമോ? അവളുടെ പ്രായക്കാരെ കണ്ടാലുടനെ ശണ്ഠകൂടുകയായി. അവരെ ഉപദ്രവിക്കയും, കൈയിൽ വല്ലതുമിരിക്കുന്നെങ്കിൽ അതു പിടിച്ചുപറിച്ചു നശിപ്പിക്കയും ചെയ്യും. മോളിക്കുട്ടി ആൾ ചെറുതാണെങ്കിലും നല്ല കരുത്തുണ്ടു്. മററു കുട്ടികൾക്കെല്ലാം അവളെ പേടിയാണു്. സാറാമ്മ എപ്പോഴും കുററമെല്ലാം അന്യരുടെ തലയിൽ കെട്ടിവയ്ക്കുന്നു. സാറാമ്മേ, താമസിച്ചുപോയി, എങ്കിലും കുഞ്ഞിനെ ഇതിൽനിന്നും പിൻതിരിക്കാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. ലാളന അല്പം കുറയ്ക്കണം. തെററുവല്ലതും കണ്ടാൽ ആദ്യമാദ്യം ഭയപ്പെടുത്തണം. തീരെ നിവൃത്തിയില്ലാതെവന്നാൽ ചെറിയ അടിയും കൊടുക്കണം. അതുകൊണ്ടു കുഞ്ഞിനൊന്നും വരാൻ പോകുന്നില്ല. അതു ഗുണത്തിലേ കലാശിക്കൂ."

സാറാമ്മയുടെ താടി വിറച്ചു. മുഖം ചുവന്നു. കണ്ണുകൾ വികസിച്ചു. ശ്വാസോച്ഛ്വാസം ദ്രുതഗതിയിലായി. മത്തായിച്ചൻ എന്താണു് പറയുന്നതു്? അയാൾ ഇതേവരെ തന്നോടു വഴക്കു പറഞ്ഞിട്ടില്ല. ഇപ്പോൾ എത്ര ധൈര്യത്തോടുകൂടി തന്നെ അധിക്ഷേപിക്കുന്നു! താൻ യാതൊന്നും ചെയ്തിട്ടില്ല അയാൾ അറിയാതെ! ഒന്നുംതന്നെ! അവൾ പല്ലുകടിച്ചുകൊണ്ടു ചീറി:- "ഇറങ്ങിപ്പോകൂ, വെളിയിൽ! നിങ്ങൾ എന്റെ മുമ്പിൽ നില്ക്കരുതു്!!"

പത്രം മേശപ്പുറത്തു വീണു. മുൻവശത്തെ കതകു മുഴക്കത്തോടുകൂടി അടയ്ക്കപ്പെട്ടു. പടിയിറങ്ങി വെളിയിലെത്തുന്ന ഒരു കാൽപ്പെരുമാററം അവിടമെങ്ങും മാറെറാലിക്കൊണ്ടു; മഞ്ഞുകാലത്തു് അതിരാവിലെയുള്ള ആ തണുപ്പിൽ!

സാറാമ്മയുടെ മുഷ്ടികൾ അയഞ്ഞു. മുഖത്തെ അരുണിമ മാഞ്ഞു. കണ്ണുകൾ സങ്കോചിച്ചു. അവൾ ആകെ സ്തംഭിച്ചു. മത്തായിച്ചൻ തന്നോടു് ഒരക്ഷരം മിണ്ടാതെ ഇറങ്ങിപ്പോയിരിക്കുന്നു! തന്നെ സാന്ത്വനപ്പെടുത്താൻ യാതൊരു ശ്രമവും അയാൾ ചെയ്തില്ല! പതിവില്ലാത്തമാതിരി മോളിക്കുട്ടിയെ എന്തെല്ലാം ശകാരിച്ചു! കുററമെല്ലാം തന്റെ തലയിൽ കെട്ടിവയ്ക്കുകയും ചെയ്തിരിക്കുന്നു!!.........സാറാമ്മ കൈയിൽ തലയും താങ്ങി ഏങ്ങിയേങ്ങി കരഞ്ഞുകൊണ്ടിരുന്നു. ആരും തന്നെ സ്നേഹിക്കുന്നില്ല; തന്റെ കാര്യം ഗൗനിക്കാനുമാരുമില്ല!

* * *

മററൊരു കാൽപ്പെരുമാററം. കോണിപ്പടിയിൽ ഓരോന്നിലും വളരെ ആയാസത്തോടെ എന്നു തോന്നത്തക്കവണ്ണം കൊഞ്ചിക്കൊഞ്ചി കാൽ വയ്ക്കുന്ന ശബ്ദം. സാറാമ്മ അതു കേട്ട സങ്കടം സഹിക്കവയ്യാതെ ഓടിച്ചെന്നു്, തന്റെ മകളെ താങ്ങിയെടുത്തു് ഇറക്കാൻ ഭാവിച്ചു.

"മകളെ ഞാൻ എടുത്തു് ഇറക്കട്ടെ?"

"ങ്ഹും!" അവൾ കുതറി മാറാൻ ശ്രമിച്ചു. സാറാമ്മ, അതു വകവയ്ക്കാതെ മകളെ എടുത്തു തഴുകിക്കൊണ്ടു ചോദിച്ചു:- "മകളെ കസേരയിൽ കൊണ്ടുചെന്നിരുത്തട്ടേ... ......,"

"വേ......ണ്ടാ......"

"കുഞ്ഞിനു കാപ്പി വേണ്ടയോ?"

"വേ......ണ്ടാ......"

"നല്ല പലഹാരങ്ങളൊക്കെ തരാം."

"വേ......ണ്ടാ......"

"മകൾക്കു പിന്നെ എന്തു വേണം?"

"എനിക്കു മിട്ടായി മതി."

"അയ്യോ രാവിലെ മിഠായി തിന്നുന്നോ? അതു നല്ലതല്ലല്ലോ."

"എനിക്കു മിട്ടായി മാത്രം മതി."

"എന്നാൽ അമ്മ മിഠായി തരാം."

സാറാമ്മ കുഞ്ഞിനു മിഠായി കൊണ്ടുവന്നുകൊടുത്തു.

താൻ കുഞ്ഞിനെ ലാളിച്ചു വഷളാക്കിയെന്നു മത്തായിച്ചൻ പറഞ്ഞതു് അവളുടെ ഓർമ്മയിൽ വന്നു.

മോളിക്കുട്ടി മിഠായിയും തിന്നുകൊണ്ടു് ഇറങ്ങി നടന്നുതുടങ്ങി.

"കുഞ്ഞു് എങ്ങോട്ടാണു് പോകുന്നതു്?" മോളിക്കുട്ടി വാതിലിൽക്കൂടി വെളിയിലിറങ്ങുന്നതുകണ്ടു് സാറാമ്മ ചോദിച്ചു. "ഞാൻ എന്റെ മകൾക്കു തലയിൽ സ്ലൈഡു വച്ചു തരട്ടേ?" സാറാമ്മ ഓടിച്ചെന്നു തലയിൽ സ്ലൈഡു വച്ചുകൊടുത്തു.

"മറിയക്കുട്ടി സ്ലൈഡൊന്നും വയ്ക്കുന്നില്ലമ്മേ." മോളിക്കുട്ടി കൊഞ്ചിപ്പറഞ്ഞു.

"അവൾ വകയ്ക്കുകൊള്ളാത്ത ജന്തുവല്ലേ?" സാറാമ്മ അമർഷം വാക്കുകളിൽ സ്പഷ്ടമാക്കി. "കുഞ്ഞിനു കമ്പിളിയുടുപ്പിട്ടുതരട്ടേ? നല്ല തണുപ്പാണു്."

"എനിക്കൊന്നും വേണ്ടാ." അവൾ നടന്നുതുടങ്ങി.

"കുഞ്ഞേ മറിയക്കുട്ടിയുടെ അടുക്കൽ പോകല്ലേ!" കാപ്പിസൽക്കാരത്തിനു തന്റെ മകളെ ക്ഷണിക്കാഞ്ഞതിലുള്ള പരിഭവം അങ്ങനെ തലയുയർത്തുകയാണു്.........മോളിക്കുട്ടിക്കു് കാലിനിപ്പോൾ തരക്കേടൊന്നുമില്ല. പക്ഷേ, അവൾ കാൽവയ്ക്കുന്ന രീതിയിൽ അല്പം ക്രമക്കേടുണ്ടു്. മത്തായിച്ചൻ പറഞ്ഞതു വാസ്തവം. എന്നാൽ അതിനെക്കാൾ കൂടുതൽ വിഷമമുണ്ടാക്കുന്നു കുഞ്ഞന്നാമ്മയുടെ കാപ്പിസൽക്കാരം. കൊച്ചുമോളിക്കുട്ടിയെ ഒന്നു ക്ഷണിക്കാൻ തോന്നിയില്ലല്ലോ! അന്നുതന്നെ കുഞ്ഞന്നാമ്മയോടു പകരംവീട്ടാൻ സാറാമ്മ തീരുമാനിച്ചു.

അതാ, മറിയക്കുട്ടി അവിടെ തോട്ടത്തിൽ നില്ക്കുന്നു; കുഞ്ഞന്നാമ്മ വീട്ടിലും. സാറാമ്മ ഇവിടെ പാത്രം കഴുകിക്കൊണ്ടിരിക്കുകയാണു്. അവൾ പാത്രങ്ങൾ കൂട്ടിമുട്ടിച്ചു ശബ്ദമുണ്ടാക്കി. അവളുടെ മനോഭാവം അതിൽ മുഴങ്ങിക്കേട്ടു. ജന്നലിൽക്കൂടി കുഞ്ഞന്നാമ്മയുടെ വീട്ടിലേക്കു് അവൾ നോക്കിക്കൊണ്ടുതന്നെ ഇരുന്നു.

"അമ്മേ, ഈ സ്റ്റാമ്പു നല്ലവണ്ണം ഉണങ്ങി. അമ്മ വന്നു നോക്കണം! അമ്മ പറഞ്ഞിട്ടുണ്ടല്ലോ നല്ലവണ്ണം നനച്ചെടുക്കണമെന്നു്! അതുപോലെ എടുത്തു ഞാൻ ഉണക്കിയതാണു്. അമ്മ പറഞ്ഞതുപോലെ എടുത്തതുകൊണ്ടു് ഒരു തരക്കേടും പററിയില്ല." മറിയക്കുട്ടി അമ്മയോടു വിളിച്ചുപറഞ്ഞു.

"ഞാൻ ഇതാ വരുന്നു മകളേ!" കുഞ്ഞന്നാമ്മ ഓടി വരികയാണു്. അടുക്കളയിൽനിന്നിരുന്ന വേഷത്തിൽത്തന്നെ. സാറാമ്മ ഇതുകണ്ടു ചുണ്ടു കോണിച്ചുകാട്ടി. എന്തൊരു വേഷം!

"ഞാൻ സ്റ്റാമ്പു നല്ലവണ്ണം നനയ്ക്കാതെ ഇളക്കിയില്ലമ്മേ. അമ്മ പറഞ്ഞിട്ടുണ്ടല്ലോ അങ്ങനെ ഇളക്കരുതെന്നു്. എന്തമ്മേ, ആ പുസ്തകത്തിലിരിക്കുന്ന കൂട്ടത്തിൽ കൊണ്ടുവയ്ക്കട്ടേ?" മറിയക്കുട്ടി വീണ്ടും അനുവാദം ആരാഞ്ഞു.

"അയ്യേടാ! എന്തൊരു ചന്തം!! കുഞ്ഞന്നാമ്മ! കൊഞ്ഞന്നാമ്മ!!" പാത്രങ്ങൾ വെള്ളത്തിലിട്ടു കൂട്ടിമുട്ടിച്ചുകൊണ്ടു സാറാമ്മ കൊഞ്ഞനംകുത്തി.

"കൊള്ളാം മറിയക്കുട്ടി, നല്ലവണ്ണം ഉണങ്ങി. ഇതു നമ്മുടെ ശെമ്മാശ്ശൻ റോമിൽനിന്നും അയച്ച എഴുത്തിലുണ്ടായിരുന്നതാണു്. സാധാരണ കിട്ടുന്ന സ്റ്റാമ്പല്ല. സൂക്ഷിച്ചുകൊള്ളണേ." കുഞ്ഞന്നാമ്മ പ്രേരണ നല്കി.

"ഓഹോ! ശരിതന്നെ. റദ്ദുചെയ്ത ക്രു സ്റ്റാമ്പിന്റെ മഹത്വം!" സാറാമ്മ പാത്രങ്ങളെല്ലാം കഴുകിത്തീർന്നു. അവളുടെ ദൃഷ്ടികൾ അങ്ങോട്ടുതന്നെ സഞ്ചരിക്കുകയാണു്.........മോളിക്കുട്ടി മറിയക്കുട്ടിയുടെ സ്റ്റാമ്പുകാണാൻ നടന്നെത്തുന്നു.

"ഞാനൊന്നു നോക്കട്ടെ." മോളിക്കുട്ടി സ്റ്റാമ്പിനു കൈനീട്ടി.

മറിയക്കുട്ടി അല്പം സംശയിച്ചിട്ടു് അമ്മയുടെ മുഖത്തു നോക്കി.

"ഓഹോ! കൊടുക്കൂ, നോക്കിക്കോട്ടെ." കുഞ്ഞന്നാമ്മ സമ്മതം നല്കി.

മറിയക്കുട്ടി വൈമനസ്യത്തോടുകൂടി മോളിക്കുട്ടിയുടെനേർക്കു് സ്റ്റാമ്പു നീട്ടി. അവൾ ഉടനെ അതു തട്ടിപ്പറിച്ചു നുള്ളിക്കീറിക്കളഞ്ഞു.

മറിയക്കുട്ടിയുടെ മുഖഭാവം മാറി. കുഞ്ഞന്നാമ്മ തടുക്കുന്നതിനു മുമ്പായി അവൾ മോളിക്കുട്ടിക്കു് ഒരു തള്ളുകൊടുത്തു. മോളിക്കുട്ടി മറിഞ്ഞുവീണു.

ഇതു കണ്ടുനിന്ന സാറാമ്മ പാഞ്ഞെത്തി. "തരക്കേടില്ല. എന്റെ കുഞ്ഞിനെ നിങ്ങളുടെ തടിച്ചിമകളെക്കൊണ്ടു തള്ളിയിടീച്ചു. അല്ലേ?" കെട്ടിനിന്നിരുന്ന വിദ്വേഷം അണപൊട്ടിപ്പാഞ്ഞു. "നിങ്ങളൊരു നല്ല അമ്മതന്നെ. മക്കളെക്കൊണ്ടു കണ്ട പിള്ളേരെ കൊല്ലിക്കാൻ നോക്കുന്നു." സാറാമ്മ മകളെ പിടിച്ചെഴുന്നേല്പിച്ചു. അവൾക്കു് ഒന്നും പററിയിട്ടില്ലായിരുന്നു. എങ്കിലും സാറാമ്മ വഴക്കിനു കാരണം കാത്തിരിക്കയായിരുന്നല്ലോ.

കുഞ്ഞന്നാമ്മയ്ക്കു് അത്ഭുതമാണുണ്ടായതു്. അവൾ ശാന്തത കൈവിടാതെ സ്വന്തം കുട്ടിയോടു പറഞ്ഞു:-"വീട്ടിൽ പൊയ്ക്കൊള്ളൂ കുഞ്ഞേ, ഇവിടെങ്ങും നില്ക്കരുതു്."

മറിയക്കുട്ടി ഉടനെ വീട്ടിലെത്തി.

"സാറാമ്മേ, നിങ്ങളുടെ കുട്ടിയെയും പറഞ്ഞയക്കണം, അപ്പോൾ നമുക്കു രണ്ടുപേർക്കും സംസാരിക്കാം."

"എന്റെ കുഞ്ഞിനെ പോകാൻ പറയാൻ കാരണമൊന്നുമില്ല."

"അവൾ നിങ്ങളെ അനുസരിക്കയില്ല. അതുതന്നെ."

"തീർച്ചയായും അനുസരിക്കും...... മോളിക്കുട്ടീ, എന്റെ കുഞ്ഞു് ഓടി വീട്ടിൽപ്പോകൂ. അമ്മ ഇപ്പോൾ വന്നേക്കാം."

മോളിക്കുട്ടി വിരൽകടിച്ചുകൊണ്ടു നിന്നു:- "ഉം ങ്ഹൂ! ഞാൻ പോകത്തില്ല."

"കണ്ടോ, സാറാമ്മേ!"

"ഞാനൊന്നും കാണുന്നില്ല." സാറാമ്മയുടെ സിരകൾ വിജൃംഭിച്ചു. "എന്റെ കുഞ്ഞിനു കാലിനു സുഖമില്ലാത്തതുകൊണ്ടു് അല്പം ലാളിച്ചുപോയെങ്കിൽ അതു് എന്റെ കാര്യമാണു്."

കുഞ്ഞന്നാമ്മ പറഞ്ഞുതുടങ്ങി: "നിങ്ങളങ്ങനെ ലാളിക്കുന്നതുകൊണ്ടു് ആളുകൾക്കു് അസഹ്യമായിരിക്കുന്നല്ലോ. ആ കുഞ്ഞിനെ വഷളാക്കാമെന്നുതന്നെ തീരുമാനിച്ചോ?......സാറാമ്മയ്ക്കു് എന്നോടു കോപമുണ്ടെന്നു് എനിക്കറിയാം. കാരണം ഇന്നലത്തെ കാപ്പിസൽക്കാരമാണു്. പരമാർത്ഥത്തിൽ എനിക്കതിൽ ഉത്തരവാദിത്വമില്ല. കുട്ടികളെല്ലാം ഇവിടെ വരുന്നതുവരെ ഞാനൊന്നും അറിഞ്ഞിരുന്നില്ല. മറിയക്കുട്ടിയുടെ പിറന്നാളായിരുന്നു ഇന്നലെ. അയല്ക്കാർ കുട്ടികളെല്ലാംകൂടി തയാറാക്കിക്കൊണ്ടുവന്നതാണെല്ലാം. അപ്പോൾ അവരോടു ഞാൻ പറഞ്ഞു, സാറാമ്മയേയും മോളിക്കുട്ടിയേയുംകൂടെ ക്ഷണിക്കണമെന്നു്. എന്നാൽ അവർക്കാർക്കും അതു സമ്മതമായില്ല. അങ്ങനെയാണെങ്കിൽ, അവരെല്ലാം തിരിയെപ്പോകുമെന്നും പറഞ്ഞു. എനിക്കിങ്ങനെ പറയുന്നതിഷ്ടമില്ല. പക്ഷേ, പറയാതിരിക്കാൻ നിവൃത്തിയില്ലാതെവന്നതുകൊണ്ടു പറഞ്ഞുപോകുന്നതാണു്. ഇപ്പോഴത്തെ സ്റ്റാമ്പിന്റെ കാര്യംതന്നെ നോക്കൂ. മോളിക്കുട്ടിയുടെ ദുശ്ശീലത്തിനു വേറെ ഉദാഹരണം വേണമോ? യാതൊരുത്തരെയും ഉപദ്രവിക്കരുതെന്നും അനുസരണമുള്ളവരായിരിക്കണമെന്നും ഞാൻ എന്റെ കുട്ടികളെ പഠിപ്പിച്ചിട്ടുണ്ടു്."

"ഉം ങ് നിങ്ങൾ പഠിപ്പിച്ചിട്ടുണ്ടു്, അല്ലേ? നിങ്ങളുടെ അനുസരണമുള്ള മകൾ—ആരെയും ഉപദ്രവിക്കാത്ത മകൾ—മോളിക്കുട്ടിയെ ഇപ്പോൾ തള്ളിയിട്ടതോ?"

(ശേഷം 10-ാം പേജിൽ)

# ഫാത്തിമായിലെ കുട്ടികൾ *

അദ്ധ്യായം 10

## മഹത്തായ അത്ഭുതം

മരിയാറോസയുടെ വീട്ടിൽ ദിവസം ചെല്ലുംതോറും സന്ദർശകർ കൂടിക്കൂടി വന്നു. അവരുടെ വീടുകളിൽനിന്നു് ഒരു സമയംപോലും സന്ദർശകർ ഒഴിയാതെയായി.


"ലൂസീ, അടുത്ത പ്രാവശ്യം സ്ത്രീ ഒരു അത്ഭുതം പ്രവർത്തിക്കാൻ പോകുന്നു എന്നു പറഞ്ഞതു നേരാണോ?" ഒരു സ്ത്രീ ചോദിച്ചു.

"അതു പരിശുദ്ധ കന്യകാമറിയമാണോ? പറയൂ, ജസീന്താ," മറെറാരുത്തി കൗതുകം പ്രകടിപ്പിച്ചു.

"ലൂർദ്ദിലെപ്പോലെ കോവയിലും രോഗശമനങ്ങൾ നടക്കുമോ, ഫ്രാൻസിസ്?" മൂന്നാമതൊരുത്തി ചോദിച്ചു.

ഈ ചോദ്യങ്ങൾക്കെല്ലാം നിഷ്കപടമായും കാര്യമാത്രപ്രസക്തമായും അവർ മറുപടി പറഞ്ഞു.

പോർട്ടുഗലിലെ വർത്തമാനപ്പത്രങ്ങളെല്ലാം കോവയിലെ സംഭവങ്ങളിൽ—പ്രത്യേകിച്ചു് ഒക്ടോബർ 13-ാംതീ



യതി അവിടെ ഒരു അത്ഭുതം നടക്കുമെന്നുള്ള കുട്ടികളുടെ പ്രവചനത്തിൽ—സജീവമായ താൽപര്യം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. അഭിമുഖസംഭാഷണത്തിനായും ഫോട്ടോ എടുക്കുന്നതിനായും മറ്റും പത്രറിപ്പോർട്ടറന്മാരും ഫോട്ടോഗ്രാഫറന്മാരും കുട്ടികളുടെ വീട്ടിൽ വന്നുകൊണ്ടിരുന്നു. ഭക്തജനങ്ങളെപ്പോലെതന്നെ അവിശ്വാസികളും ഫാത്തിമാസംഭവങ്ങളിൽ ശ്രദ്ധാലുക്കളായിരുന്നു. നടക്കാനിരിക്കുന്ന അത്ഭുതത്തിന്റെ പ്രകൃതത്തെപ്പറ്റി പല ഊഹാപോഹങ്ങളും പ്രചരിച്ചുകൊണ്ടിരുന്നു.

"എന്താണു് സംഭവിക്കാൻ പോകുന്നതെന്നു നിങ്ങൾക്കറിഞ്ഞുകൂടേ ലൂസി," ഫാദർ ഫെറയീറാ (F. Ferreira) ചോദിച്ചു.

"ഇല്ലച്ചോ. അതു സ്ത്രീ പറഞ്ഞില്ല. ഒറേമിലെ മേയറോടുള്ള അനുസരണമൂലം, അത്ഭുതം ആദ്യം നിശ്ചയിച്ചിരുന്നതുപോലെ അത്ര മേന്മയായിരിക്കയില്ലെന്നു മാത്രം അവർ ആഗസ്റ്റുമാസത്തിൽ ഞങ്ങളോടു പറഞ്ഞു."

വികാരിയച്ചൻ ലൂസിയെ സൂക്ഷിച്ചുനോക്കി.

"പ്രതീക്ഷിക്കപ്പെടുന്നതുപോലെ 13-ാംതീയതി അത്ഭുതകരമായ യാതൊന്നും സംഭവിക്കുന്നില്ലെന്നു വിചാരിക്കുക. അങ്ങനെയായാൽ ജനങ്ങൾ നിങ്ങളെ പരിഹസിക്കുമെന്നു നിങ്ങൾ ഭയപ്പെടുന്നില്ലേ?"

"ഇല്ലച്ചോ," ലൂസി മന്ദഹസിച്ചു.

"നിങ്ങളുടെ മാതാപിതാക്കന്മാർക്കതു് എത്രമാത്രം വിഷമകരമായിരിക്കുമെന്നു ചിന്തിക്കുക!"

"ഇല്ല; അതിലൊട്ടും വിഷമിക്കേണ്ടച്ചോ. 13-ാംതീയതി അത്ഭുതം നടക്കുമെന്നു് എനിക്കറിയാം. സ്ത്രീ അപ്രകാരം ഞങ്ങളോടു പറഞ്ഞതാണു്."

എത്രതന്നെ ചോദ്യങ്ങൾ ആവർത്തിച്ചു ചോദിച്ചിട്ടും ലൂസിയുടെ മനസ്സിളക്കുവാൻ കഴിഞ്ഞില്ല. അതുപോലെ ജസീന്തയ്ക്കും ഫ്രാൻസിസിനും അത്ഭുതത്തിന്റെ കാര്യത്തിൽ സംശയലേശംപോലുമില്ലായിരുന്നു.

ഏകദേശം അറുപതിനായിരത്തോളം ജനങ്ങൾ അത്ഭുതം നടക്കുന്നതിന്റെ തലേദിവസംതന്നെ ഫാത്തിമായിൽ എത്തിയിരുന്നു. അത്ഭുതത്തെപ്പറ്റി അവർ പരസ്യമായി സംസാരിക്കയും ആൾത്തിരക്കിൽ പെടാതെ പിറ്റേദിവസത്തെ കാഴ്ചകൾ നല്ലവണ്ണം കാണുന്നതിനായി കോവയിലെ മേച്ചിൽസ്ഥലത്തുതന്നെ രാത്രി കഴിച്ചുകൂട്ടുവാൻ നിശ്ചയിക്കയും ചെയ്തിരുന്നു. കുട്ടികൾ ഇതൊക്കെ കാണുകയും അറിയുകയും ചെയ്തിട്ടും അവർക്കു് അല്പംപോലും ശങ്കയോ ഭീതിയോ ഉണ്ടായില്ല.

"ഒടുവിൽ അവരെല്ലാവരും സന്തുഷ്ടരാകും. നാളെ കണ്ടോളിൻ." കുട്ടികൾ അവരുടെ വീട്ടുകാരോടു പറഞ്ഞു.

പിറ്റേദിവസം പ്രഭാതത്തിൽ മഴയും തണുപ്പുമുണ്ടായിരുന്നു. എങ്കിലും സന്ദർശകർ എഴുപതിനായിരത്തോളമായി വർദ്ധിച്ചു. ലൂസിയുടെ അമ്മ അസ്വസ്ഥയും ഉൽക്കണ്ഠാകുലയുമായി കാണപ്പെട്ടു. വളരെയാളുകൾ പറഞ്ഞുപരത്തിയ ആ അത്ഭുതം നടക്കാതെ വന്നാൽ കുടുംബത്തിനു് എന്തൊരു അപമാനമായിരിക്കും! കോവയിൽ ഒരു രാത്രി മുഴുവൻ മഴയത്തും തണുപ്പത്തും കഴിച്ചുകൂട്ടിയ ആ വലിയ ജനക്കൂട്ടത്തിനും എന്തുമാത്രം നിരാശയും കോപവും ഉണ്ടാകുകയില്ല!

"ആ സ്ഥലം ഇപ്പോൾ ഒരു ചെളിക്കുളമായിത്തീർന്നിരിക്കും; ജനങ്ങളെല്ലാം നനഞ്ഞു കുതിർന്നു നില്ക്കുകയും." ആ സ്ത്രീ വിചാരിച്ചു "ലൂസീ, ആ സ്വർഗ്ഗീയസ്ത്രീ വരുമെന്നു നിനക്കു നല്ല നിശ്ചയമുണ്ടോ?"

അല്പനേരംകൂടി ക്ഷമിക്കണമെന്നും, സ്വർഗ്ഗീയസ്ത്രീ വരുമെന്നും, എല്ലാവർക്കും കാണത്തക്കവണ്ണം ഒരത്ഭുതം തീർച്ചയായും പ്രവർത്തിക്കുമെന്നും ലൂസി അമ്മയോടു് ഒരിക്കൽക്കൂടി പറഞ്ഞു സമാധാനപ്പെടുത്തി.

കുട്ടികളും കുടുംബാംഗങ്ങളും വയലിലെത്തിയപ്പോൾ മണി പതിനൊന്നരയോടടുത്തിരുന്നു. എന്തൊരു കാഴ്ചയാണു് അവരവിടെ കണ്ടതു്. വെള്ളം ഇറ്റിറ്റുവീഴുന്ന ശീലക്കുടകളുംപിടിച്ചു് തണുത്തുവിറച്ചു് ചെളിയിൽ പൂണ്ടു് മുങ്ങിനിന്നിരുന്നു എഴുപതിനായിരം ജനങ്ങൾ. അവരുടെ പിറകിലായി ഒട്ടുവളരെ കാറുകളും സൈക്കിളുകളും മററു വാഹനങ്ങളും അടുങ്ങിക്കൂടി കിടന്നിരുന്നു.

എല്ലാവരുടെയും കൈയിൽ ജപമാലയുമുണ്ടായിരുന്നു. കുട്ടികൾ വന്നുചേർന്നപ്പോൾ, ജനങ്ങൾ പരസ്പരം മന്ത്രിക്കുന്ന ഒരു ശബ്ദം കോവയിൽ അങ്ങോളമിങ്ങോളം മുഴങ്ങി. അവിശ്വാസികൾപോലും ബദ്ധശ്രദ്ധരായി നിന്നിരുന്നു.

"കുട്ടികൾ ഇതാ വരുന്നു. വഴി മാറിക്കൊടുക്കുക", എല്ലാവരും.

അവർക്കു കടന്നുപോകാൻ വേണ്ടി ജനക്കൂട്ടം ഒതുങ്ങിക്കൊടുത്തു. അവർ ഓക്കുവൃക്ഷത്തിന്റെ അടുക്കലേക്കു വേഗം നടന്നു. ഭക്തജനങ്ങൾ വിശുദ്ധവസ്തുക്കളെപ്പോലെ ഇലയും കൊമ്പും ഒടിച്ചൊടിച്ചു കൊണ്ടുപോയതിനാൽ ആ വൃക്ഷം തായ്ത്തടി മാത്രമായി ശേഷിച്ചിരുന്നു.

എല്ലാവരും കുട മടക്കണമെന്നും കൊന്തയെത്തിക്കണമെന്നും ലൂസി ജനക്കൂട്ടത്തോടാവശ്യപ്പെട്ടു. അനന്തരം മഴ വകവയ്ക്കാതെ അല്പംപോലും സംഭ്രമം കൂടാതെ, ലൂസി ജസീന്തയോടും ഫ്രാൻസിസിനോടുംകൂടി ആ ചെളിനിറഞ്ഞ തറയിൽ മുട്ടുകുത്തി കൊന്തനമസ്കാരം ചൊല്ലുവാൻ തുടങ്ങി.

എഴുപതിനായിരം നാവുകൾ ഭക്തിതീക്ഷ്ണതയോടെ ആ പ്രാർത്ഥന തന്നെ ഉരുവിട്ടു. നാനാപ്രകാരത്തിലുള്ള ജനസമൂഹത്തിനും സ്വർഗ്ഗീയരാജ്ഞിയിൽനിന്നും ഓരോ അനുഗ്രഹം ലഭിക്കണമെന്നു് ആഗ്രഹമുണ്ടായിരുന്നു. പ്രതീക്ഷിക്കപ്പെട്ട അത്ഭുതം കാണാതായപ്പോൾ ജനക്കൂട്ടത്തിനിടയിൽ ഒരു അസ്വസ്ഥത പ്രകടമായി.

"വിഡ്ഢിക്കുഞ്ഞുങ്ങൾ! അവർ നമ്മെ കബളിപ്പിക്കയായിരുന്നു. ഇപ്പോൾ സ്ത്രീ ഉച്ചയ്ക്കിവിടെ വരുമെന്നു് അവർ പറഞ്ഞു. എന്നിട്ടെവിടെ?" തലേദിവസം രാത്രിമുഴുവൻ തണുത്തുവിറച്ചു് ഉറക്കമിളച്ചിരുന്ന ഒരു മനുഷ്യൻ അക്ഷമനായി വിളിച്ചുകൂവി.

ഈ വാക്കുകൾ അയാളിൽനിന്നും പുറപ്പെട്ടുകഴിഞ്ഞില്ല; അപ്പോഴേക്കും ലൂസി പ്രസന്നവദനയായി ജനക്കൂട്ടത്തിന്റെ നേരെ തിരിഞ്ഞു.

"സ്ത്രീ വരുന്നുണ്ടു്; എല്ലാവരും മുട്ടുകുത്തുവിൻ."

ഏതാനും അടി അകലെ മുട്ടുകുത്തിയിരുന്ന മരിയ റോസ മകളെ ഉപദേശിച്ചു:- "നല്ലവണ്ണം നോക്കു പെണ്ണേ, അബദ്ധമൊന്നുമുണ്ടാകരുതു്."

ലൂസി അബദ്ധം പറകയായിരുന്നില്ല. വക്കിൽ സ്വർണ്ണാങ്കിതമായ നീലയങ്കിയും വെള്ളയുടുപ്പുകളും ധരിച്ചു് പ്രകാശവതിയും മനോഹാരിണിയുമായി സ്ത്രീ അവിടെ വന്നിരുന്നു. ഗൗരവയുക്തമായ നയനങ്ങളോടും അഗാധവും നിഗൂഢവുമായ ഏതോ ശോകഭാരം പേറുന്നതുപോലെയുള്ള ഭാവത്തോടുംകൂടി സ്ത്രീ ആ ഇലകൊഴിഞ്ഞ ഓക്കുവൃക്ഷത്തിന്റെ മുകളിൽ വന്നു നിന്നു.

ജനക്കൂട്ടത്തിനു സ്വർഗ്ഗീയസന്ദർശകയെ കാണുവാൻ കഴിഞ്ഞില്ലെങ്കിലും കുട്ടികളുടെ ആനന്ദവിവശമായ നോട്ടങ്ങളും ലൂസിയുടെ സ്വരത്തിന്റെ ശക്തിയും കാതരതയും അസാധാരണമായി എന്തോ സംഭവിക്കുന്നുണ്ടെന്നു് അവരെ ബോദ്ധ്യപ്പെടുത്തി. ലൂസിയുടെ ആജ്ഞയനുസരിച്ചു ജനക്കൂട്ടം വെള്ളവും ചെളിയും നിറഞ്ഞ ആ മണ്ണിൽ മുട്ടുകുത്തി.

ഒരു വെൺമേഘം ഓക്കുവൃക്ഷത്തിന്റെ നേരെ താണുവരുന്നതു് അവർ കണ്ടു. മൂന്നു പ്രാവശ്യം ഇപ്രകാരം ആവർത്തിക്കപ്പെട്ടു. അനന്തരം മേഘം അല്പം പൊങ്ങിയുയർന്നു് വായുവിൽ നിശ്ചലമായിനിന്നു. ഈ സമയത്തു് കുട്ടികളുടെ മുഖം അവർണ്ണനീയമായ ആനന്ദാതിരേകത്താൽ സുപ്രസന്നമായി.

"അവർ സ്ത്രീയെ കാണുന്നുണ്ടു്". ലൂസി അവരോടു സംസാരിക്കുന്നതാരും



തിരുക്കുടുംബദർശനം

തോന്നുന്നു." ഭക്തരായ കാണികൾ തമ്മിൽ തമ്മിൽ പറഞ്ഞു.

അവർ പറഞ്ഞതു് പരമാർത്ഥമാണു്. ലൂസി സ്വർഗ്ഗീയ സന്ദർശകയോടു സംസാരിക്കയായിരുന്നു. ആ മൂന്നു കുട്ടികളുടെ വക്താവെന്നനില അവൾക്കായിരുന്നല്ലോ. അവൾ അവളുടെ ജോലി സമയം കളയാതെ നിർവഹിക്കതന്നെ ചെയ്തു. ഉത്തരം കിട്ടുന്നതിനായി പോർട്ടുഗൽ മുഴുവൻ അത്യാകാംക്ഷയോടെ കാത്തിരുന്ന ആ ചോദ്യം അതാ അവൾ ചോദിക്കുന്നു:- "അങ്ങു് ആരാണു്?"

"ഞാൻ ജപമാലരാജ്ഞിയാകുന്നു."

("I am the Lady of the Rosary")

"അങ്ങു് എന്താണാവശ്യപ്പെടുന്നതു്?"

"ജീവിതരീതി നന്നാക്കുന്നതിനും പാപങ്ങളെപ്പറ്റി മാപ്പപേക്ഷിക്കുന്നതിനും വിശ്വാസികൾക്കു് ഒരു താക്കീതു നല്കുന്നതിനാണു് ഞാൻ വന്നിരിക്കുന്നതു്. വളരെയധികം ദ്രോഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കർത്താവിനെ വീണ്ടും അവർ ദ്രോഹിക്കാതിരിക്കണം. അവർ ജപമാല നമസ്കരിക്കയും വേണം."

ആറു പ്രാവശ്യം അവർക്കു സന്ദർശനം നല്കിയ ആ സ്വർഗ്ഗീയസുന്ദരി ജപമാലരാജ്ഞിയാണെന്നു് ലൂസിയുടെ ഹൃദയസ്പന്ദനം ദ്രുതഗതിയിലായി.

മാതാവു തുടർന്നു:- "ജപമാലരാജ്ഞിയുടെ ബഹുമതിക്കായി ഇവിടെ ഒരു കപ്പേള പണികഴിപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ജനങ്ങൾ അവരുടെ ജീവിതം നന്നാക്കുന്നപക്ഷം ഞാൻ അവരുടെ പ്രാർത്ഥന ശ്രവിക്കുമെന്നും, യുദ്ധം വേഗം അവസാനിക്കാനിടയാക്കുമെന്നും അവരെ അറിയിക്കുക."

ഈ പുതിയ സന്ദേശം പ്രചരിപ്പിക്കാൻ കഴിയുന്നത്ര യത്നിക്കുന്നതാണെന്നു ലൂസി പ്രതിജ്ഞ ചെയ്തു. ജിജ്ഞാസുക്കളായ ബന്ധുക്കളും അയല്ക്കാരും അറിയാനാഗ്രഹിച്ച പല കാര്യങ്ങളും മാതാവിന്റെ മനോഭാവമനുസരിച്ചു് ലൂസി മാതാവിനോടു ചോദിച്ചു.

ഒരു പാവപ്പെട്ട സ്ത്രീക്കു് അവളുടെ രോഗം ശമിച്ചു ആരോഗ്യം വീണ്ടും ലഭിക്കുമോ? മറെറാരുത്തി, യുദ്ധത്തിനു പോയ മകൻ തിരിച്ചുവരുവോളം ജീവിച്ചിരിക്കുമോ? ഇക്കൊല്ലത്തെ അവരുടെ വിളവു നന്നായിരിക്കുമോ? അവരുടെ വസ്തു നല്ല വിലയ്ക്കു വില്ക്കാൻ സാധിക്കുമോ?—ഇങ്ങനെ പലതും ലൂസി ചോദിച്ചു. മാതാവിന്റെ പ്രത്യുത്തരങ്ങളിൽ ചിലതു നിഷേധരൂപത്തിലും മററു ചിലതു് അനുകൂലഭാവത്തിലുമായിരുന്നു.

മാതാവിന്റെ കോവയിൽ ഈ സ്ഥ

(ശേഷം 9-ാം പേജിൽ)

* Rights reserved to Chev. Joseph Thaliath.




Bosco Children's Club (ബി. സി. സി.)

# ഫെബ്രുവരി 11-ാം തീയതി

പ്രിയ കുഞ്ഞുങ്ങളേ,

നിങ്ങൾ ലൂർദ്ദ് എന്നു കേട്ടിട്ടുണ്ടോ?

"ഉവ്വ്, വല്യച്ചാ."

അതു എവിടെയാണെന്നു അറിയാമോ?

"അതു അകലെ എങ്ങോ ആണെന്നറിയാം."

അത്രയേ അറിയാവൂ? എന്നാൽ വല്യച്ചൻ പറഞ്ഞുതരാം. എല്ലാവരും ശ്രദ്ധിച്ചു കേട്ടുകൊള്ളണം. ലൂർദ്ദിനെപ്പറ്റി അനേകം കാര്യങ്ങൾ പറയാനുണ്ട്.

നിങ്ങളുടെ വീട്ടിൽ അറ്റ്ലസ്സ് ഉണ്ടെങ്കിൽ എടുക്കുക. യൂറോപ്പ് ഭൂഖണ്ഡത്തിൽ ഫ്രാൻസിനും സ്പെയിനിനും മദ്ധ്യേ കിടക്കുന്ന ഒരു പർവ്വതനിരയുണ്ട്. അതിന്റെ പേർ പിരനീസ് എന്നാണ്. അതിനുസമീപം ഹോട്ട് പിരനീസ് (Haute Pyrenees) എന്നു പേരായി ദക്ഷിണഫ്രാൻസിലെ ഒരു "ഡിപ്പാർട്ടുമെൻറ്" ഉണ്ട്. ആ പ്രദേശത്താണ് ലൂർദ്ദ് സ്ഥിതിചെയ്യുന്നതു്.

ഒരു നൂററാണ്ടിനുമുമ്പ് ലൂർദ്ദ് ഒരു സാധാരണ ഗ്രാമമായിരുന്നു. ഇന്നതു് ജഗൽപ്രസിദ്ധമായ ഒരു നഗരമായി രൂപാന്തരപ്പെട്ടിരിക്കുന്നു. അതിനു കാരണം അവിടെ മാതാവിന്റെ ദർശനങ്ങളാൽ അനുഗൃഹീതമായി എന്നുതന്നെ. 1858 ഫെബ്രുവരിമാസം 11-ാംനു-യാണ് മാതാവു ആദ്യമായി ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടതു്. ആകെ 18 പ്രാവശ്യം പ്രത്യക്ഷപ്പെട്ടു. അവസാനദർശനം അക്കൊല്ലംതന്നെ ജൂലൈ 16-ാംനു ആയിരുന്നു. ഇപ്രകാരം മാതാവിനെ 18 പ്രാവശ്യം ദർശിക്കുവാൻ ഭാഗ്യമുണ്ടായതു് ബെർണദീത്ത എന്നു പേരായ ഒരു ഗ്രാമീണബാലികയ്ക്കായിരുന്നു. അന്നവൾക്കു 14 വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു.

1858 ഫെബ്രുവരി 11-ാംനു-വ്യാഴാഴ്ച ഉച്ചഭക്ഷണം കഴിഞ്ഞു്. ഇളയ സഹോദരിയായ ടോയിനെററിനേയും അടുത്തവീട്ടിലെ 12 വയസ്സുപ്രായമുള്ള ജീൻ അബാദി എന്ന സഖിയേയും കൂട്ടിക്കൊണ്ടു ബെർണദീത്താ വിറകു ശേഖരിക്കുവാൻ പോയി. അവർ മസബിയെല്ലേക്കു സമീപമുണ്ടായിരുന്ന ഗ്രോട്ടോയുടെ അടുത്തെത്തി. ഒരുതരം പാറപ്പിളർപ്പ് അഥവാ ഗുഹയാണ് ഈ ഗ്രോട്ടോ എന്നു പറയുന്നതു്. ഗ്രോട്ടോയുടെ മുൻവശത്തുകൂടി ഒരു ചെറിയതോടു് ഒഴുകുന്നുണ്ടായിരുന്നു. അതു് കടക്കാനായി കുട്ടികളുടെ ശ്രമം. ബെർണദീത്തായുടെ കൂട്ടുകാർ നിഷ്പ്രയാസം അതു കടന്നു. തനിക്കു നല്ല സുഖമില്ലാതിരുന്നതിനാൽ തണുപ്പുറിയ ആ വെള്ളത്തിൽ ഇറങ്ങാൻ ബെർണദീത്തായ്ക്കു ധൈര്യം വന്നില്ല. ആകയാൽ വെള്ളംതൊടാതെ തോടു കടക്കുന്നതിനുപററിയ സ്ഥലം അന്വേഷിച്ചു അവൾ കുറച്ചുസമയം തോട്ടരികിൽ ചുററിത്തിരിഞ്ഞു. എന്നിട്ടും ഫലമൊന്നും ഉണ്ടാകായ്കയാൽ, പഴയ സ്ഥാനത്തുതന്നെ മടങ്ങിയെത്തി. തോടു കടക്കുന്നതിനായി കാൽമേസു ഊരുവാൻ തുടങ്ങിയപ്പോൾ ഒരു കൊടുങ്കാററിന്റെ ശബ്ദം കേട്ടു. അതുഗണ്യമാക്കാതെ അവൾ വെള്ളത്തിലിറങ്ങി. പക്ഷെ ആ ശബ്ദം നിലയ്ക്കായ്കയാൽ അവൾ ഭയന്നു പിന്തിരിഞ്ഞു കരയ്ക്കു കയററി. അപ്പോൾ കണ്ടകാഴ്ച അവളെ വിസ്മയസ്തബ്ധയാക്കി. അകലെയുള്ള വൃക്ഷങ്ങളെല്ലാം നിശ്ചലങ്ങളായിരുന്നെങ്കിലും, സമീപത്തുണ്ടായിരുന്ന മരങ്ങളും മുൾപ്പടർപ്പുകളും കാററിൽപ്പെട്ടു ഉലഞ്ഞുകൊണ്ടിരുന്നു. അപ്പോഴിതാ, വൃക്ഷങ്ങളുടെ പിന്നിലായി സൗന്ദര്യവതിയായ ഒരു സ്ത്രീ നില്ക്കുന്നു! യൗവനപ്രായം; ശോഭയേറിയ വെള്ളവസ്ത്രം; തലമുതൽ പാദംവരെ എത്തുന്ന ഒരു മേലങ്കി; അരയ്ക്കു നീലനിറത്തിലുള്ള ഒരു കെട്ട്; വലതുകൈയിൽ മനോഹരമായ ഒരു ജപമാല. ഇപ്രകാരമാണ് ആ സ്ത്രീരത്നം ബെർണദീത്തയ്ക്കു പ്രത്യക്ഷയായതു്.

അജ്ഞാതയായ സ്ത്രീ ബെർണദീത്തയെ കൈകാട്ടി വിളിച്ചു അവൾക്കു ഭയം തോന്നുകയാൽ അവൾ മുട്ടുകുത്തി കൊന്തനമസ്കാരം ആരംഭിച്ചു. "ബാവായ്ക്കും പുത്രനും......" എന്നു ത്രിത്വസ്തുതി ചൊല്ലിയപ്പോഴെല്ലാം സ്ത്രീരത്നം തല കുനിക്കുന്നതുപോലെ അവൾക്കു തോന്നി. കൊന്തനമസ്കാരം അവസാനിച്ചപ്പോൾ അജ്ഞാത ബെർണദീത്തായുടെ നേരെ നോക്കി പുഞ്ചിരിതൂകിക്കൊണ്ട് അപ്രത്യക്ഷയായി.

ബെർണദീത്തയുടെ കൂട്ടുകാർ രണ്ടുപേരും അവളെ അന്വേഷിച്ചു തിരിച്ചുവ



വി. ബർണദീത്ത

ന്നപ്പോൾ അവൾ മുട്ടിന്മേൽ നില്ക്കുന്നതായിട്ടാണ് കണ്ടതു്. "പുച്ഛസന്യാസിനി" എന്നു പറഞ്ഞു അവർ അവളെ പരിഹസിക്കയും വിറകു ശേഖരിക്കുന്നതിൽ തങ്ങളെ സഹായിക്കാതിരുന്നതിനാൽ അവളെ കുററപ്പെടുത്തുകയും ചെയ്തു. ബെർണദീത്ത അതിനൊന്നും അപ്പോൾ മറുപടി പറഞ്ഞില്ല. അവർ മൂവരും വീട്ടിലേക്കു തിരിച്ചു. വഴിമദ്ധ്യേ ബെർണദീത്ത ദർശനവിവരം കൂട്ടുകാരെ ധരിപ്പിച്ചു. അവളുടെ അമ്മ ഇക്കാര്യം കേട്ടപ്പോൾ മേലാൽ ഗ്രോട്ടോയിൽ പോകരുതെന്നു ആജ്ഞാപിച്ചു. എന്നിരിക്കിലും ഏതോ ഒരദൃശ്യശക്തി തന്നെ ആ സ്ഥലത്തേക്കു ആകർഷിക്കുന്നതുപോലെ തോന്നിയതുകൊണ്ട്, അവൾ സ്വപിതാവിന്റെ അനുമതി വാങ്ങി വീണ്ടും അവിടം സന്ദർശിച്ചു. അപ്പോഴും മുൻദർശനം ആവർത്തിക്കപ്പെട്ടു. പരിശുദ്ധ കന്യകയാണു തന്നെ സന്ദർശിക്കുന്നതെന്നു അവൾ ഊഹിച്ചു മാതാവിന്റെ നിർദ്ദേശപ്രകാരം അവൾ വീണ്ടും വീണ്ടും ഗ്രോട്ടോയിൽ ചെന്നു. അപ്പോഴെല്ലാം മാതാവു അവൾക്കു ദർശനമരുളി. ഫെബ്രുവരി 26-ാംതീയതിയുണ്ടായ ദർശനത്തിൽ മാതാവു അരുളിച്ചെയ്തതനുസരിച്ച്, ഗ്രോട്ടോയുടെ ഒരു ഭാഗത്തു അത്ഭുതകരമായി ഒരു നീരുറവ പൊട്ടിപ്പുറപ്പെട്ടു. ആ ഉറവ ഇപ്പോഴും വററിയിട്ടില്ല. അതിലെ വെള്ളം കുടിക്കയും അതിൽ കുളിക്കയും ചെയ്യുന്നതുവഴി ഇപ്പോഴും അനവധി അത്ഭുതങ്ങൾ നടന്നുവരുന്നുണ്ട്.

മററു ജനങ്ങളുടെ പ്രേരണയനുസരിച്ച് ബെർണദീത്ത സ്വർഗ്ഗീയസ്ത്രീയോടു പലപ്പോഴും അവരുടെ പേർ ചോദിക്കാറുണ്ടായിരുന്നു. മാർച്ച് 24-ാംതീയതിയാണ് അതിനു മറുപടി ലഭിച്ചതു്. "ഞാൻ അമലോത്ഭവം ആകുന്നു" എന്നത്രെ മാതാവ് അരുളിച്ചെയ്തതു്. മാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യപ്പെട്ടതു് 1854-ലാണ്. 1858-ൽ മാതാവ് സ്വർഗ്ഗത്തിൽനിന്നു എഴുന്നള്ളിവന്നു് അതു സ്ഥിരീകരിക്കയും ചെയ്തു.

ലൂർദ്ദ് ഇന്നു ലോകത്തിലെ ഏററവും പ്രധാനപ്പെട്ട ഒരു തീർത്ഥാടനകേന്ദ്രമായിത്തീർന്നിരിക്കുന്നു. അവിടെ നടക്കുന്ന അത്ഭുതങ്ങൾക്കു കൈയും കണക്കുമില്ല. 1858 മുതൽ 1908 വരെയുള്ള കാലഘട്ടത്തിൽത്തന്നെ 4000 അത്ഭുതരോഗശമനങ്ങൾ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നു. എല്ലാ ദിവസവും രാത്രി അവിടെ പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണം നടക്കുന്നുണ്ട്. ആ അവസരത്തിലാണു അത്ഭുതങ്ങൾ അധികവും സംഭവിക്കുന്നതു്. ശാരീരികമായ രോഗശമനങ്ങളെക്കാൾ പ്രാധാന്യമർഹിക്കുന്നതു ആത്മീയരോഗശമനങ്ങളാണ്. എത്രയോപേരാണു പുതിയ മനുഷ്യരായി ചമഞ്ഞു അവിടെനിന്നു മടങ്ങുന്നതു്. നിരീശ്വരന്മാർപോലും ലൂർദ്ദിലെത്തുമ്പോൾ മുട്ടുകുത്തി പ്രാർത്ഥിക്കാറുണ്ട്; വിശ്വാസപൂർണ്ണരായി ഭവിക്കാറുണ്ട്. അത്രയ്ക്കു ഭക്തിമയമാണ് അവിടത്തെ അന്തരീക്ഷം. "നന്മനിറഞ്ഞ മറിയമേ!" എന്ന പ്രാർത്ഥനാഗീതത്താൽ അതെപ്പോഴും മുഖരിതവുമായിരിക്കുന്നു.

പ്രിയ കുഞ്ഞുങ്ങളെ, മാതാവു ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടതിന്റെ 92-ാം വാർഷികമാണ് അടുത്ത ശനിയാഴ്ച. 1958 ഫെബ്രുവരി 11-ാംനു അതിന്റെ ശതാബ്ദാഘോഷവും നടക്കും. അന്നു നമ്മിൽ എത്രപേർ ജീവിച്ചിരിപ്പുണ്ടാകും എന്നു ദൈവത്തിനുമാത്രമറിയാം. എങ്ങനെയായാലും, ദൈവം തന്നിരിക്കുന്ന ഈ അവസരത്തെ നാം വേണ്ടപോലെ ഉപയോഗിക്കണം. നമ്മുടെ അമ്മയുടെ തിരുനാൾ നാം ഭക്തിപൂർവ്വം കൊണ്ടാടണം. നിങ്ങളിൽ മിക്കവരും അമലോത്ഭവമാതാവിന്റെ നാമത്തിലുള്ള സൊഡാലിററിയുടെ അംഗങ്ങളാണ്. ആകയാൽ ലൂർദ്ദ് നാഥയുടെ തിരുനാൾ ആഘോഷമായി കൊണ്ടാടാൻ നിങ്ങൾക്കു പ്രത്യേക ചുമതലയുണ്ട്. എല്ലാവരും മാതാവിന്റെ തിരുനാൾദിനം (അതിനു സാധിച്ചില്ലെങ്കിൽ അടുത്തുവരുന്ന ദിവസം) കുമ്പസാരിച്ചു വി. കുർബാന സ്വീകരിക്കണം. സൊഡാലിററിക്കാരെല്ലാം മാതാവിന്റെ ഒപ്പീസ് പൂർവ്വാധികം ഭക്തിയോടെ ചൊല്ലണം. അന്നോ പിറേറദിവസമോ ഒരു പൊതുയോഗം കൂട്ടുന്നതും നന്നായിരിക്കും.

ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. ലൂർദ്ദിൽവച്ചും ഫാത്തിമായിൽവച്ചും മാതാവു പ്രത്യക്ഷപ്പെട്ടതു നിങ്ങളെപ്പോലുള്ള പിഞ്ചുപൈതങ്ങൾക്കാണ്. മാതാവിനു നിങ്ങളോടുള്ള പ്രത്യേക വാത്സല്യത്തെയല്ലേ അതു വിളിച്ചറിയിക്കുന്നതു്? എല്ലായ്പ്പോഴും നിങ്ങൾ അപ്രകാരം മാതാവിന്റെ വാത്സല്യത്തിനു വിഷയമായിരിക്കണമെങ്കിൽ നിങ്ങൾ അവിടുത്തെ തിരുക്കുമാരനെ ദ്രോഹിക്കാതെ, പാപം ചെയ്യാതെ, ജീവിക്കണം. "ഞാൻ അമലോത്ഭവം ആകുന്നു" എന്നല്ലേ മാതാവ് പറഞ്ഞതു്? താൻ യാതൊരു പാപത്തിനും, ഉത്ഭവപാപത്തിനുപോലും, അധീനയല്ലായിരുന്നുവെന്നതിൽ അവിടുന്നു എത്രമാത്രം അഭിമാനം കൊള്ളുന്നുവെന്നു നോക്കുക. മാതാവും പിശാചിന്റെ തലയെ തകർത്തവളാണ്. അവന്റെ ബദ്ധശത്രുവാണു. ആകയാൽ പാപംവഴി നാം അവനുമായി സഖ്യം ചെയ്താൽ. അവൻ നമ്മുടെ ഹൃദയത്തിൽ ഭരണംനടത്താൻ അനുവദിച്ചാൽ, അതു മാതാവിനു് ഇഷ്ടമാകുമോ? മാതാവിന്റെ മക്കളെന്നു് അഭിമാനിക്കുന്നതിനു നമുക്കു സാധിക്കുമോ? കുന്തിരുണ്ട്, വാലുംവച്ചു ഭയങ്കരനായുള്ള പിശാചിന്റെ ചിത്രം നിങ്ങൾ കണ്ടിട്ടില്ലേ? അവനുമായി കൂട്ടുകൂടുന്നതു എത്ര നാശകരമായിരിക്കും! ആകയാൽ പ്രിയ കുഞ്ഞുങ്ങളെ, പാപത്തെ വെറുക്കുക, അതിനെ ദ്വേഷിക്കുക, അതിനു് ഇടവരുത്തുന്ന സാഹചര്യങ്ങളിൽനിന്നും ഓടിയകലുകയും ചെയ്യുക. ഏവം വിധം പരിശുദ്ധമായി വ്യാപരിക്കുന്നതിനുള്ള അനുഗ്രഹം ലഭിക്കുന്നതിനുവേണ്ടി, ദിവസവും കിടക്കാൻ പോകുന്നതിനുമുമ്പ് അമലോത്ഭവമാതാവിന്റെ സ്തുതിക്കായി മൂന്നു "നന്മനിറഞ്ഞ മറിയം" വീതം ചൊല്ലണം. തിരുനാൾ മംഗളങ്ങൾ എല്ലാവർക്കും ആശംസിച്ചുകൊള്ളുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. കത്തുകൾക്കുള്ള മറുപടിയും മററും പിന്നീട് പ്രസിദ്ധപ്പെടുത്തുന്നതാണ്.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

1 ഇൻഡ്യയിലെ ഏററവും വലിയ നീതിന്യായക്കോടതിയുടെ പേരെന്തു്?

2 അതിൽ എത്ര ജഡ്ജിമാരുണ്ടു്?

3 അവർക്ക് ഏതു പ്രായംവരെ ഉദ്യോഗം വഹിക്കാം?

4 ഓരോ സ്റ്റേറ്റിലെയും ഏററവും ഉയർന്ന കോടതി ഏതുപേരാൽ അറിയപ്പെടുന്നു?

5 അതിലെ ജഡ്ജിമാരെ നിയമിക്കുന്നതാരാണ്?

ഉത്തരങ്ങൾ

1 സുപ്രീംകോടതി.

2 ചീഫ്ജസ്റ്റിസിനോടുകൂടി ജഡ്ജിമാരുടെ എണ്ണം 8-ൽ കവിയരുതു്.

3 65 വയസ്സുവരെ.

4 ഹൈക്കോർട്ട്.

5 സുപ്രീംകോടതിയിലെ ചീഫ് ജസ്റ്റിസിനോടും സ്റ്റേറ്റിലെ ഗവർണ്ണരോടും ആലോചിച്ചശേഷം പ്രസിഡണ്ടു നിയമിക്കുന്നു. ഹൈക്കോർട്ടിലെ ചീഫ്ജസ്റ്റിസ് ഒഴികെയുള്ള ജഡ്ജിമാരെ നിയമിക്കുമ്പോൾ ഹൈക്കോർട്ടിലെ ചീഫ്ജസ്റ്റിസിനോടുകൂടി ആലോചിക്കണം.

## കൊ-തി-വാർത്തകൾ

നാട്ടുരാജ്യയൂണിയനുകളിൽനിന്നും ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിലേക്ക് ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുവാൻ കേന്ദ്രഗവമ്മെൻറു തീരുമാനിച്ചതനുസരിച്ച് ഐക്യസംസ്ഥാനത്തുനിന്നു 18 പേർ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

— ഐക്യസംസ്ഥാനത്തുണ്ടായിരുന്ന നിയമസഭ ജാനുവരി 26-ാംനു-യോടുകൂടി സ്വയം പര്യവസാനിച്ചിരിക്കുന്നുവെന്നും ഇനി ഒരു നിയമസഭ രൂപമെടുക്കേണ്ടതു് രാജപ്രമുഖന്റെ വിളംബരംമൂലമായിരിക്കണമെന്നും അറിവായിരിക്കുന്നു.

—വില്ലിംഗ്ടൺ ദ്വീപിൽ സ്ഥാപിക്കാനുദ്ദേശിച്ചിരിക്കുന്ന നാവിക സ്കൂളുകളുടെ ശിലാസ്ഥാപനകർമ്മം ഫെബ്രുവരി 25 ാംനു- ഐക്യസംസ്ഥാനരാജപ്രമുഖന്റെയും കൊച്ചി മഹാരാജാവിന്റെയും മററും സാന്നിദ്ധ്യത്തിൽ ഇൻഡ്യൻ രാജ്യരക്ഷാമന്ത്രി സർദാർ ബൽദേവ്സിംഗ് നിർവ്വഹിക്കുന്നതാണ്.

## ഇൻഡ്യാവാർത്തകൾ

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പ്രഥമപ്രസിഡണ്ടു് ഡോക്ടർ രാജേന്ദ്രപ്രസാദ്. ഇൻഡ്യൻ റിപ്പബ്ലിക്കുൽഘാടനാനന്തരം ആദ്യമായി സമ്മേളിച്ച പാർലിമെൻറു യോഗത്തിൽ ഇൻഡ്യാ ഗവമ്മെൻറിന്റെ നയം വിശദീകരിച്ചുകൊണ്ട് ഒരു പ്രസംഗം ചെയ്കയുണ്ടായി. ലോകത്തിലെ ഇതരരാഷ്ട്രങ്ങളോടു സൗഹാർദ്ദവും സമാധാനവും പുലർത്തി ലോകസമാധാനസംരക്ഷണത്തിനു് കഴിയുന്നവിധം സഹായിക്കുകയെന്നതാണ് തന്റെ ഗവമ്മെൻറിന്റെ ഉദ്ദേശമെന്ന നയമെന്നദ്ദേഹം പ്രസ്താവിച്ചു അദ്ദേഹം ഇപ്രകാരം തുടർന്നു: ഇതരരാഷ്ട്രങ്ങളുമായി യാതൊരു ശത്രുതയോ മത്സരമോ പാരമ്പര്യമായി ഇൻഡ്യൻ റിപ്പബ്ലിക്കിനു ലഭിച്ചിട്ടില്ല. ലോകത്തിൽ സമാധാനം നിലനിർത്തുന്നതിനും, ഇതരരാഷ്ട്രങ്ങളോടു് ശത്രുതയിൽ വർത്തിക്കുവാൻ നിർബന്ധിതരാകത്തക്കവിധത്തിലുള്ള യാതൊരു ബന്ധങ്ങളും സ്ഥാപിക്കാതെ വർത്തിക്കുന്നതിനും സഹായകമാകുന്ന ഒരു നയം തുടരുവാനാണ് ഗവമ്മെൻറുദ്ദേശിക്കുന്നതു്.

—മലേറിയ രോഗം ബാധിച്ചു പ്രതിവർഷം 20 ലക്ഷം പേർ ഇൻഡ്യയിൽ മരിക്കുന്നുണ്ടെന്നു് കേന്ദ്രഗവമ്മെൻറ് ആരോഗ്യമന്ത്രി രാജകുമാരി അമൃത്കൗർ പാർലിമെൻറിൽ പ്രസ്താവിച്ചിരിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി എ.

Vol. 23 || ERNAKULAM, FEBUARY 8, 1950 || No. 24


# ഐക്യരാഷ്ട്രസമിതിയിൽ പ്രതിഷേധം സമർപ്പിക്കാൻ

ഐക്യരാഷ്ട്രസംഘടനയുടെ ഒരു വിഭാഗമായ രക്ഷാസമിതിയുടെ മുൻപാകെ അഖിലലോക ക്രിസ്ത്യാനികളുടെ വകയായി ഒരു പ്രതിഷേധം സമർപ്പിക്കുവാൻ ഒരു പ്രസ്ഥാനം തുടങ്ങിയിരിക്കയാണു്. സോവ്യറ്റ് റഷ്യയിലും അതിനു വിധേയമായ രാജ്യങ്ങളിലും നടമാടിക്കൊണ്ടിരിക്കുന്ന മതപീഡനങ്ങൾക്കെതിരായും ദൈവികവും മാനുഷികവുമായ അവകാശങ്ങളുടെ ലംഘനത്തിനെതിരായുമാണു് ഈ പ്രതിഷേധം. കമ്മ്യൂണിസ്റ്റ് ഭീകരഭരണത്തിന്റെ പിടിയിൽനിന്നും കിഴക്കേ യൂറോപ്പിനെ മോചിപ്പിക്കണമെന്നുള്ളതാണു് പ്രതിഷേധത്തിന്റെ ഉദ്ദേശം. അതിലേക്കു വേണ്ടി സകല ക്രിസ്ത്യാനികളേയും നിരന്തരവും ഹൃദയപൂർവ്വകവുമായ പ്രാർത്ഥനയിൽ സംയോജിപ്പിക്കുവാൻ ഈ പ്രസ്ഥാനക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

### പ്രസ്ഥാനത്തിന്റെ ജനയിതാവ്

ഏററവും പ്രസിദ്ധനായ റേഡിയോ വൈദികനായി അറിയപ്പെടുന്ന ഹോളൻഡിലെ ഫാദർ ഹെൻറി ദെ ഗ്രീവ് ആണ് ഈ പ്രതിഷേധപ്രസ്ഥാനത്തിന്റെ ജനയിതാവ്. ഈ റേഡിയോ പ്രസംഗകനെ ഡച്ചുഭാഷ സംസാരിക്കുന്ന ലോകത്തിലെ മിക്കവാറും എല്ലാ ജനങ്ങളും ശ്രവിച്ചുകൊണ്ടിരിക്കുകയാണ്. ക്രിസ്തീയവിവാഹത്തെ അധികരിച്ച് പല ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. എന്നുവരികിലും സഹോദരസ്നേഹത്തെ ഉൽബോധിപ്പിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രസംഗങ്ങളാണ് ഫാദർ ഗ്രീവിനെ പ്രത്യേകിച്ചും പൊതുജനശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചിട്ടുള്ളതു്. നാമരഹിതലീഗ് എന്ന അഭിധാനത്തിൽ 1938-ൽ അദ്ദേഹം ഒരു സംഘടന സ്ഥാപിച്ചു. ക്രിസ്തീയസ്നേഹം വഴിയായി കൂടുതൽ സൗഭാഗ്യകരമായ ഒരു സമുദായത്തെ കാംക്ഷിക്കുന്ന സകല മനുഷ്യരേയും ഏകീകരിക്കുകയാണ് ഈ ലീഗിന്റെ ലക്ഷ്യം. "ലോകത്തെ പരിഷ്കരിക്കുക, എന്നാൽ ആദ്യം നിങ്ങളെത്തന്നെ" എന്ന ആപ്തവാക്യമാണ് അദ്ദേഹത്തിന്റെ ആഹ്വാനം. "നല്ല ആളുകളുണ്ടായാൽ നല്ല ലോകമുണ്ടാകും, ചീത്ത ആളുകളുണ്ടായാൽ ചീത്ത ലോകമുണ്ടാകും" എന്നുള്ള അദ്ദേഹത്തിന്റെ ഉൽബോധനം 15000 ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. തത്ഫലമായി നാമരഹിതലീഗിൽ ഇപ്പോൾ 15000 അംഗങ്ങളുണ്ടു്. ഇതിനും പുറമേ 20,000 കുട്ടികൾ അംഗങ്ങളായുള്ള ഒരു പ്രത്യേകശാഖയും ലീഗിന്റേതായി അദ്ദേഹം സ്ഥാപിച്ചിട്ടുണ്ടു്.

### പ്രാർത്ഥന, പ്രായശ്ചിത്തം, പ്രതിഷേധം

കഴിഞ്ഞ ജൂലൈ ഒൻപതാം തീയതി ശനിയാഴ്ചയിലെ റേഡിയോപ്രസംഗത്തിൽ ഫാദർ ഗ്രീവ് പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും പ്രതിഷേധത്തിനുമായി ജനങ്ങളെ ആഹ്വാനം ചെയ്തു. "മോസ്കോ ദൈവത്തിനെതിരായ സമരത്തിൽ നേതൃത്വം വഹിക്കുകയാണു്. അങ്ങനെ ചെയ്യാൻ തുടങ്ങിയിട്ട് വളരെക്കാലമായിരിക്കുന്നു. എന്നാൽ ഇപ്പോൾ ആ സമരം ഒരു പ്രതിസന്ധിഘട്ടത്തിൽ എത്തിക്കഴിഞ്ഞു. എണ്ണയ്ക്കോ പെട്രോളിനോ വേണ്ടിയല്ല മോസ്കോയുടെ സമരം, പ്രത്യുത സ്വർഗ്ഗത്തിലേയും ഭൂമിയിലേയും ഏക മഹാശക്തിക്കെതിരായിട്ടാണു്. ഈ മഹാശക്തിയാകട്ടെ പൈശാചികമായ ഭൗതികത്വത്തെ വെല്ലുവാൻ കഴിവുള്ള ദൈവവും മതവുമാണ്. കിഴക്കേ യൂറോപ്പിൽ കിരാതമായ മതപീഡനം ആളിക്കത്തിക്കൊണ്ടിരിക്കുന്നു. ബന്ധനങ്ങളാലും കപടതന്ത്രങ്ങളാലും മതത്തെ വേരോടെ പിഴുതുകളയുവാൻ കമ്മ്യൂണിസ്റ്റ് നേതാക്കൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു. കത്തോലിക്കാസഭയാണ് അവരുടെ ഒന്നാം നമ്പർ ബദ്ധശത്രു. സംഭവങ്ങൾ അറിഞ്ഞുകൊണ്ടിരിക്കുന്ന സകലർക്കും ബോദ്ധ്യമായിട്ടുണ്ടു്, ഇതിനു പ്രതിവിധിയായി എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ടെന്നു്."

പ്രതിഷേധം മാത്രമായാൽ അതു് ഐക്യരാഷ്ട്രസംഘടനയുടെ മുൻപിൽ വിഫലമാകുകയേയുള്ളുവെന്നു് ഫാദർ ഗ്രീവ് ചൂണ്ടിക്കാണിച്ചു. "എന്തുകൊണ്ടെന്നാൽ കടലാസും മഷിയും മാത്രമാണ് അതിലുള്ളതു്. അതിനു ശക്തികൂട്ടുവാൻ വേറെ രണ്ടായുധങ്ങൾ കൂടിവേണം. അവയെ തട്ടുത്തുനില്ക്കാൻ അധഃപതിച്ചുകൊണ്ടിരിക്കുന്നതും അർദ്ധഭൗതികവുമായ പാശ്ചാത്യലോകത്തിനും റഷ്യൻ ഹൈക്കമാൻറായ ക്രംലിനിലെ 13 പാതകികൾക്കും സാദ്ധ്യമല്ല. ഈ ആയുധങ്ങളാകട്ടെ പ്രാർത്ഥനയും പ്രായശ്ചിത്തവുമാണ്. യഥാർത്ഥത്തിൽ ചുററികകൊണ്ടുള്ള ഒരടിക്കോ പിസ്റ്റൾകൊണ്ടുള്ള ഒരു വെടിക്കോ ആണ് പ്രാർത്ഥനയുടെ ഫലത്തെക്കാൾ മനുഷ്യർ വില കല്പിക്കുന്നതു്. അതിന്റെ കാരണം ജനങ്ങൾ ശരിയായ വിധത്തിൽ, അതായതു് വണക്കത്തോടും വിധേയത്വത്തോടും സ്ഥിരതയോടുംകൂടി പ്രാർത്ഥിക്കുന്നില്ലെന്നുള്ളതാണ്." വേറൊരു കാരണം ഫാദർ ഗ്രീവ് പറയുന്നതു് പ്രായശ്ചിത്തത്തെപ്പററിയുള്ള മനുഷ്യന്റെ ഭയമാണ്. "സ്വാർത്ഥതല്പരരായിരിക്കുകയും അതേസമയം സ്നേഹോജ്ജ്വലതയോടുകൂടി പ്രാർത്ഥിക്കുകയും ചെയ്യാൻ നമുക്കു സാദ്ധ്യമല്ലെ"ന്നാണ് ഫാദർ ഗ്രീവ് പറയുന്നതു്. ഈ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് പ്രസ്തുത പ്രതിഷേധപ്രസ്ഥാനം തുറന്നുവിട്ടിരിക്കുന്നതു്.

### പ്രായശ്ചിത്തപരിപാടി

സകല വിശ്വാസികളോടും എല്ലാ ശനിയാഴ്ചയും ഒരുനേരം നോമ്പുവാനും മാംസം വർജ്ജിക്കുവാനും പത്രങ്ങൾ വഴിയായും റേഡിയോവഴിയായും ആഹ്വാനം ചെയ്തിരിക്കുന്നു. ഓരോ മാസാദ്യശനിയാഴ്ചയും ദേവമാതാവായ മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി പ്രതിഷ്ഠിക്കണമെന്നും ഉൽബോധിപ്പിച്ചിരിക്കുന്നു. തന്റെ അമലോത്ഭവഹൃദയത്തോടു ഭക്തി പ്രദർശിപ്പിക്കുകയും പ്രാർത്ഥനകൾ നടത്തുകയും പ്രായശ്ചിത്തങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നതായാൽ റഷ്യ മാനസാന്തരപ്പെടുമെന്നു മാതാവ് ഫാത്തിമായിൽ വാഗ്ദാനംചെയ്തിട്ടുണ്ടല്ലോ. പല സംഘടനകളും യൂണിയനുകളും മുൻനിന്നു പ്രവർത്തിച്ചുകൊണ്ടു് അതാതിന്റെ അംഗങ്ങളെ തീർത്ഥയാത്രകൾ നടത്തുവാൻ പ്രേരിപ്പിച്ചു. ഹോളൻഡിലെ കാത്തലിക്ക് ആക്ഷൻ സംഘക്കാർ ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിച്ചു. അതു് അഖിലലോകപ്രസ്ഥാനമാക്കുവാനുള്ള ചുമതല മാതാവിന്റെ സൊഡാലിററി അംഗങ്ങളായ യുവാക്കന്മാരുടെ ഫെഡറേഷൻ ഏറെറടുത്തു. ഹോളൻഡിലെ കത്തോലിക്കാ പ്രസ്സ് ഏജൻസി അവരുടെ സഹായം പ്രദാനംചെയ്തു. ഡച്ച് വർത്തമാനപ്പത്രങ്ങൾക്കും അനേകം വിദേശകത്തോലിക്കാ പ്രസ്സ് ഏജൻസികൾക്കും പ്രസ്ഥാനത്തെപ്പററിയുള്ള സകല വാർത്തകളും അവർ കൊടുത്തുകൊണ്ടിരുന്നു. ഹോളൻഡിലെ വലിയ കത്തോലിക്കാസംഘടനകൾ മിക്കവാറും എല്ലാം പ്രസ്ഥാനത്തിൽ പങ്കെടുത്തു. അവിടത്തെ കത്തോലിക്കാ തൊഴിലാളി സംഘടനയിൽത്തന്നെ 300,000 അംഗങ്ങളുണ്ടു്. 65,000,000 അംഗങ്ങളുള്ള കത്തോലിക്കാ സാർവദേശീയ വനിതാസംഘടനയും മററും മററും പ്രസ്ഥാനത്തിൽ ചേർന്നിട്ടുണ്ടു്. വൈദികരും സന്യാസസഹോദരരും കന്യാസ്ത്രീകളും ഉൾപ്പെട്ട ഹോളൻഡിലെ അനേകം സ്ഥാപനങ്ങൾ ലോകമാസകലമുള്ള അവയിലെ അംഗങ്ങളുടെ ആയിരക്കണക്കിനുള്ള ഒപ്പുകൾ ശേഖരിച്ചിട്ടുണ്ടു്. ഇതിനിടയിൽ മിക്കവാറും എല്ലാ ഡച്ച് കത്തോലിക്കരും പ്രതിഷേധത്തിനു് ഒപ്പുവച്ചുകഴിഞ്ഞു. തങ്ങളുടെ പ്രാർത്ഥനയാലും പ്രായശ്ചിത്തത്താലും അതിനു പിൻബലം നൽകുകയും ചെയ്തിരിക്കുന്നു. ഒപ്പുവച്ചവരുടെ കൂട്ടത്തിൽ ഹോളൻഡിലെ അപ്പസ്തോലിക്ക് നൺഷിയോ, യൂട്രിച്ച്ററിലെ മെത്രാപ്പോലീത്താ എന്നീ തിരുമേനിമാർ ഉൾപ്പെടുന്നുണ്ടു്. മെത്രാപ്പോലീത്ത ഒരു സന്ദേശവും നൽകുകയുണ്ടായി. അതിലെ ഒരു ഭാഗമാണു് താഴെ ചേർക്കുന്നതു്:

"ഈ രാജ്യത്തിലെ കാത്തലിക്ക് ആക്ഷൻ സംഘടനകളുടെ സഹകരണത്തോടുകൂടി രൂപീകരിച്ചിട്ടുള്ള പൊതുവായ പ്രതിഷേധത്തിൽ ഒപ്പുവയ്ക്കുവാൻ നമുക്കുള്ള സന്നദ്ധതയെ നാം നേരിട്ടു പ്രഖ്യാപിച്ചുകൊള്ളുന്നു. ഈ പ്രതിഷേധത്താൽ അർത്ഥമാക്കപ്പെടുന്നതെന്തെന്നാൽ, കത്തോലിക്കരായ നാം നിരുത്സാഹരായി വരുന്നതുവരട്ടെയെന്നു വയ്ക്കുവാൻ ആഗ്രഹിക്കുന്നില്ല; പ്രത്യുത ലോകരുടെ മനസ്സാക്ഷിയെ ഉണർത്തിക്കൊണ്ടിരിക്കുവാൻ കഴിവുള്ള മാർഗ്ഗങ്ങൾ വിനിയോഗിക്കണമെന്നാണ് നാമുദ്ദേശിക്കുന്നതു്. നമ്മുടെ മാതൃകയാൽ നമ്മുടെ ജനങ്ങൾക്കു തിരുസ്സഭയുടെ കാര്യത്തിലുള്ള തീക്ഷ്ണത ശക്തിമത്തായിത്തീരുമെന്നു നാം പ്രതീക്ഷിക്കുകയും ചെയ്യുന്നു."

### നമ്മുടെ കർത്തവ്യം

ക്രിസ്തുവിന്റെ മൗതികശരീരമായ തിരുസ്സഭയിലെ അംഗങ്ങൾ, മനുഷ്യശരീരത്തിലെ അവയവങ്ങളെപ്പോലെ, സുഖദുഃഖങ്ങളിൽ ഫലപ്രദമായി പങ്കുകൊള്ളേണ്ടവരാണല്ലോ. സോവ്യററ് റഷ്യയിലേയും അതിന്റെ പിടിയിലമർന്നിരിക്കുന്ന തെക്കുകിഴക്കൻ യൂറോപ്പിലെ രാജ്യങ്ങളിലേയും വൈദികാദ്ധ്യക്ഷന്മാരും വൈദികരും വിശ്വാസികളും ദാരുണമായ മതപീഡനങ്ങൾക്കു വിധേയരാക്കപ്പെട്ടിരിക്കുകയാണെന്നു നമുക്കറിയാം. ഈ ദുരവസ്ഥയിൽ അവരോടു ഹൃദയപൂർവ്വം സഹതപിക്കുകയും ദൈവീകവും മാനുഷികവുമായ അവകാശലംഘനങ്ങളുടെ പിടിയിൽനിന്നു മോചനംപ്രാപിക്കുവാൻ സ്വീകരിക്കപ്പെടുന്ന സകല പ്രസ്ഥാനങ്ങളിലും സഹകരിക്കുകയും ചെയ്യേണ്ടതു നമ്മുടെ കർത്തവ്യം മാത്രമാണ്. ആകയാൽ ഹൃദയപൂർവ്വകമായ പ്രാർത്ഥനകളാലും നിയമേനയുള്ള പ്രായശ്ചിത്തപ്രവൃത്തികളാലും മതപീഡിതരായ ആ നമ്മുടെ സഹോദരങ്ങളുടെ മോചനത്തിനായി സമാരംഭിക്കപ്പെട്ടിരിക്കുന്ന പ്രസ്തുത പ്രതിഷേധപ്രസ്ഥാനം വിജയകരമാകുവാൻ നമുക്കു സഹായിക്കാം. പ്രാർത്ഥനയും പ്രായശ്ചിത്തവുമെന്ന ദിവ്യസന്ദേശവുമായി നമ്മെ സന്ദർശിച്ചനുഗ്രഹിച്ച ഫാത്തിമാമാതാവ് ഇതിലേക്കു വേണ്ട പ്രചോദനം നമുക്കു നൽകുമാറാകട്ടെ.

## അടുത്തയാഴ്ചയിൽ

ഫെബ്രുവരി

12 ഞാ: 60-ാം ഞായർ
13 തി: വിനസന്തിയോസ്
14 ചൊ: വലന്തീനോസ്
15 ബു: പവുസ്തീനോസ്
16 വ്യാ: യോഹന്നാൻ ബ്രീത്തോ
17 വെ: മർസല്ലോസ്
18 ശ: ശെമഓൻ

## പ്രസാധകക്കുറിപ്പുകൾ

### തിരുഹൃദയറേഡിയോപദ്ധതി

ദൈവവിശ്വാസവും മതനിഷ്ഠയും അടിക്കടി അധോഗതി പ്രാപിച്ചുവരുന്ന ഒരു കാലഘട്ടമാണല്ലോ ഇതു്. എന്നാൽ, മനുഷ്യവർഗ്ഗം ദൈവത്തിങ്കലേക്കു പിന്തിരിയാത്തിടത്തോളംകാലം ലോകത്തിൽ ശാശ്വതസമാധാനമുണ്ടാകയില്ലെന്നു കാര്യവിവരമുള്ളവർ സമ്മതിക്കുന്നുമുണ്ടു്. ഉദ്യോഗമൊഴിഞ്ഞുപോയ ശ്രീ രാജഗോപാലാചാരിക്കു ഗവമെൻറ് സ്റ്റാഫ്ഹൗസിലെ അംഗങ്ങൾ നല്കിയ യാത്രയയപ്പു സൽക്കാരവേളയിൽ അദ്ദേഹം ഉദ്ബോധിപ്പിച്ചതു്, സകലത്തിനും സാക്ഷിയായ സർവ്വേശ്വരന്റെ സാന്നിദ്ധ്യം ഒരിക്കലും വിസ്മരിച്ചുകൂടെന്നും എല്ലാവരും അവിടുത്തേക്കു ഹിതമായ രീതിയിൽ വർത്തിക്കുവാൻ സദാ പരിശ്രമിക്കണമെന്നുമാണ്. കത്തോലിക്കാസഭ ദൈവവിശ്വാസവും മതബോധവും സകല ജാതി ജനങ്ങളിലും നിലനിർത്തുവാൻ അക്ഷീണം യത്നിച്ചുവരുന്നുവെന്നതു അനിഷേധ്യമായ വാസ്തവമാണ്. ഇക്കാര്യസിദ്ധിക്കായി വിദ്യാലയങ്ങളേയും മുദ്രണശാലകളേയും പ്രസംഗവേദികളേയും സഭ ഉപയോഗപ്പെടുത്തിവരുകയും ചെയ്യുന്നുണ്ടു്. അധുനാതനകാലത്തു ആശയവിനിമയത്തിനു ഏററവും പററിയ ഉപാധിയായി ഭവിച്ചിരിക്കുന്ന റേഡിയോയും ഉപയോഗിക്കുന്നകാര്യത്തിൽ സഭ ഉപേക്ഷ കാണിക്കുന്നില്ല. "തിരുഹൃദയ റേഡിയോപദ്ധതി" എന്ന പേരിൽ ഒരു പ്രക്ഷേപണ പരിപാടി സമാരംഭിച്ചിട്ട് ഇപ്പോൾ 11 വർഷം കഴിഞ്ഞിരിക്കുന്നു. 670-ഓളം പ്രക്ഷേപണ കേന്ദ്രങ്ങൾ ഇപ്പോൾ തിരുഹൃദയത്തിന്റെ സ്നേഹസന്ദേശം ലോകരെ അറിയിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

### പ്രക്ഷേപണപരിപാടി

പ്രക്ഷേപണം തിരുഹൃദയസ്തുതിക്കായുള്ള ഒരു ഗാനത്തോടുകൂടി ആരംഭിക്കുന്നു. അനന്തരംജപാപ്പസ്തോലസഖ്യത്തിന്റെ പ്രാർത്ഥന ചൊല്ലുന്നു. തുടർന്ന് ഒരു സംഗീതവും ഏതെങ്കിലും ഭക്തിവിഷയത്തെ അധികരിച്ചുള്ള ഒരു ലഘുപ്രസംഗവും ഉണ്ടായിരിക്കും. "കർത്താവിന്റെ മാലാഖ"യോടുകൂടി പരിപാടി അവസാനിക്കയും ചെയ്യുന്നു. ഗാനങ്ങൾ ആലപിക്കുന്നതു സിനിമാതാരങ്ങളും ദേവാലയങ്ങളിലേയും പ്രസിദ്ധ കോളെജുകളിലേയും ഗായകസംഘങ്ങളുമാണ്. ഇൻഡ്യയിലെ കത്തോലിക്കരുടേയും അകത്തോലിക്കരുടേയും ഉപകാരാർത്ഥം "റേഡിയോ ഗോവ" എന്ന പ്രക്ഷേപണകേന്ദ്രം എല്ലാ വ്യാഴാഴ്ചയും രാത്രി 8-45-നും, 10-45-നും തിരുഹൃദയത്തിന്റെ ഈ സന്ദേശം പ്രക്ഷേപണം ചെയ്യുന്നതിനു സമ്മതിച്ചിട്ടുള്ളതായറിയുന്നു. (31 meter band at 9610 Kilocycles) റേഡിയൊ ഉള്ളവർ ഈ "തിരുഹൃദയസന്ദേശം" ശ്രവിക്കുന്നതിൽ ഔത്സുക്യം പ്രദർശിപ്പിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |


## ജപാപ്പസ്തോലസഖ്യം

ഫെബ്രുവരി മാസത്തെ പൊതുനിയോഗം: ലോകസമാധാനത്തിനു്. മിഷൻ നിയോഗം: ജപ്പാനിൽ ക്രിസ്തുമതം അഭിവൃദ്ധിപ്പെടുന്നതിനു്.

## കലണ്ടറുകൾ

"ദി ഫാത്തിമാ കപീൻസ് സ്റ്റോർ" ട്രാവലിംഗ് ബുക്ഡിപ്പോ കേന്ദ്രം, എറണാകുളം ഈസ്റ്റ്, ഉസ്മാനിയ ടൈൽ വർക്ക്സ് ആലുവ എന്നീ കമ്പനിക്കാർ അയച്ചുതന്ന മനോഹരമായ കലണ്ടറുകൾ കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു.

# മോൺ: ഫൾട്ടൺ ജെ. ഷീൻ

അമേരിക്കയിലെ സുപ്രസിദ്ധ മാനസാന്തരപ്രവർത്തകൻ.
പ്രഥമഗണനീയനായ റേഡിയോപ്രഭാഷകവൈദികൻ.

(വറുഗീസ് ജെ. മാളിയേക്കൽ)


1945 ൽ ക്ലെയർ ബൂത്ത് ല്യൂസ് (Clare BootheLuce) മോൺ: ഷീനിനാൽ ജ്ഞാനസ്നാനപ്പെടുത്തപ്പെട്ട വാർത്ത പ്രചരിച്ചതോടുകൂടി മാനസാന്തര വിഷയകമായി അത്ഭുതപൂർവ്വമായ ഒരുണർവ്വാണ് അമേരിക്ക ഒട്ടാകെ കാണപ്പെട്ടതു്. ഒരു ഇടത്തരം ഇടവകയ്ക്കുംമാത്രം ജനങ്ങൾ ആയിടയ്ക്കുതന്നെ കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയുണ്ടായി എന്നുപറയുമ്പോൾ അതിന്റെ ഏകദേശരൂപം നമുക്ക് ഊഹിക്കാവുന്നതാണല്ലോ.

1948ലെ ഹൂവർ കലാപത്തിലൂടെ പ്രഖ്യാതനും, ഒരു പ്രശസ്തവിദ്യാഭ്യാസ പ്രവർത്തകനും, സ്വതേ ഒരു തെക്കേറിപ്പബ്ലിക്കനുമായ കേണൽ ഹൊറേസ് മാൻ (Col: Horace Mann of Washington) 1933ൽ സത്യവിശ്വാസം സ്വീകരിച്ചു. അതേത്തുടർന്ന് സഭാമാതാവിനെ ആനന്ദപുളകിതയാക്കുമാറ് എണ്ണപ്പെട്ട ശിഷ്ടരേഖകളായി അമേരിക്കയിലെ പ്രമുഖവ്യക്തികൾ പലരും അദ്ദേഹത്തെ അനുഗമിച്ചു. സ്വതന്ത്രനിരീക്ഷകനും എഴുത്തുകാരനുമായ ഹെയ്‌വുഡ് ബ്രൗൺ, (Heywood Brown) മോട്ടോർ വ്യവസായ വിഷയത്തിൽ പ്രസിദ്ധനായ ഹെൻറി ഫോർഡ് രണ്ടാമൻ (Henry Ford II) അമേരിക്കൻ കോൺഗ്രസ്സിലെ ഒരു സുപ്രശസ്തവനിതാംഗടകമായ ല്യൂസ് (Luce) (ഈ ലേഖനത്തിന്റെ ആദ്യഭാഗത്തു പ്രസ്താവിച്ചിട്ടുള്ള ക്ലെയർ ബൂത്ത് ല്യൂസ്) "ഡെയിലിവർക്കർ" (Dajly-worker) എന്ന ന്യൂയോർക്ക് കമ്മ്യൂണിസ്റ്റ് പത്രത്തിന്റെ അധിപരും ഒരു തികഞ്ഞ കമ്മ്യൂണിസ്റ്റുമായിരുന്ന ലൂയിസ് എഫ്. ബുഡൻസ് (Luis F. Budenz) എന്നിവർഅക്കൂട്ടത്തിൽപ്പെടുന്നു. കത്തോലിക്കാവിശ്വാസം കൈവെടിഞ്ഞ് കമ്മ്യൂണിസ്റ്റായിത്തീർന്നിരുന്ന മി. ബുഡെൻസ്, മോൺ: ഷീനുമായുള്ള സമ്പർക്കത്താലും, അദ്ദേഹത്തിൽനിന്നും ലഭിച്ച സംശയനിവാരണക്ഷമങ്ങളായ വിശദീകരണ ചർച്ചകളാലും പുനരൈക്യപ്പെടുകയാണുണ്ടായതു് എന്ന വസ്തുത പ്രത്യേകം പ്രസ്താവാർഹമാണ്.

അമേരിക്കൻ സാമ്പത്തികശാസ്ത്രത്തിന്റെ "പ്രമാണരേഖ"യായി അറിയപ്പെട്ടുപോരുന്ന — ജോൺ മൂഡി (John Moody) മോൺ. ഷീനിന്റെ പ്രഥമഗ്രന്ഥം വായിച്ചുകഴിഞ്ഞപ്പോൾ തന്നെ സ്വമേധയാ തീരുമാനിച്ചുറച്ച് കത്തോലിക്കനായിത്തീർന്നു. കൂടാതെ, പൊതുജനരംഗത്തു് അത്രയുംതന്നെ സുപ്രസിദ്ധരല്ലാത്ത ഒട്ടനവധി പേരും അവരോടൊപ്പം മാനസാന്തരപ്പെട്ടു.

ഇങ്ങനെയൊക്കെയാണെങ്കിലും തന്റെ ഈദൃശമാനസാന്തര പ്രവർത്തനങ്ങളിൽനിന്നും അല്പംപോലും പേരു കിട്ടണമെന്ന് അദ്ദേഹം അശേഷം ആഗ്രഹിച്ചിരുന്നില്ലെന്നുതന്നെയല്ല അവയിൽനിന്നൊക്കെ സ്വയം ഒഴിഞ്ഞുമാറുവാൻ ശ്രമിക്കയും ചെയ്തു. ക്രിസ്തുവിന്റെ മുന്തിരിത്തോട്ടത്തിൽ മററു പലരോടുമൊപ്പം ശക്തിക്കനുസരണമായി വേലചെയ്യുന്ന ഒരു സാധാരണക്കാരനായി കഴിഞ്ഞുകൂടുവാൻ മാത്രമേ അദ്ദേഹം ആഗ്രഹിക്കുന്നുള്ളു എന്നതാണ് വാസ്തവം. താൻ തനിക്കു കൃഷിയിറക്കുവാൻ കിട്ടിയഭൂമിയിലെമണ്ണിളക്കികൃഷിക്കുപയുക്തമാക്കുകമാത്രമേ ചെയ്യുന്നുള്ളുവെന്നും അവയിൽ യഥാകാലം വിത്തിറക്കുന്നതും ഫലപുഷ്ടമാകുവാനുള്ള സാഹചര്യവും പശ്ചാത്തലവും സൃഷ്ടിക്കുന്നതും പരമകാരുണികനായ ദൈവമാണെന്നും മനുഷ്യരുടെ മഹാമനസ്കതയും അനുകൂലമായ ദൈവാനുഗ്രഹവും കൊണ്ടല്ലെങ്കിൽ തനിക്കിവയൊന്നും സാദ്ധ്യമല്ലെന്നുമുള്ള വിനീതാഭിപ്രായമാണ് മോൺ: ഷീനിനുള്ളതു്. പക്ഷേ, അദ്ദേഹം അറിയാതെതന്നെ പ്രസ്തുത വിഷയത്തിലുള്ള അദ്ദേഹത്തിന്റെ കീർത്തിധ്വജം ലോകസമക്ഷം നാട്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നതായി നമുക്കു കാണാൻ പ്രയാസമില്ല. അതദ്ദേഹം അർഹിക്കുന്നതുമാണ്.

ആകർഷകമായ വാഗ്ധാടിയുള്ള തത്വശാസ്ത്രവിചക്ഷണൻ, യൂറോപ്പിലും അമേരിക്കയിലുമുള്ള സർവ്വകലാശാലകളിൽ നിന്നായി അരഡസൻ ഡിഗ്രികൾ സമ്പാദിച്ചിട്ടുള്ള ഒരാൾ, സാങ്കേതികങ്ങളും സുപ്രസിദ്ധങ്ങളുമായ ഇരുപതിൽപ്പരം ഗ്രന്ഥങ്ങളുടെ കർത്താവ് എന്നീ നിലകളിൽ വിശ്രുതനായ അദ്ദേഹത്തിനു വിശ്വാസത്തെ അതിന്റെ സുവ്യക്തവും സുഗമവും ഭാവവിശിഷ്ടവുമായ രീതിയിൽ കൈകാര്യംചെയ്യുന്നതിനും, സയൻസിന്റേയും അദ്ധ്യാത്മതത്വങ്ങളുടേയും ദുർജ്ഞേയമായ അഗാധതലങ്ങളിലേക്കു ചുഴിഞ്ഞിറങ്ങി അതിന്റെ യുക്തിയുക്തതയെ ശരിക്കും ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നതിനും കഴിയുന്നുണ്ടു്. വളരെ കുഴഞ്ഞുമറിഞ്ഞ ചിത്തവൃത്തികളോടുകൂടിയവർക്ക് തത്വശാസ്ത്രപടുവും പണ്ഡിതനുമായ അദ്ദേഹത്തിൽനിന്നും ഒരു വൈദികന്റെ പരമാവധി പ്രയോജനംതന്നെ ലഭിച്ചുപോരുന്നു. വിശേഷിച്ച്, സംശയഗ്രസ്തരായ അവിശ്വാസികളുടെ ശ്രദ്ധയെ,വസ്തുതയെ അഭിമുഖീകരിക്കാൻ



പര്യാപ്തമാകുമാറ് തിരിച്ചുവിടുന്നതിനു അദ്ദേഹത്തിനു കഴിയുന്നു എന്നുള്ളതിലാണ് അദ്ദേഹത്തിന്റെ എല്ലാ വിജയങ്ങളും സ്ഥിതിചെയ്യുന്നതു്.

ഹെയ്‌വുഡ് ബ്രൗണിന്റെ ശവസംസ്കാരവേളയിൽ അദ്ദേഹത്തിന്റെ ഗുണഗണങ്ങളെ പ്രകീർത്തിച്ചുകൊണ്ട് മോൺ: ഷീൻ ഒരു പ്രസംഗം ചെയ്തു. അതിൽ, അവരുടെ പ്രഥമസംഭാഷണത്തിൽത്തന്നെ സഭ പ്രതീക്ഷിച്ചിരുന്നില്ലെങ്കിൽക്കൂടെയും മി: ബ്രൗൺ മാനസാന്തരപ്പെടുവാൻ തീരുമാനിച്ചതിന്റെ കാരണം അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുകയുണ്ടായതായി പ്രസ്താവിച്ചു. സംശയനിവാരണങ്ങൾക്കായി മനുഷ്യർ അന്യോന്യം വാദപ്രതിവാദം ചെയ്യണമെന്നുള്ള തന്റെ നിഷ്ക്കർഷയനുസരിച്ച് അവർ തമ്മിലുള്ള ആദ്യത്തെ രണ്ടു സന്ദർശനങ്ങളും അദ്ദേഹം അപ്രകാരം വിനിയോഗിക്കുകയാണുണ്ടായതു്.

കത്തോലിക്കരാകുന്നതിനു് ഉദ്ദേശിക്കുന്നവർ അവരിൽത്തന്നെ രൂഢമൂലമായുള്ള പല പക്ഷപാതങ്ങളേയും ഉപേക്ഷിക്കേണ്ടിവരുമെന്ന്—ബ്രൗണിന്റെ പക്ഷത്തിൽ വിശാലഹൃദയത്തോടുകൂടിയ ഉദാരത—പലരും തെററിദ്ധരിക്കുന്നുണ്ടായിരുന്നു. അതിനാൽ പിന്നീടുള്ള സന്ദർശനങ്ങളിൽ കത്തോലിക്കാവിശ്വാസത്തെ ഒരു കുഴൽക്കണ്ണാടിയിലൂടെയെന്നോണം അദ്ദേഹം ബ്രൗണിനു വിവരിച്ചുകൊടുത്തു. രണ്ടരമാസത്തിനുള്ളിൽ തൊണ്ണൂറുമണിക്കൂറോളം ഈ ഉദ്ദേശസാദ്ധ്യത്തിനായി അവർ തമ്മിലുള്ള കൂടിക്കാഴ്ചാവസരങ്ങളിൽ അദ്ദേഹം വിനിയോഗിക്കുകയുണ്ടായി. ബ്രൗൺ തനിക്കു സംശയമുള്ള പല വിഷയങ്ങളെക്കുറിച്ചു് ചോദ്യങ്ങൾ ചോദിക്കുകയും മോൺ: ഷീൻ അതിനു് യഥാവിധി മറുപടി നൽകുകയുമായിരുന്നു പതിവ്. അങ്ങനെ ബ്രൗണിന്റെ സംശയങ്ങൾ ഒന്നൊഴിയാതെ അസ്തമിക്കുകയും അദ്ദേഹം മോൺ: ഷീനിന്റെ കൈകളിൽനിന്നുതന്നെ ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു.

എല്ലാററിനും ഒരേ മാർഗ്ഗം സ്വീകാര്യമല്ലല്ലോ. കൊളോണിയൽ മാൻ (Coloneal Mann) മോൺ: ഷീനിന്റെ ഒരു റേഡിയോപ്രഭാഷണത്താൽ ആകർഷിക്കപ്പെടുകയാണുണ്ടായതു്. അനന്തരം, മോൺ: ഷീനുമായി തന്നെ പരിചയപ്പെടുത്തുവാൻ ഒരു സ്നേഹിതനോടാവശ്യപ്പെട്ടു. മോൺ: ഷീനിന്റെ മൂന്നുമാസക്കാലത്തെ ബോധനങ്ങൾക്കുശേഷം കൊളോണിയൽ മാനും; മിസ്സിസ്സ് മാനും വാഷിംഗ്ടണിൽവച്ച് അദ്ദേഹത്തിൽനിന്നും ജ്ഞാനസ്നാനം സ്വീകരിച്ചു.

ഹെൻറി ഫോർഡ് രണ്ടാമൻ 1940 ൽ അദ്ദേഹത്തിന്റെ പ്രതിശ്രുതവധുവിന്റെ മാതാപിതാക്കളും ഉത്തമകത്തോലിക്കരുമായ മി: മിസ്സിസ്സ് ജയിംസ് ഫ്രാൻസിസുമാർ മുഖാന്തിരം പരിചയപ്പെട്ടു. പല മാസക്കാലങ്ങളിലെ പ്രബോധനങ്ങളുടെ ഫലമായി അദ്ദേഹം തന്റെ വിവാഹത്തിനു മുൻപുതന്നെ മോൺ: ഷീനിനാൽ സഭാമാതാവിന്റെ മടിയിലേക്കു് ആനയിക്കപ്പെടുവാനും സംഗതിയായി.

ക്ലെയർ ബൂത്ത് ല്യൂസ്, മോൺ: ഷീനിന്റെ പ്രസംഗം കേൾക്കുന്നതിനായിഒരിക്കൽ ന്യൂയോർക്കിലെ പേൾ ഹാർബറിൽ പോയിരുന്നു. അവിടത്തെ ഗ്രാമപുരോഹിതന്റെ വസതിയിൽവച്ച് അവർ അദ്ദേഹവുമായി ഏതാനും സമയം സംസാരിച്ചതേയുള്ളു. വീണ്ടും നാലു സംവത്സരങ്ങൾക്കുശേഷം അവർ തമ്മിൽ കണ്ടുമുട്ടിയപ്പോൾ ല്യൂസ്, സഭയെക്കുറിച്ച് വളരെ സൂക്ഷ്മമായ പാഠം നടത്തിക്കഴിഞ്ഞിരുന്നതായി അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. അവർ കത്തോലിക്കാസഭയെ ആശ്ലേഷിക്കാൻ ആഗ്രഹിക്കുന്നതായി അറിഞ്ഞപ്പോൾ തത്വശാസ്ത്രകുശലനായ റവ: ഡോക്ടർ ഷീൻ അവരുടെ ചോദ്യങ്ങൾക്കെല്ലാം യുക്തിയുക്തമായ ഉത്തരം നൽകി അവരെ സഹായിക്കുകയും ചെയ്തു. (തുടരും)

കർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ,
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിപ്രക്‌സ്. ബ്രോഡ്‌വെ - എറണാകുളം

## "രാജകന്യകേ" എന്നനമസ്കാരം

"മേല"യിലെ "ശമ്കഫസാന" എ. മ.
(എളങ്ങുളം പി. എം. ജയിംസ്)

പല്ലവി


രാജതനൂജേ!- നൽവരനാഥേ!
സ്വസ്തിസുധന്യേ!- മംഗളശീലേ!— — രാജ

ചരണങ്ങൾ

1 ആയുസ്സുമെങ്ങൾ—ക്കാശ്രയവും നീ — — ഓ......
മാധുര്യവും നൽ—ശരണവും നീ — — രാജ
2 സന്തപ്തരായി—താഴ്‌വരമേവും — —ഓ......
ഹാവാസുതരാം—ഞങ്ങളെൻ നാഥ— — രാജ
3 നിന്നെ വിളിക്ക—ന്നമ്മേ, കേണ, യ്യോ— — ഓ......
ബാഷ്പാകുലരായ്—നിന്നീസ്ഥലത്തിൽ— — രാജ
4 ഉഴന്നുവീണ്ടും—കേണു നെട്ടതാം— — ഓ......
വിപ്പുകളോറു—ന്നങ്ങേ സവിധം— — രാജ
5 എന്നാലുമെങ്ങൾ—ക്കായി നിരന്തം— — ഓ......
പ്രാർത്ഥിച്ചിട്ടും നൽ—തായേ മനോജ്ഞേ— — രാജ
6 അൻപോലുമങ്ങേ—തൃക്കണ്ണു ചേർത്തീ— —ഓ......
വൻപാപികളെ—പാർക്ക വിരവിൽ— — രാജ
7 വിശേഷമായി—ദുഃഖാബ്ധി ഞങ്ങൾ— — ഓ......
വിട്ടീടും നാളിൽ—ദൃശ്യമാക്കേണെ— — രാജ
8 പാവനമാം നീ—ന്നുദരെ വാണോൻ— — ഓ......
വാഴ്ത്തപ്പെട്ട സൽ—ഫലമാമീശോ— — രാജ
9 ആശ്രയവും മൽ—കനിവുമയ്യോ— —ഓ......
മാധുര്യവും നൽ—ശരണവും നീ— —രാജ
10 നൽവരമേകും—കന്യയായെന്നും— — ഓ......
വാഴ്കമാതേ—മരിയെ, ആമ്മേൻ— — രാജ

### പരേതനായ

മാഞ്ഞൂരാൻ അന്തോണി ചെറിയത്



ദയാപരനായ ഈശോയെ! ഇയാൾക്കു നിത്യാശ്വാസം കൊടുത്തരുളേണമെ.

R. I. P.




അമ്മ: "ജോണീ, നീ ശക്കര കട്ടതിന്നോ?"

ജോണി: "എന്റെ മുണ്ടത്തു ഇരിപ്പുണ്ടോ അമ്മേ?"

"അമ്മ: "ഉവ്വ്."

ജോണി: "എന്നാൽ ഞാൻ തിന്നമ്മേ."

* * *

വൃദ്ധൻ: "നിങ്ങൾ എന്താണ് ഈ പഠിക്കുന്നതു് മക്കളേ?"

സ്കൂൾകുട്ടികൾ: "ഈജിപ്തിൽവച്ച ഏററവും ഫലപുഷ്ടിയുള്ള സ്ഥലമേതെന്നും മററും."

വൃദ്ധൻ: "ആകട്ടെ, ഈ കിഴക്കേപാടത്തുവച്ച ഏററവും വളമുള്ള കണ്ടം ഏതെന്നു പറയാൻ നിങ്ങൾക്കു കഴിയുമോ?"

* * *

ബസ്സിൽ യാത്രചെയ്തിരുന്ന ഒരു വൃദ്ധസ്ത്രീ അയ്യഞ്ചു മിനിട്ടുകഴിയുമ്പോൾ ചോദിക്കുമായിരുന്നു എറണാകുളത്തു എത്തിയോ എന്നു്. ഇല്ല, ഇല്ല, എന്നു മറുപടി പറഞ്ഞു് കണ്ടക്ടർ മടുത്തു. ഒടുവിൽ സ്ത്രീ ചോദിച്ചു: "എറണാകുളത്തു എത്തിയെന്നു ഞാനെങ്ങനെ അറിയും?"

കണ്ടക്ടർ: "എന്റെ മുഖത്തു പ്രത്യക്ഷമാകുന്ന ദീർഘമന്ദഹാസംകൊണ്ടു്."

* * *

വൃദ്ധൻ: "ഇന്നലെ രാത്രി എന്തു തണുപ്പായിരുന്നെന്നോ? ഞാൻ കിടുകിടെ വിറച്ചുപോയി."

യുവാവായ സ്നേഹിതൻ: "കാരണോരുടെ പല്ലു കൂട്ടിയടിച്ചോ?"

വൃദ്ധൻ: "ഇല്ല മോനെ, ഞങ്ങൾ ഒന്നിച്ചല്ല ഉറങ്ങിയതു്. പല്ലുകൾ രണ്ടു കൂട്ടവും മേശപ്പുറത്തിരിക്കയായിരുന്നു."

## നിര്യാതനായി

തൃശ്ശൂർ രൂപതയിൽപ്പെട്ട അമ്പഴക്കാട്ട് ഫൊറോനാപള്ളിയുടെ വികാരിയായിരുന്ന വെരി റവ. ഫാദർ ജോസഫ് മാളിയേക്കൽ ഫെബ്രുവരി 6-ാംനു നിര്യാതനായിരിക്കുന്നു. R. I. P.

## പ്രാദേശികവാർത്തകൾ

പരിയാരം മഠംസ്കൂളിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറ 34-ാം വാർഷികം ജനുവരി 29-ാംനു റവ. ഫാ. അബ്രാഹം വടാശ്ശേരി എം. എ. എം. എസ്‌സി. യുടെ അദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി. യോഗാനന്തരം സഖ്യാംഗങ്ങൾ "യാചകൻ" എന്ന പ്രഹസനം അഭിനയിച്ചു.

—കഞ്ഞിരത്തെ ഇടവകയിലെ സെൻറ് സെബാസ്റ്റ്യൻസ് തൊഴിലാളി സംഘടനയുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള പ്രദക്ഷിണം ആഘോഷപൂർവ്വം നടത്തിയിരിക്കുന്നു. തദവസരത്തിൽ റവ. ഫാ. ജെ. ഫെർണാൻഡസ് അവർകളുടെ പ്രസംഗവും പ്രദക്ഷിണാനന്തരം കാഥികൻ ശ്രീ ജോസഫ് ചീരേടൻ & പാർട്ടിയുടെ "മൃണാളിനി" കഥാപ്രസംഗവുമുണ്ടായിരുന്നു.

—വല്ലകത്തു് പുതുതായി പണിയുവരുന്ന ദേവാലയത്തിൻെറ ശിലാസ്ഥാപനകർമ്മം എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രത്യേകാനുവാദപ്രകാരം റവ. ഫാ. തോമസ് കരേടൻ അനേകം വൈദികരുടെയും ഒരു വമ്പിച്ച ജനക്കൂട്ടത്തിൻെറയും സാന്നിദ്ധ്യത്തിൽ ഫെബ്രുവരി 2-ാംനു നിർവ്വഹിച്ചിരിക്കുന്നു. തദവസരത്തിൽ റവ. ഫാ. അന്ത്രയോസ് സി. ഡി. സന്ദർഭോചിതമായ ഒരു പ്രസംഗം ചെയ്തു.

—കരൂർ തിരുഹൃദയപ്പള്ളിയുടെ സുവർണ്ണജൂബിലി ജനുവരി 28-ാംനു തിരുവല്ലാ രൂപതാ അഡ്മിനിസ്ട്രേറ്റർ മാർ സെവേറിയോസ് തിരുമേനിയുടെ പൊന്തിഫിക്കൽ കുർബാന, റവ. ഡോക്ടർ ജോസഫ് ഏറുമാനൂക്കാരൻ അവർകളുടെ പ്രസംഗം, ദിവ്യകാരുണ്യപ്രദക്ഷിണം എന്നീ പരിപാടികളോടുകൂടി ആഘോഷിക്കപ്പെട്ടിരിക്കുന്നു.

—കുററിപ്പുഴ മരിയാസഖ്യം, സൺഡേസ്കൂൾ എന്നിവയുടെ സംയുക്തവാർഷികം ജനുവരി 29-ാംനു ശ്രീ ചാണ്ടി പാറയിൽ ബി. എ. എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ബ്രദർ ഫ്രാൻസിസ് പയ്യപ്പിള്ളി ബി. എസ് സി. ഓണേഴ്സ് പ്രസംഗിച്ചു. യോഗാനന്തരം സേവനം എന്ന പ്രഹസനം അഭിനയിക്കപ്പെട്ടു.

—എറണാകുളംകത്തോലിക്കാവനിതാസമാജത്തിൻെറ 11-ാമതു വാർഷികം ഫെബ്രുവരി 4-ാംനു റൈററ് റവ. മോൺ. മാത്യു പോത്തനാമൂഴി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ ശ്രീ ഇ. പി. ഐസക്ക് ബി. എ. എൽ. ടി, ശ്രീ ഡേവിഡ് മഹാപിള്ള എന്നിവർ ഓരോ പ്രസംഗം ചെയ്തു.

—ചാത്യാത്തു എൽ എസ്. സ്കൂൾ സാഹിത്യസമാജത്തിൻെറ വാർഷികം റവ. ഫാ. ജോസഫ് പാറേക്കാട്ടിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഫെബ്രുവരി 4-ാംനു നടത്തപ്പെട്ടു. സ്കൂളിലെ ഒരു പൂർവ്വവിദ്യാർത്ഥിയായ ശ്രീ ഫിലിപ്പ് തയ്യിൽ ബി. എ. ബി. എൽ. ഒരു പ്രസംഗം ചെയ്തു.

—മണപ്പുറം മാർത്തോമ്മാ ദാസസംഘത്തിൻെറ 5-ാമതു വാർഷികം റവ. ഫാ. മാത്യു വാക്കശ്ശേരി എം. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ ജനുവരി 29-ാംനു നടത്തപ്പെട്ടു. മി. ജോർജ്ജ് ജോസഫ് പൊടിപാറ ബി. എ. പ്രസംഗിക്കുകയും ശ്രീ വറുഗീസ് കൂട്ടുങ്കൽ ഒരു കഥാപ്രസംഗം നടത്തുകയും ചെയ്തു.

—ആലുവ വി. അന്തോനീസിൻെറ ആശ്രമത്തോടനുബന്ധിച്ചു നടത്തിവരുന്ന വേദപാഠശാലയുടെയും അൾത്താരബാലസംഘത്തിൻെറയും അനാഥബാലന്മാരുടെ ബോസ്കോസ്കൂളിൻെറയും സംയുക്തവാർഷികം ഫെബ്രുവരി 5-ാംനു റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ശ്രീ വറുഗീസ് വിതയത്തിൽ ബി. എ. അവർകളുടെ പ്രസംഗത്തിനു പുറമെ ശ്രീ പി. എം. പോൾ, ശ്രീ എം. ഡി. ജോസഫ് എന്നിവരുടെ ലഘുപ്രസംഗങ്ങളുമുണ്ടായിരുന്നു.

—വിജയപുരം രൂപതയിൽപ്പെട്ട ആണ്ടൂർ മൗണ്ട് കാർമ്മൽ പള്ളിവകയായി പാലാ - ഉഴവൂർ റോഡിനു സമീപം വലവൂരിൽ ഫാത്തിമാമാതാവിൻെറ നാമധേയത്തിലുള്ള ഒരു മിഷൻസ്റ്റേഷൻ ഫെബ്രുവരി 2-ാംനു റവ. ഫാ. ജെ. സി. ഇല്ലിക്കുട്ടിൽ ഉൽഘാടനം ചെയ്തിരിക്കുന്നു.

—എറണാകുളം മഹാരാജാസ് കോളേജ് ഹോസ്റ്റൽദിനം പ്രമാണിച്ച് പ്രസ്തുത കോളേജ് ഹാളിൽ ഫെബ്രുവരി 5-ാംനു നടത്തപ്പെട്ട കലാപ്രകടനങ്ങളിൽ എറണാകുളം ബോസ്കോ കലാസമിതിയിലെ ഓർക്കെസ്ട്രാവിഭാഗത്തിനു 16 മെഡലുകളും ഒരു കപ്പും ലഭിച്ചിരിക്കുന്നു.

## ചരമം

ആരക്കുഴ ഇടവക ബ്ര. ഞാളക്കാട്ടു ലൂക്കാച്ചൻെറയും സിസ്റ്റർ ക്രിസ്റ്റീനായുടെയും പിതാവു്, കുരുവിള മത്തായി ഫെബ്രുവരി 4-ാംനു നിര്യാതനായിരിക്കുന്നു.

—പുളിങ്കുന്നു് ഇടവക റവ. ഫാ. മാത്യു പൂവടി അവർകളുടെ പിതാവു് പൂവടിയിൽ തൊമ്മി അവർ ജനുവരി 15-ാംനു 85-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. R. I. P.

---

## ഭൂപരിധിനിർണ്ണയം

റാവുസാഹിബ് കോമാട്ട് അച്യുതമേനോൻെറ അദ്ധ്യക്ഷതയിൽ നിയുക്തമായിട്ടുള്ള ഭൂപരിധിനിർണ്ണയാന്വേഷണക്കമ്മിററി പ്രസിദ്ധപ്പെടുത്തുവാനുദ്ദേശിക്കുന്ന പ്രശ്നാവലി മകരം 21-ാംനു കൂടിയ കമ്മിററിയോഗത്തിൽവച്ച് അംഗീകരിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത പ്രശ്നാവലിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കാര്യങ്ങളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു:

(1) ഒരു ഭൂസ്വത്തുടമസ്ഥൻെറ കൈവശമോ ഉടമസ്ഥതയിലോ ഉണ്ടായിരിക്കാവുന്ന ഭൂമിയുടെ പരിധി നിർണ്ണയിക്കേണ്ടതു് ആവശ്യമാണോ? (2) സാധാരണ പരിതസ്ഥിതികളിൽ ഒഴിപ്പിച്ചെടുക്കാൻ പാടില്ലാത്ത ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നവരെ വസ്തു ഉടമസ്ഥൻെറ നിശ്ചിതപരിധിയിൽ ഉൾപ്പെടുത്താമോ? (3) ഉടമസ്ഥത വഹിക്കാവുന്ന ഭൂമിയുടെ പരമാവധിതോതു നിർണ്ണയിക്കുന്നപക്ഷം ഭൂമിയിൽ കൃഷിചെയ്യുന്നവരെ അതെങ്ങനെ ബാധിക്കും? പരമാവധി പരിധി നിർണ്ണയിക്കുകയാണെങ്കിൽ അതെന്തായിരിക്കണം? (4) പുരയിടങ്ങൾ, നിലങ്ങൾ, പുഞ്ചകൃഷിസ്ഥലങ്ങൾ ഇവ പ്രത്യേകം പ്രത്യേകം പരിഗണിക്കേണ്ടതാവശ്യമോ? (5) ദേവസ്വം, പള്ളികൾ, മററു ധർമ്മസ്ഥാപനങ്ങൾ, വിഭജിക്കാൻ പാടില്ലാത്ത കുടുംബങ്ങൾ, സഹകരണസംഘങ്ങൾ ഇവയെ ഈ പരിധിനിർണ്ണയത്തിൽനിന്നു് ഒഴിവാക്കണമോ? (6) ഇപ്പോൾ കൂടുതൽ ഭൂമി കൈവശം വച്ചിട്ടുള്ളവർ കൂടുതലായി ഭൂമി കൈവശപ്പെടുത്തുന്നതിനെ നിരോധിക്കണമോ? (7) നിശ്ചിതപരിധിയിൽ കൂടുതൽ ഭൂമി കൈവശമുള്ളവരുടെ വസ്തുക്കളെ സംബന്ധിച്ച് എന്തു നടപടി കൈക്കൊള്ളണം? (8) അധികമുള്ള ഭൂമി എടുക്കുന്നതിനു് ലാൻഡ് അക്വിസിഷൻ ആക്ടിനെ നിയോഗിച്ചാൽ മതിയാകുമോ അതോ അതിനു പ്രത്യേക സമിതി വേറെ രൂപവൽക്കരിക്കണമോ? (9) എടുക്കുന്ന ഭൂമിക്കു പ്രതിഫലം നൽകുന്നതു സംബന്ധിച്ച് എന്തു തത്വം സ്വീകരിക്കണം? (10) ഗവൺമെൻറിനു കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി എങ്ങനെ നിർണ്ണയിക്കും? (11) ഇപ്പോൾ നിലവിലുള്ള കുത്തകപ്പാട്ടം വ്യവസ്ഥ ഭേദഗതി ചെയ്യണമോ? വേണമെങ്കിൽ എങ്ങനെ? (12) Economic Holding എങ്ങനെ നിശ്ചയിക്കും? കൃഷിച്ചെലവും ജീവസന്ധാരണത്തിനാവശ്യമായ കാര്യങ്ങളും നിർവ്വഹിച്ചശേഷം മിച്ചംവരത്തക്കവണ്ണമുള്ളതു് ഈ നിശ്ചിതപരിധിയിൽ വരുമോ? (13) കൂലിക്കാരെ ഏർപ്പെടുത്തിയോ അല്ലാതെയോ കൃഷിചെയ്യുന്ന സ്ഥലങ്ങളെ സംബന്ധിച്ച് ഓരോരുത്തർക്കും കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിർണ്ണയിക്കുവാൻ സാദ്ധ്യമാണോ? (14) കൃഷിഭൂമി അന്യാധീനപ്പെടുകയും തുണ്ടുതുണ്ടാകുകയും ചെയ്യുന്നതിനെ തടയാൻ പ്രത്യേക നിയമനിർമ്മാണം ആവശ്യമാണോ? (15) കൂട്ടുകൃഷി, സഹകരണാടിസ്ഥാനത്തിലുള്ള കൃഷി ഇവയ്ക്കു് എന്തു പ്രോത്സാഹനം, എങ്ങനെ നൽകണം? (16) കുടിയാനു വസ്തുവിൽ സ്ഥിരാവകാശം നൽകണമോ? നൽകണമെങ്കിൽ എന്തു വ്യവസ്ഥകൾക്കധീനമായിട്ടായിരിക്കണം? (17) കുടിയാനു വസ്തുവിൽ സ്ഥിരാവകാശം നൽകിയാൽ ഉടമസ്ഥനു് കൃഷിക്കോ കെട്ടിടംവയ്ക്കാനോ വേണ്ടി വസ്തു ഒഴിപ്പിക്കാമോ? ഏതെല്ലാം വ്യവസ്ഥകളിൽ? (18) കൂലിക്കാരെ ഏർപ്പെടുത്തി കൃഷി നടത്തുന്ന ഭൂമിയേയും ഉടമസ്ഥൻ നേരിട്ടു കൃഷിചെയ്യുന്ന ഭൂമിയേയും വെവ്വേറെ പരിഗണിക്കണമോ? (19) പുറമ്പോക്കുഭൂമികൾ പതിച്ചുകൊടുക്കണമോ? (20) തരിശായി ഇട്ടിരിക്കുന്ന ഭൂമി കൃഷിക്കായി ഗവൺമെൻറിനു് എടുക്കാൻ എന്തു വ്യവസ്ഥചെയ്യണം? (21) എടുക്കുന്ന ഭൂമിക്കു നഷ്ടപരിഹാരം നൽകണമോ? (22) പുറവക, പണ്ടാരവക ശ്രീപണ്ടാരം, പണ്ടാരവക കാണം, കണ്ടുകൃഷി ഇവയെ വ്യത്യസ്തരീതിയിൽ പരിഗണിക്കണമോ? (23) കരമൊഴിവുഭൂമി കൈവശംവയ്ക്കാൻ ആരെയെങ്കിലും അനുവദിക്കാമോ? (24) പാടില്ലെങ്കിൽ ഇപ്പോൾ അങ്ങനെ കൈവശംവയ്ക്കുന്നവരെ സംബന്ധിച്ച് എന്തു നയം സ്വീകരിക്കണം?

---

## ഫാത്തിമാരാജ്ഞിയുടെ കേരളപര്യടനം

1949 ഡിസംബർ 15-ാംനു മംഗലാപുരത്തു്; അവിടെനിന്നു പുറപ്പെട്ട കണ്ണൂർ, തലശ്ശേരി, കോഴിക്കോട്ട് ഭദ്രാസനപ്പള്ളി; സെൻറ് ജോസഫ് പള്ളി, സെൻറ് പാട്രിക് പള്ളി, മലപ്പുറം, ഷൊർണ്ണൂർ, കോയമ്പത്തൂർ, തൃശ്ശൂർ ലൂർദ്പള്ളി, വ്യാകുലമാതാവിൻ പുത്തൻപള്ളി പാലയൂർ, പാവർട്ടി, മററം, കണ്ടശ്ശാംകടവ്, പുത്തൻപീടികവഴി പഴുവ്, ഇരിങ്ങാലക്കുട, ഒല്ലൂർ, പുതുക്കാട്, ചാലക്കുടി, കൊരട്ടി, കറുകുററി, അങ്കമാലി, കാലടി, വല്ലം, പെരുമ്പാവൂർ, കുറുപ്പംപടി, കോതമംഗലം, ആലുവാ, കളമശ്ശേരി, മഞ്ഞുമ്മൽ, വരാപ്പുഴ, പുത്തൻപള്ളി കൂനമ്മാവ്, പറവൂർ, ചേന്ദമംഗലം ഗോതുരുത്തുവഴി കോട്ടപ്പുറം, പള്ളിപ്പുറം, ഞാറക്കൽ, കത്തേടം, ഓച്ചന്തുരുത്ത്, വല്ലാർപാടം, എറണാകുളം ഹജൂർകട്ടി, കുന്നുംകുന്നത്തു് ആശ്രമം, നടുവിലെപ്പള്ളി, തെക്കേപള്ളി, വടക്കേപള്ളി, ചാത്യാത്തു്, പെരുമാനൂർ. ലൂർദ് പുരം, തേവരപ്പള്ളി S. H. കോളെജ്, നെട്ടൂർ, കായൽവഴി കൊച്ചി, ഫോർട്ടുകൊച്ചി, അമരാവതി, നസ്രേത്തു്, തോപ്പുംപടി, പള്ളുരുത്തിവെളി, ഇടക്കൊച്ചി, അരൂർ, എരമല്ലൂർ, അർത്തുങ്കൽ, മുട്ടത്തങ്ങാടി, പൂങ്കാവു വഴി ആലപ്പുഴ കർമ്മൽ ചർച്ച്, പുത്തനങ്ങാടിവഴി മാർസ്ലീവാപള്ളി, തത്തമ്പള്ളി, ചെങ്ങന്നൂരിലും കോളയം ഭദ്രാസനപ്പള്ളി, നല്ലയിടയൻപള്ളി, തിരുഹൃദയക്കുന്നു്, മാന്നാനം കൊവേന്ത, അതിരമ്പുഴ, കുടമാളൂർ, കുറവിലങ്ങാട്ട്, മുത്തോലി, മോനിപ്പള്ളി, കൂത്താട്ടുകുളംവഴി മാറിക, മുതലക്കോടം തൊടുപുഴ അവിടെനിന്നു രാമപുരം, ചിററാർ, മരങ്ങാട്ടുപള്ളി, ചേർപ്പുങ്കൽ, കിടങ്ങൂർ ചുററി പാലാ, ഭരണങ്ങാനം, ഈരാററുപേട്ടവഴി അരീത്ര, കപ്പാട്ട്, കാഞ്ഞിരപ്പള്ളി, മണിമല, നെടുംകുന്നം, ചെത്തിപ്പുഴ, പാറ, സെൻറ് ബർക്ക്മൻസ് കോളെജ്, പുളിങ്കുന്നു, കാവാലം, കൈനികരി, ചമ്പക്കുളം, എടത്വാ, ചങ്ങനാശ്ശേരി ഭദ്രാസനപ്പള്ളി, തിരുവല്ല, നിരണം, കുന്നംതാനം, പുനലൂർ, കുണ്ടറ, കൊല്ലം, തങ്കശ്ശേരി, ശക്തികുളങ്ങര, ചവറ, മയ്യനാട്, ആററിങ്കൽ മുരിക്കുംപുഴ, പട്ടം, പാളയം, സെൻറ് ജോസഫ്സ് ഹൈസ്കൂൾ, വെള്ളയമ്പലം പാങ്ങോട്ട് ആശ്രമം, ശംഖുമുഖം, വേളി, വലിയതുറ, പൂവാർ, നെയ്യാററിൻകര, മേരിഗിരി, കഴിയക്കവിള, മൊഴുചെട്ടി, നാഗർകോവിൽ, കോട്ടാർ, ഇരണ്യംവഴി കൊളച്ചൽ, മുട്ടം, കോവളം, കന്യാകുമാരി എന്നീ സ്ഥലങ്ങളിൽ പര്യടനംനടത്തി ഫെബ്രുവരി 2-ാംനു കോട്ടാർ രൂപതയിൽനിന്നും, ഫാത്തിമാനാഥയുടെ തിരുസ്വരൂപം പാളയംകോട്ടവഴി തൂത്തുക്കുടി രൂപതയിൽ പ്രവേശിച്ചുകൊണ്ടു് കേരളപര്യടനം അവസാനിപ്പിച്ചു.

## ട്രാവലിംഗ് ബുക്ക ഡിപ്പോ

നമ്മുടെ അമ്മയായ ഫാത്തിമാരാജ്ഞിയുടെ കേരളസന്ദർശനസ്മാരകമായി രൂപമെടുത്ത "ദി ഫാത്തിമാ കത്തീൻസ് സ്റ്റോറി"ൽനിന്നു് അച്ചടിപ്പിച്ച "സ്മാരക പ്രസിദ്ധീകരണങ്ങളും" സ്റ്റോറിൽ സംഭരിച്ചിട്ടുള്ള മാതൃഭക്തിപ്രധാനങ്ങളായ നിരവധി പ്രസിദ്ധീകരണങ്ങളും സൽഗ്രന്ഥങ്ങളും ഭക്താപകരണങ്ങളും പടങ്ങളും സംവഹിച്ച് പ്രചരിപ്പിച്ചുകൊണ്ടു് 1949 ഡിസംബർ 17-ാംനു മുതൽ 1950 ഫെബ്രുവരി 2-ാംനു വരെ കണ്ണൂർ തുടങ്ങി കന്യാകുമാരിവരെ മൂന്നു അതിരൂപതകളിലും പതിനൊന്നു് രൂപതകളിലും അകമ്പടിസേവിച്ചു താഴെ പറയുംപ്രകാരം "ട്രാവലിംഗ് ബുക്ക ഡിപ്പോ" വിജയപ്രദമായി പ്രസിദ്ധീകരണപ്രചരണവേല നടത്തിയിരിക്കുന്നു.

കോഴിക്കോട്ട് രൂപതയിൽ 4 സ്ഥലത്തും, കോയമ്പത്തൂർ രൂപതയിൽ ഒന്നും, തൃശ്ശൂർ രൂപതയിൽ എട്ടും, വരാപ്പുഴ അതിരൂപതയിൽ പതിനൊന്നും, എറണാകുളം അതിരൂപതയിൽ എട്ടും, കൊച്ചി രൂപതയിൽ ഏഴും, ചങ്ങനാശ്ശേരി രൂപതയിൽ പന്ത്രണ്ടും, കോട്ടയം രൂപതയിൽ നാലും, വിജയപുരം രൂപതയിൽ ഒന്നും, തിരുവല്ലാ രൂപതയിൽ രണ്ടും, കൊല്ലം രൂപതയിൽ അഞ്ചും, തിരുവനന്തപുരം അതിരൂപതയിൽ പത്തും; തിരുവനന്തപുരം രൂപതയിൽ അഞ്ചും, കോട്ടാർ രൂപതയിൽ നാലും സ്ഥാനങ്ങൾ ഉൾപ്പെടെ 75 സ്ഥലങ്ങളിൽ ക്യാമ്പുചെയ്തു് പ്രവർത്തനം നടത്തി. മദ്രാസിലും പ്രവർത്തനംനടത്തുവാൻ ഉദ്ദേശമുള്ളതായി അറിയുന്നു.

---

## ബ്രിട്ടനിലെ തിരഞ്ഞെടുപ്പ്

ബ്രിട്ടനിൽ 1945 മുതൽ നിലവിലിരുന്ന പാർലിമെൻറ് പിരിച്ചുവിട്ടുകൊണ്ടുള്ള വിളംബരത്തിനു് ജോർജ്ജ് രാജാവു് ഫെബ്രുവരി 3-ാംനു ഒപ്പുവച്ചിരിക്കുന്നു. ഫെബ്രുവരി 23-ാംനു പൊതുതിരഞ്ഞെടുപ്പു നടക്കുന്നതാണു്. 625 നിയോജകമണ്ഡലങ്ങളിലായി 1700 സ്ഥാനാർത്ഥികൾ മത്സരിക്കുന്നുണ്ടു്. ഉദ്ദേശം മൂന്നരക്കോടി സമ്മതിദായകന്മാരാണു ബ്രിട്ടനിലുള്ളതു്. യാഥാസ്ഥിതികർ, ലേബർ, ലിബറൽ, കമ്മ്യൂണിസ്റ്റ്, സ്വതന്ത്രർ എന്നിങ്ങനെ വിവിധകക്ഷികളിൽപ്പെട്ട സ്ഥാനാർത്ഥികൾ മത്സരത്തിൽ പങ്കെടുക്കുന്നുണ്ടു്.

## ഹൈഡ്റജൻ ബോംബ്

അണുബോംബിനെക്കാൾ വളരെ മടങ്ങു നശീകരണശക്തിയുള്ള ഹൈഡ്റജൻ ബോംബു നിർമ്മിക്കുന്നതിനു് വേണ്ട നടപടികൾ സ്വീകരിക്കുവാൻ അമേരിക്കൻ പ്രസിഡണ്ടു ട്രൂമൻ അണുശക്തി കമ്മീഷനു് ആജ്ഞ നല്കിയിരിക്കുന്നതായി റിപ്പോർട്ടുകളിൽ കാണുന്നു. നൂറു ചതുരശ്രമൈൽ സ്ഥലം തരിപ്പണമാക്കുവാൻ ഈ ഒരു ബോംബു മതിയാകുമത്രെ. പ്രസ്തുത ബോംബിനെപ്പററി ഒരു സർവ്വജ്ഞരെ [illegible] എന്ന വർത്തിക്കാൻപത്രം പറഞ്ഞതു് ലോകത്തെ ഘോരാന്ധകാരത്തിലേക്കു വലിച്ചിഴയ്ക്കുന്നതിനു പര്യാപ്തമായ ഒരു നശീകരണോപകരണമാണ എന്നത്രെ.

## ഒരു ദിവസത്തിൽ

കഴിഞ്ഞമാസത്തിൽ പരിശുദ്ധ പിതാവു് ഒരു ദിവസംതന്നെ 1600 വിശുദ്ധവത്സരതീർത്ഥകരെ സ്വീകരിക്കുകയും 14 പ്രത്യേക സന്ദർശനങ്ങൾ അനുവദിക്കുകയും ചെയ്യുകയുണ്ടായി.

ആരോഗ്യപംക്തി

# രോഗസംക്രമണം

(എ. വി. തോമസ്, ബോംബെ)

നമ്മുടെ നഗരങ്ങളിലും പട്ടണങ്ങളിലും ഉൾനാടുകളിലും വഴിയരുകിൽ സാധാരണ—വേനൽക്കാലത്തു പ്രത്യേകിച്ചും—കണ്ടുവരുന്ന ഒരു കാഴ്ചയാണു് മുറിച്ചു പഴങ്ങളും മധുരപലഹാരങ്ങളും വറുത്തതും പുഴുങ്ങിയതുമായ ഭക്ഷണസാധനങ്ങളും വില്‍ക്കാൻ വച്ചിരിക്കുന്നതു്. ഈ കാഴ്ച സാധാരണ ഒരുവനു വിശപ്പു തോന്നിപ്പിക്കുന്നതും ആ സാധനങ്ങൾ വാങ്ങാൻ പ്രേരിപ്പിക്കുന്നതുമാണു്. നല്ല പഴത്തുണ്ടുപോലെ വെള്ളരിക്കായും മുറിച്ചു് സുഗന്ധം വീശുന്ന ചക്കപ്പഴവും പകുതി പൊളിച്ച മധുരനാരങ്ങയും പുഴുങ്ങിയ അരിയുണ്ടയും പൊരിച്ച പപ്പടവും—ഇങ്ങനെ വഴിയരുകിൽ കാണുന്നവ ഒരുവന്റെ "വായിൽ വെള്ളം നിറയ്ക്കുവാൻ" പര്യാപ്തമാണെന്നു പറയേണ്ടല്ലോ. എന്നാൽ ഇവയ്ക്കു് ഒരു മറുവശംകൂടെയുണ്ടു്. ഈ സാധനങ്ങൾ വയ്ക്കുന്ന വാഴയിലയും കൊട്ടയും മററും പലപ്പോഴും വൃത്തിഹീനമായ സ്ഥലത്തിനു മീതെ ആയിരിക്കും ഇരിക്കുന്നതു്. അതിനു ചുററും പൊതിയുന്ന ഈച്ചകൾക്കു് ഒരു കുറവും ഉണ്ടായിരിക്കയില്ല. ആളുകളും മൃഗങ്ങളും നടക്കുമ്പോൾ ഉണ്ടാകുന്ന പൊടി ഈ സാധനങ്ങളിൽ പററിപ്പിടിക്കുന്നു. ഇവയെല്ലാം സാംക്രമിക രോഗങ്ങളുടെ വളർച്ചയ്ക്കു് വളരെ സഹായിക്കുന്നു. ഇത്തരം സാധനങ്ങൾ ഭക്ഷിച്ചു് തങ്ങൾ അറിയാതെതന്നെ ജനങ്ങൾ രോഗാധീനരാകുന്നു. നമ്മുടെ ഇടയിൽ സർവസാധാരണമായ കോളറ മുതലായ രോഗങ്ങളുടെ സന്തതസഹചാരിയായ ഈച്ചയും രോഗപ്പകർച്ചയ്ക്കു വളരെ സഹായിക്കുന്ന മറെറാരു സംഗതിയാണു്. "നാടിനെ ഒരു വലിയ തുപ്പൽപാത്രമായി രൂപാന്തരപ്പെടുത്തുന്ന"തിനെപ്പററി കുറേമുമ്പു് പ്രസിദ്ധനായ ഒരു ഭിഷഗ്വരൻ ശക്തിപൂർവ്വം പ്രതിഷേധിക്കയുണ്ടായി.

ക്ഷയത്തിനും ജ്വരപ്പനിക്കും അതിവേഗം വളരാൻ പററിയ സാഹചര്യങ്ങളാണു് മുകളിൽ പറഞ്ഞവ. തന്മൂലം ഈ രണ്ടു രോഗങ്ങളും നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്നതു് അത്ഭുതമല്ലല്ലോ. ക്ഷയരോഗത്തിന്റെ കണക്കു കേട്ടാൽ പേടി തോന്നും. പ്രതിവർഷം അഞ്ചുലക്ഷം ജനങ്ങൾ ഇൻഡ്യയിൽ ക്ഷയരോഗംമൂലം മരിക്കുന്നുണ്ടത്രേ. ഇരുപത്തഞ്ചുലക്ഷം പേർക്കു് പുതുതായി രോഗം ബാധിക്കുകയും ചെയ്യുന്നു. എണ്ണൂറു പേർക്കു് ഒരാൾവീതം ഇവിടെ ക്ഷയരോഗംമൂലം മരിക്കുന്നു എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. മലിനവും വായുസഞ്ചാരമില്ലാത്തതും വെളിച്ചം കയറാത്തതുമായ മുറികളിൽ ആളുകൾ തിങ്ങിക്കൂടി പാർക്കുക, ശുദ്ധവായു ആവശ്യത്തിനുമാത്രം ശ്വസിക്കാതിരിക്കുക, മതിയായ ആഹാരമില്ലാതിരിക്കുക, അത്യധികമായി അദ്ധ്വാനിക്കുക, വേണ്ടുവോളം വിശ്രമിക്കാതിരിക്കുക—ഇവ ക്ഷയരോഗം വ്യാപിക്കുന്നതിനു് വളരെ സഹായിക്കുന്നുണ്ടു്.

ക്ഷയരോഗത്തിന്റെ ഭീതിജനകമായ വളർച്ചയും അതു തടയേണ്ടതിന്റെ ആവശ്യകതയും ജനനേതാക്കന്മാരുടെ ശ്രദ്ധയിൽ പെട്ടിരിക്കുന്നുവെന്നതു് ആശ്വാസജനകമത്രേ. ക്ഷയരോഗാശുപത്രികളും, ആരോഗ്യകേന്ദ്രങ്ങളും വൈദ്യോപദേശസ്ഥാനങ്ങളും ഇക്കാലത്തു് ബി. സി. ജി. കുത്തിവയ്പു മൂലം രോഗബാധിതരെ സുഖപ്പെടുത്തുന്നതിനും മററുള്ളവരെ ബാധിക്കാതിരിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ടു്. എന്നാൽ ഈ ഏർപ്പാടുകൾ ഇന്നത്തെ ആവശ്യത്തിനു് ഒട്ടുംമതിയായതല്ല. വിവിധദശകളിൽ ക്ഷയരോഗബാധിതരായ ലക്ഷക്കണക്കിനു ജനങ്ങളിൽ 500 000 പേരെയെങ്കിലും കിടത്തി ചികിത്സിക്കുന്നതിനു വേണ്ട സജ്ജീകരണങ്ങളും രോഗനിവാരണമാർഗ്ഗങ്ങളെപ്പററി വിദഗ്ദ്ധോപദേശം നൽകുന്നതിനു് നാലായിരം കേന്ദ്രങ്ങളും ആവശ്യമാണു്. എന്നാൽ ഇപ്പോൾ 8000 പേരെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യവും 150 ഉപദേശകേന്ദ്രങ്ങളും മാത്രമേയുള്ളു.

ക്ഷയരോഗത്തെ തടയുന്നതിനു് ഊർജ്ജിതമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. വൃത്തിയുള്ളതും വായുസഞ്ചാരമുള്ളതുമായ ഗൃഹങ്ങൾ ഉണ്ടാക്കുകയും അവയുടെ പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കുകയും, ശരിയായ പോഷകാംശങ്ങൾ അടങ്ങിയ ഭക്ഷണസാധനങ്ങൾ ഉപയോഗിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ പൊതുജനങ്ങൾക്കു കൊടുക്കുകയും പാലു മുതലായ ഭക്ഷണസാധനങ്ങളിൽ ആരോഗ്യഹരങ്ങളായ സാധനങ്ങൾ കലത്താതെ സൂക്ഷിക്കുകയും കുട്ടികൾക്കും യുവജനങ്ങൾക്കും വൈദ്യപരിശോധന നടത്തുകയും ആണു് രോഗനിവാരണമാർഗ്ഗമായി ആദ്യം ചെയ്യേണ്ടവ. രോഗബാധിതരുടെ ചികിത്സയ്ക്കുവേണ്ട ആശുപത്രികളും ആരോഗ്യകേന്ദ്രങ്ങളും അവരെ പ്രത്യേകം താമസിപ്പിക്കുന്നതിനുവേണ്ട സൗകര്യങ്ങളുമാണു് പിന്നീടുണ്ടാകേണ്ടതു്. ഈ വിഷയങ്ങളിൽ പൊതുജനങ്ങൾ വേണ്ടവിധം ശ്രദ്ധിച്ചാൽ ക്ഷയരോഗത്തിന്റെ ഇന്നത്തെ ഭയങ്കരമായ വളർച്ചയെ ഫലപ്രദമായി തടയാവുന്നതാണു്.

(From the leader of the Sunday News, Bombay, 8th May 194..)

—

# ഫാത്തിമായിലെ കുട്ടികൾ

(4-ാം പേജ് തുടർച്ച)

ലത്തുവച്ചുള്ള അവസാന സന്ദർശനമാണതെന്നു കുട്ടികൾക്കു മനസ്സിലായി. തന്റെ സ്വർഗ്ഗീയകുമാരൻ ഭരമേല്പിച്ചിരുന്ന കൃത്യം മാതാവു പൂർത്തിയാക്കി. ജപമാലയെപ്പററിയുള്ള ആഴമേറിയ സ്നേഹവും, ആത്മാക്കൾക്കു സ്വർഗ്ഗീയവരങ്ങൾ നേടിക്കൊടുക്കുന്നതിൽ അതിന്റെ അത്ഭുതാവഹമായ ശക്തിയെക്കുറിച്ചുള്ള ജ്ഞാനവും മാതാവു ആ ഇടയക്കുട്ടികളുടെ ഹൃദയങ്ങളിൽ അങ്കുരിപ്പിച്ചു. എന്നാൽ ഈ അറിവും സ്നേഹവും അവരുടെ ഹൃദയങ്ങളിൽമാത്രം ഒതുക്കിവയ്ക്കാൻ ഉദ്ദേശിക്കപ്പെട്ടവയായിരുന്നില്ല. അവ മററുള്ളവരിലേക്കു കൈമാറുവാനുള്ളവയായിരുന്നു. ലോകമാസകലമുള്ള ഉത്തമകത്തോലിക്കർ അത്ഭുതകരമായ ഈ പ്രാർത്ഥന യാചിക്കുകയും സ്നേഹിക്കയും പൂർണ്ണമനസ്സോടും ഭക്തിയോടുംകൂടി നിത്യവും ഇതു ചൊല്ലുകയും ചെയ്യണമെന്നുള്ളതു ദൈവത്തിന്റെ തിരുവുള്ളമായിരുന്നു. ഇപ്രകാരം ചെയ്യുന്നപക്ഷം ജപമാലമാതാവിന്റെ എന്തെന്തനുഗ്രഹങ്ങളാണു് അവരുടെമേൽ വർഷിക്കപ്പെടാത്തതു്! എത്രയെത്ര സങ്കടങ്ങളും വിഷമതകളുമാണു് അവരുടെ ഗൃഹങ്ങളിൽനിന്നു് ഒഴിഞ്ഞുപോകാത്തതു്!

മാതാവു് അപ്രത്യക്ഷയാകാൻ തുടങ്ങുകയാണെന്നു് കുട്ടികൾക്കു മനസ്സിലായി. കാഴ്ചയിൽനിന്നു മായുംമുമ്പായി മാതാവു കൈയുയർത്തി സൂര്യനെ ചൂണ്ടിക്കാണിച്ചു.

"സൂര്യനെ നോക്കുക." അതേ ആംഗ്യംതന്നെ ആവർത്തിച്ചുകൊണ്ടു് ലൂസി ജനക്കൂട്ടത്തോടു പറഞ്ഞു. എല്ലാവരും ആകാശത്തിലേക്കു ദൃഷ്ടികളുയർത്തി. എന്തു! അത്ഭുതങ്ങളുടെ അത്ഭുതം! മഴമാറി ആകാശം തെളിഞ്ഞു. മേഘങ്ങൾക്കിടയിൽ മറഞ്ഞിരുന്ന സൂര്യൻ പ്രകാശിച്ചു; കണ്ണഞ്ചിക്കുന്ന ദീപ്തിമത്തായ ആഗ്നേയഗോളംപോലെയല്ല, കണ്ണിമയ്ക്കാതെ ആർക്കും നോക്കാവുന്ന മങ്ങിയ വെള്ളിത്തകിടുപോലെ—.

"എന്റെ ഈ എൺപതുവയസ്സിനിടയ്ക്കു് ഈരീതിയിൽ സൂര്യനെ ഞാൻ കണ്ടിട്ടില്ല. ഇനി, എന്റെ കണ്ണിന്റെ കാഴ്ചക്കുറവോ മററോ ആണോ?" ഒരു വൃദ്ധകർഷകൻ അയാളുടെ ഭാര്യയോടു പറഞ്ഞു.

"അല്ലല്ല, ഇതാണു് കുട്ടികൾ പറഞ്ഞിരുന്ന അത്ഭുതം; നിങ്ങൾ ഓർക്കുന്നില്ലേ?" ഭാര്യ ഓർമ്മിപ്പിച്ചു

അല്പസമയത്തിനുള്ളിൽ സൂര്യൻ ഏതോ ഒരു നിഗൂഢശക്തിയുടെ പ്രവർത്തനത്താൽ ആകാശത്തിൽ സ്വയം കറങ്ങാൻതുടങ്ങി; ചിന്താതീതമായ വേഗത്തിൽ ചുഴററപ്പെടുന്ന ഒരു അഗ്നിചക്രംപോലെ. പച്ച, ചുവപ്പു്, നീലം, ധൂമ്രം, മഞ്ഞ തുടങ്ങിയ വിവിധവർണ്ണങ്ങളിലുള്ള രശ്മികൾ ആകാശത്തിലെങ്ങും പ്രസരിപ്പിച്ചുകൊണ്ടു്—കോവയും പരിസരങ്ങളും പ്രകാശമാനമാക്കിക്കൊണ്ടു്—സൂര്യൻ ഭയജനകമായ വേഗത്തിൽ ചലിച്ചുകൊണ്ടിരുന്നു.

മൂന്നു മിനിട്ടിനുശേഷം സൂര്യന്റെ ഭ്രമണം നിലയ്ക്കുകയും പ്രകാശകതിരുകൾ അപ്രത്യക്ഷമാകുകയും ചെയ്തു. അത്ഭുതസ്തബ്ധരായി ആകാശത്തേക്കു ദൃഷ്ടികളുയർത്തി ശ്വാസംപോലും അടക്കിനിന്ന ജനാവലി അത്ഭുതത്തെപ്പററി സംസാരിക്കാനാരംഭിച്ചു

സൂര്യൻ വീണ്ടും ചുററിത്തിരിഞ്ഞുതുടങ്ങി. അങ്ങനെ മൂന്നു പ്രാവശ്യം സംഭവിച്ചു. വിവിധവർണ്ണത്തിലുള്ള പ്രകാശകതിരുകൾ ആഗ്നേയപദാർത്ഥങ്ങൾപോലെ അന്തരീക്ഷത്തെ ഭേദിച്ചു് ഇടവിടാതെ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുകൊണ്ടിരുന്നു. ലോകം ഒരു അഗ്നിപ്രളയത്തിലകപ്പെട്ടതുപോലെ കാണപ്പെട്ടു. സൂര്യഗോളം ആകാശത്തിൽനിന്നു് കോവയിലെ ആ ജനക്കൂട്ടത്തിന്റെ മേൽ വീണു തകരാനെന്നപോലെ പാഞ്ഞുവരികയാണെന്നു് അവർക്കു തോന്നി.

"ഇതു ലോകാവസാനമാണേ!" ഒരു സ്ത്രീ വിഭ്രാന്തിയോടെ വിളിച്ചുപറഞ്ഞു.

"എന്റെ ദൈവമേ, പാപിയായ ഞാൻ മരിക്കാനനുവദിക്കല്ലേ!" മറെറാരുത്തി നിലവിളിച്ചപേക്ഷിച്ചു.

"പരിശുദ്ധ കന്യകേ, എന്നെ കാത്തുരക്ഷിക്കണേ!" മൂന്നാമതൊരാൾ യാചിച്ചു

ആ മൂന്നു കുട്ടികൾ, സ്വർഗ്ഗീയസന്ദേശം, പ്രവചനം ഇവയെല്ലാം മറന്നു് പന്ത്രണ്ടുമിനിട്ടുനേരത്തേക്കു ജനങ്ങൾ ഏങ്ങലടിച്ചും വിലപിച്ചും പാപങ്ങളെപ്പററി പശ്ചാത്തപിച്ചു നെഞ്ചത്തടിച്ചും മനസ്താപപ്രകരണങ്ങൾ ചൊല്ലിക്കൊണ്ടിരുന്നു. പട്ടണത്തിൽനിന്നു വന്നിരുന്ന പരിഷ്കാരികളായ സ്ത്രീപുരുഷന്മാർപോലും ഭയചകിതരായി കണ്ണീരൊഴുക്കിക്കൊണ്ടു് ആളുകൾ ചവിട്ടിയിളക്കി മറിച്ചിട്ടിരുന്ന ചെളിനിറഞ്ഞ മണ്ണിൽ മുട്ടുകുത്തി പ്രാർത്ഥിച്ചു.

അത്ഭുതം എത്ര പെട്ടെന്നുണ്ടായോ, അതുപോലെ അവസാനിച്ചു. സൂര്യൻ സ്വർണ്ണവർണ്ണമായി പ്രകാശിച്ചു. വർണ്ണോജ്ജ്വലമായ പ്രകാശകതിരുകൾ ആകാശത്തിൽനിന്നു മറഞ്ഞു. എന്നിട്ടും ജനക്കൂട്ടത്തിന്റെ വിസ്മയത്തിനു് ഒരു ശമനവുമുണ്ടായില്ല.

ദീർഘനേരത്തെ മഴ നനഞ്ഞുകുതിർന്ന വസ്ത്രങ്ങൾ അത്ഭുതസമയത്തു നല്ലവണ്ണം ഉണങ്ങി. ആളുകൾ ചെളിയിൽ മുട്ടുകുത്തിയിരുന്നെങ്കിലും അവരുടെ ദേഹത്തോ വസ്ത്രങ്ങളിലോ അശേഷം അഴുക്കു പററുകയുണ്ടായില്ല.

"അതു് അത്ഭുതത്തിന്റെ മറെറാരു ഭാഗമാണു്. നമ്മുടെ പേരിൽ ഇത്രമേൽ ശ്രദ്ധ പതിപ്പിക്കുന്നമെങ്കിൽ അതു നമ്മുടെ പരിശുദ്ധ മാതാവുതന്നെയായിരിക്കണം." ചിലർ അഭിപ്രായപ്പെട്ടു.

"ഇതാ, ഇവിടെയൊരു രോഗശാന്തികൂടിയുണ്ടായിരിക്കുന്നു. മരിക്കാറായിരുന്ന ഒരു സ്ത്രീ പൂർണ്ണസുഖം പ്രാപിച്ചു." മററു ചിലർ പറഞ്ഞു. ഇതുമൂലം ജനങ്ങളുടെ അത്ഭുതവികാരങ്ങൾ ഒന്നുകൂടി വർദ്ധിച്ചു.

സൂര്യൻ ആകാശത്തു ചുററിക്കറങ്ങിക്കൊണ്ടിരുന്നപ്പോൾ മൂന്നു കുട്ടികൾക്കും തിരുക്കുടുംബത്തിന്റെ മനോഹരമായ ഒരു ദർശനം ലഭിച്ചു. നമ്മുടെ കർത്താവു ചുവന്ന വസ്ത്രങ്ങൾ ധരിച്ചു് വ്യാകുലമാതാവിനാൽ അനുഗതനായി ലൂസിക്കു പ്രത്യക്ഷപ്പെട്ടു. അനന്തരം മാതാവു തനിച്ചു് തവിട്ടുനിറത്തിലുള്ള വസ്ത്രങ്ങൾ ധരിച്ചു് കർമ്മലാത്തരിയവും കൈയിലേന്തി ലൂസിക്കു വീണ്ടും കാണപ്പെട്ടു. മുമ്പുണ്ടായ ദർശനങ്ങളിൽ സംഭവിച്ചതിനു വിപരീതമായി, ദർശനം നൽകിയവരിലാരും ലൂസിയോടു സംസാരിക്കയുണ്ടായില്ല.

"ഓക്കുവൃക്ഷത്തിന്റെ മുകളിലാണോ നിങ്ങൾ ഈ കാഴ്ചകൾ കണ്ടതു്?" ഒരാൾ ചോദിച്ചു.

"അല്ല; കറങ്ങിക്കൊണ്ടിരുന്ന സൂര്യന്റെ ഒരു ഭാഗത്തു്."

"ഞാൻ തിരുക്കുടുംബത്തിന്റെ ചിത്രം മാത്രമേ കണ്ടുള്ളു. ഫ്രാൻസീസ് കൂടതലായി വല്ലതും കണ്ടോ?" ജസീന്ത ചോദിച്ചു.

അവനും അത്രമാത്രമേ കാണുകയുണ്ടായുള്ളു. വെള്ളയുടുപ്പും നീലമേലങ്കിയും ധരിച്ച മാതാവിനെയും ചുവപ്പു വസ്ത്രങ്ങളണിഞ്ഞ വിശുദ്ധ യൗസേപ്പിനെയും ഉണ്ണിയീശോയെയും മാത്രം.

"ഉണ്ണിയീശോയ്ക്കു് ഒരു വയസ്സുമാത്രമേ പ്രായം തോന്നുമായിരുന്നുള്ളു. അവിടുന്നു് വിശുദ്ധ യൗസേപ്പിന്റെ കരങ്ങളിൽ വിശ്രമിച്ചിരുന്നു." ജനക്കൂട്ടം തിക്കിത്തിരക്കിക്കൊണ്ടിരുന്നതറിയാതെ ഫ്രാൻസീസ് പറഞ്ഞു. "അവിടുന്നു മനോഹരനായിരുന്നു; വളരെ വളരെ മനോഹരൻ, അല്ലേ ജസീന്തേ?"

—

# മണിമലഗ്രോട്ടോ

(ജെ. കെ. സി. മണിമല)

ഏകനായി ഈ കവാടത്തിൽ ഞാൻ അല്പമൊന്നു നിന്നുകൊള്ളട്ടെ. കണ്ണഞ്ചിക്കുന്ന കമനീയതയുടെ കുഞ്ഞലച്ചാർത്തുകൾ ചൊരിഞ്ഞുകൊണ്ടു് ആരാണു ആ "പാറപ്പടപ്പി"ൽ നിലകൊള്ളുന്നതു്: ഭക്തിയും മുക്തിയും സഞ്ചയിച്ചിണങ്ങുന്ന പരമരഹസ്യങ്ങൾ ഉള്ളടക്കിക്കൊള്ളുന്ന ആ ക്കൂപ്പുകൈ ആരുടേതാണു്? നൂററാണ്ടിനപ്പുറത്തെ ചരിത്രപ്രസിദ്ധിയുള്ള മണിമല പഴയ പള്ളിയുടെ പ്രവേശനദ്വാരത്തിൽ ഉടലെടുത്തുനില്ക്കുന്ന നയനാനന്ദകരമായ ആ സ്ഥാപനമേതു്?...... ഉത്തരമന്വേഷിച്ചുകൊണ്ടു് ഈ തൂലിക ഭാവനയുടെ മുമ്പിൽ സമർപ്പിച്ചുകൊള്ളുന്നു, ചില ചോദ്യചിഹ്നങ്ങൾ.

* * *

ലൂർദ്ദിലെ പ്രകൃതിരമണീയമായ പാറക്കെട്ടുകളിൽ ഒരു ഗ്രാമീണബാലികയ്ക്കു പ്രത്യക്ഷയായ ദിവ്യാംബിക; പരിഹാരത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും സന്ദേശവുമായി ജപമാല ഉയർത്തിക്കാണിച്ചുകൊണ്ടു് അനേകായിരങ്ങളെ മുക്തിമാർഗ്ഗത്തിലേക്കു നയിക്കുന്ന വരപ്രദായിനി, — വിപ്ലവവും വിദ്വേഷവും കൊണ്ടു രക്തപങ്കിലമായ രണാങ്കണത്തിൽ നെട്ടോട്ടമോടുന്ന ലോകത്തിനു ശാന്തിസന്ദേശം പകർന്നുകൊടുക്കുന്ന അക്ഷയപാത്രം, — കാലിത്തൊഴുത്തു മുതൽ കഴുകുമരം വരെ തന്റെ ദിവ്യസുതനോടൊന്നിച്ചു ജഗത്രാണകൃത്യത്തിൽ ഭാഗഭാക്കായ പ്രേമപ്രകാണ്ഡം,— അതേ മണ്ണിനും വിണ്ണിനും ജയിച്ചടക്കാൻ പാടില്ലാത്ത മഹിമാവിലാസങ്ങൾ നിറഞ്ഞുനില്ക്കുന്ന ശ്രീ മരിയാംബികയുടെ പ്രതിരൂപമാണു മണിമലയുടെ ഗ്രാമീണഭംഗിക്കു തിലകം ചാർത്തുന്നതു്. നാഗരികത്വം ജയക്കൊടി നാട്ടിയിട്ടുള്ള ആധുനികപരിഷ്കാരത്തിന്റെ മുമ്പിൽ സമർപ്പിക്കപ്പെടുന്ന ഈട്ടറഗ്രാമീണോപഹാരങ്ങളിൽ ഒന്നു്. അതെത്ര അഭിമാനഭരിതമല്ല ആനന്ദപൂരിതമല്ല.

II

വഴിക്കല്ലുകളേ, മാറിനില്പിൻ. ഞാൻ ഈ പരമസ്വച്ഛതയിൽനിന്നു വല്ലതും അല്പംകൂടെ കുറിച്ചുകൊള്ളട്ടെ. ഏകാഗ്രമായ ഈ ചിന്താസരണിയിൽ, ഞങ്ങൾ കാൽതട്ടിമറിഞ്ഞുവീഴുവാൻ, നിങ്ങൾ—നിർഗ്ഗുണർ, — എന്തിനു വിലങ്ങടിച്ചുനില്ക്കുന്നു.

* * *

ദിനങ്ങൾ അധികമായിട്ടില്ല, ഈ ഭാഗ്യാതിരേകം ഞങ്ങൾക്കു കൈവന്നിട്ടു്; ആരും അറിഞ്ഞിരുന്നില്ല, അമ്മയുടെ പള്ളിത്തേരുകൾ ഇങ്ങോട്ടു നീങ്ങുമെന്നു; തികച്ചും അപ്രതീക്ഷിതമായിരുന്നു, ആ സ്വർഗ്ഗസീമയിൽ തിരയടിക്കുന്ന തേജോവിലാസങ്ങൾ ഈ പാപപ്പരപ്പിലേക്കൊഴുകിവന്നതു്.

* * *

കാർമുകിൽക്കരിമ്പാറകളിൽ വർണ്ണദ്യുതി ചാർത്തുന്ന വാർമഴവില്ലിനെപ്പററി ആരു്, എന്തറിയുന്നു? കൂരിരുൾക്കുമ്പാരത്തിന്റെ ഉൾത്തലം പിളർക്കുന്ന ആ വിദ്യുല്ലതികയുടെ ആഗമനത്തിനു് ആർക്കും മുന്നറിവൊന്നുമില്ലല്ലോ

ദിവ്യജനനി, ലോകായതികത്വം തിങ്ങിനിറഞ്ഞ ഈ മേഖലപ്പരപ്പിൽ

പ്രഭാഷണം

# ദാമ്പത്യധർമ്മം

"ഇതിനാൽ പുരുഷൻ തന്റെ അപ്പനേയും അമ്മയേയും വിട്ടു് തന്റെ ഭാര്യയോടു ചേരും; അവർ ഇരുവരും ഒരു ജഡം ആവുകയും ചെയ്യും" (Eph. V. 31.)

മാർപ്പാപ്പായുടെ പ്രതിനിധിയായി ബാംഗളൂർ സുനഹദോസിൽ സംബന്ധിക്കുന്നതിനായി എഴുന്നള്ളിയ അത്യുന്നതകർദ്ദിനാൾ ഗിൽറോയി തിരുമനസ്സുകൊണ്ടു ഒരു സൽക്കാരവേളയിൽ രാഷ്ട്രപിതാവായ ഗാന്ധി കുടുംബജീവിതത്തിന്റെ പരിശുദ്ധിയെ സംരക്ഷിക്കുന്നതിൽ പ്രദർശിപ്പിച്ച ഔൽസുക്യത്തെ പരാമർശിച്ചു് ഇപ്രകാരം പ്രസ്താവിച്ചു: "അദ്ദേഹം ഇന്ത്യയെ തീവ്രമായി സ്നേഹിച്ചു; ഇന്ത്യയെക്കാളധികം ഇന്ത്യയിലെ ജനങ്ങളെ സ്നേഹിച്ചു. അതുകൊണ്ടായിരിക്കാം കുടുംബജീവിതത്തിന്റെ പരിശുദ്ധിക്കു യോജിക്കാത്തതായുള്ള എല്ലാററിനേയും അദ്ദേഹം എതിർത്തതു്. ഒരു രാഷ്ട്രത്തിന്റെ മഹത്വവും ഉന്നതിയും പരിശുദ്ധിയും കുടുംബജീവിതത്തിന്റെ ധാർമ്മികനിഷ്ഠയിലാണു് അടങ്ങിയിരിക്കുന്നതു്. ഇന്ത്യയിലെ ജനപ്പെരുപ്പം ഒരു ദുർഘടപ്രശ്നമാണെന്നു കരുതുന്നവരുണ്ടാകാം. എന്നാൽ ഗാന്ധിജി അങ്ങനെ കരുതിയിരുന്നില്ല..." രാഷ്ട്രപിതാവിന്റെ വാക്കുകളും പ്രവൃത്തികളും അക്ഷരംപ്രതി അനുവർത്തിക്കുന്നതിൽ ബദ്ധകങ്കണരായ ഭാരതീയർ കുടുംബജീവിതത്തിന്റെ പരിശുദ്ധിയെപ്പററിയുള്ള ആ അഭിവന്ദ്യനേതാവിന്റെ അഭിപ്രായങ്ങളേയും അനുകരിച്ചെങ്കിൽ എത്ര നന്നായിരുന്നു. അവിവാഹിതജീവിതത്തിലും ദാമ്പത്യജീവിതത്തിലും മനുഷ്യർ പാലിക്കേണ്ട പരിശുദ്ധിയെക്കുറിച്ചു കത്തോലിക്കാസഭ സയുക്തികം മുറുകെപ്പിടിക്കുന്ന ചില വിശിഷ്ടതത്വങ്ങൾ ഉണ്ടു്. ഇവയെ മനസ്സിലാക്കിക്കൊണ്ടാണു ഗാന്ധിജിതന്നെ ഒരിക്കൽ, "കത്തോലിക്കാസഭ ഇന്നും തഴച്ചുവളർന്നുകൊണ്ടിരിക്കുന്നുണ്ടെങ്കിൽ അതിനു കാരണം അതിലെ ചാരിത്രശുദ്ധിയാണു്" എന്നു് അഭിപ്രായപ്പെട്ടതു്. അക്രൈസ്തവനായ രാഷ്ട്രപിതാവു് ഇപ്രകാരം കുടുംബജീവിതത്തിലെ പരിശുദ്ധിയെ മുറുകെപ്പിടിക്കുന്നെങ്കിൽ ഒരു കത്തോലിക്കൻ അതിനെ എത്രമാത്രം ഉയർത്തിക്കാണിക്കണം?

ഭോഗലാലസമായ ഇന്നത്തെ ലോകത്തിന്റെ സ്ഥിതി സസൂക്ഷ്മം പരിശോധിക്കുമ്പോൾ വിവാഹം എന്ന പരിശുദ്ധ കൂദാശ എത്രമാത്രം മലീമസമാക്കപ്പെട്ടിരിക്കുന്നുവെന്നു മനസ്സിലാക്കാവുന്നതാണു്. വിവാഹമോചനം, ജനനനിയന്ത്രണം തുടങ്ങിയുള്ള നിഷിദ്ധസിദ്ധാന്തങ്ങൾ ഭൗതികയൂറോപ്പിൽനിന്നു് ഇന്ത്യയിലേക്കും ഇറക്കുമതി ചെയ്യപ്പെട്ടിരിക്കുന്നു. മൃഗീയതയുടെ പേക്കൂത്തുകൾ ജീവന്റെ പരിശുദ്ധമായ ഉറവയിൽ വിഷം കലർത്തുന്നു. ദൈവം വിവാഹബന്ധത്തെ പറുദീസായിൽവെച്ചു് സ്ഥാപിച്ചു; ക്രിസ്തുനാഥൻ അതിനെ ഒരു പരിശുദ്ധ കൂദാശയായി ഉയർത്തി; സഭ അതിന്റെ പരിശുദ്ധിയെ എല്ലാക്കാലത്തും മുറുകെപ്പിടിച്ചു. പുരുഷൻ, സ്ത്രീ എന്നിങ്ങനെ രണ്ടു വർഗ്ഗങ്ങളെ ദൈവം സൃഷ്ടിച്ചിരിക്കുന്നതു വിവാഹത്തെ ലക്ഷ്യമാക്കിയാണു്. സ്ത്രീപുരുഷബന്ധം വ്യക്തിക്കുവേണ്ടിയല്ല, പ്രത്യുത, കുടുംബത്തിന്റെയും മനുഷ്യവംശത്തിന്റെയും നിലനില്പിനു വേണ്ടിയാണു്. വിവാഹത്തിന്റെ പ്രാഥമികമായ ഉദ്ദേശ്യം സുഖാനുഭവമല്ലെന്നും പ്രത്യുത സന്താനോല്പാദനം വഴിയായി തങ്ങളുടെ ജീവൻ മററുള്ളവർക്കു നൽകുകയും മനുഷ്യവംശനിലനില്പിനു് ദൈവത്തിന്റെ ഉപകർത്താക്കളാകുകയുംചെയ്കയാണെന്നും ദമ്പതികൾ മനസ്സിലാക്കട്ടെ. ഈ പ്രാഥമികോദ്ദേശ്യത്തെ അവഗണിച്ചുകൊണ്ടോ, പരാജയപ്പെടുത്തിക്കൊണ്ടോ യാതൊന്നും പ്രവർത്തിക്കുവാൻ അവർക്കു പാടില്ല. സന്തോഷങ്ങൾ മാത്രം മതി, സന്താനങ്ങൾ വേണ്ട, എന്നു ദമ്പതികൾ എന്നു വിചാരിക്കുന്നുവോ അന്നു് പരിശുദ്ധമായ ഒരു കൂദാശ അശുദ്ധമാക്കപ്പെടുന്നു; സ്രഷ്ടാവിന്റെ ഉദ്ദേശ്യങ്ങൾ ചവിട്ടിമെതിക്കപ്പെടുന്നു. മാമ്മോദീസാ, വി. കുർബാന, തുടങ്ങിയ മററു കൂദാശകൾ പരിശുദ്ധമാണെന്നുവിശ്വസിക്കുന്നവർ വിവാഹവുംഅവയെപ്പോലെതന്നെ പരിശുദ്ധമായ ഒരുകൂദാശയാണെന്നു മനസ്സിലാക്കാത്തതാണു് അത്ഭുതം!

പഴയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തോബിയാസിന്റെയും സാറായുടേയും വിവാഹചരിത്രം ദമ്പതികൾ പ്രത്യേകം വായിച്ചിരിക്കണം. സാറയെ അതിനുമുമ്പു് ഏഴു ഭർത്താക്കന്മാർ വിവാഹം കഴിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അവർ ഓരോരുത്തരും മണവറയിൽ പ്രവേശിച്ച പ്രഥമരാത്രിയിൽത്തന്നെ വധിക്കപ്പെട്ടു. ഒരു പിശാചു് അവരെ കൊന്നുവെന്നു വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ പശ്ചാത്തലം നിമിത്തം സാറയെ വിവാഹം ചെയ്‌വാൻ തോബിയാസ് ഭയപ്പെട്ടു. അപ്പോൾ കൂട്ടുകാരനായ റപ്പായേൽ മാലാഖ പറഞ്ഞു: "നീ എന്റെ വാക്കു കേൾക്കുക. പിശാചിനു് എങ്ങനെയുള്ള മനുഷ്യരുടെമേലാണു് അധികാരമുള്ളതെന്നു് ഞാൻ പറഞ്ഞുതരാം. ദൈവത്തെ തങ്ങളിൽനിന്നു് അകററിക്കൊണ്ടു സ്വയം ജഡികസന്തോഷത്തിൽമുഴുകി ബുദ്ധിയില്ലാത്ത കുതിരകളേയും കോവർകഴുതകളേയുംപോലെ വിവാഹജീവിതം സ്വീകരിക്കുന്നവരുടെമേൽ മാത്രമേ പിശാചിനു് അധികാരം സിദ്ധിക്കയുള്ളു. എന്നാൽ നീയാകട്ടെ മണവറയിൽ പ്രവേശിക്കുമ്പോൾ മൂന്നു ദിവസം ശുദ്ധതയോടെ പ്രാർത്ഥനയിൽ ചിലവഴിക്കണം.........അതിനുശേഷം നീ, വെറും ജഡികസന്തോഷത്തിനുവേണ്ടിയല്ല പ്രത്യുത സന്താനങ്ങൾവഴിയായി ദൈവത്തിന്റെ അനുഗ്രഹാശിസ്സുകൾ ലഭിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ, അവളെ സ്വീകരിക്കണം." വിവാഹത്തിനുശേഷം മൂന്നു ദിവസം തോബിയാസും സാറയും പ്രാർത്ഥനയിൽ ചിലവഴിച്ചു. തോബിയാസ് ഇപ്രകാരം പ്രാർത്ഥിച്ചു: "കർത്താവേ, അങ്ങുന്നു് അറിയുന്നു, ഞാൻ എന്റെ ഈ സഹോദരിയെ ഭാര്യയായി സ്വീകരിക്കുന്നതു് ജഡികസന്തോഷങ്ങൾക്കുവേണ്ടിയല്ല പ്രത്യുത സന്താനപരമ്പരകളിൽ അങ്ങേ തിരുനാമം സ്തുതിക്കപ്പെടുവാൻവേണ്ടി മാത്രമാണെന്നു്." അവരുടെ വൈവാഹികജീവിതം അനുഗ്രഹസമ്പൂർണ്ണമായിരുന്നു. ഇപ്രകാരം ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ നമ്മുടെ ദമ്പതിമാർക്കു സാധിക്കുമോ? ഇതുപോലെയുള്ള ഉദ്ദേശ്യശുദ്ധിയും അവർക്കുണ്ടോ?

ഭക്ഷ്യപേയങ്ങൾ ജീവസന്ധാരണത്തിനു് അത്യന്താപേക്ഷിതമാണു്. എന്നാൽ അവയുടെ സ്വാദിൽ ലയിച്ചു് അവയെ അമിതമായി അനുഭവിക്കുന്നതു് പാപകരവും ആരോഗ്യത്തിനു് ഹാനികരവുമാണു്. ഇതുപോലെതന്നെ ദാമ്പത്യധർമ്മാനുഷ്ഠാനവും മനുഷ്യവർഗ്ഗത്തിന്റെ നിലനില്പിനു് അവശ്യം കൂടിയേ കഴിയൂ എന്നാൽ അതിൽ ഉദ്ദേശ്യശുദ്ധിയും മിതത്വവും പാലിക്കുവാൻ ദമ്പതികൾ കടപ്പെട്ടവരാണു്. ഈ വിഷയത്തിലുള്ള ക്രമരഹിതമായ സുഖാനുഭവങ്ങൾ വ്യഭിചാരത്തിനു തുല്യമായും ചിലപ്പോൾ അതിലും കഠിനമായുമുള്ള പാപമായി തീരുന്നതാണു്. ഈ വിധ പാപങ്ങളിൽ ഉൾപ്പെട്ടിരുന്ന ഓനാൻ എന്നൊരുവൻ ദൈവശിക്ഷയാൽ പെട്ടെന്നു മരിക്കുവാൻ ഇടയായതിൽനിന്നു് സർവ്വേശ്വരൻ ഇവയെ എത്ര അറപ്പോടും വെറുപ്പോടുംകൂടിയാണു് വീക്ഷിക്കുന്നതെന്നു് ഊഹിക്കാമല്ലോ. ഇക്കാര്യത്തിൽ ദമ്പതികൾ നല്ലവണ്ണം ആത്മസംശോധനം നടത്തട്ടെ. തെററായ ഒരു മനസ്സാക്ഷിയെ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അവർ ഉടനെ തെററുകൾ തിരുത്തേണ്ടതാണു്. മനസ്സാക്ഷിയെ വലിച്ചുനീട്ടിക്കൊണ്ടുള്ള വിട്ടുവീഴ്ചകളൊന്നും ഈ വിഷയത്തിൽ സാദ്ധ്യമല്ല. ഇതു കുറെ കഠിനമാണെന്നു സുഖേച്ഛുക്കൾക്കും തോന്നുമായിരിക്കാം. ക്രിസ്തുവിന്റെ ഉപദേശങ്ങൾ ശ്രവിച്ചവരിൽത്തന്നെ ഈ അഭിപ്രായക്കാർ ഉണ്ടായിരുന്നു. എന്നാൽ വിവാഹം ഒരു കൂദാശയാണല്ലോ. തന്നിമിത്തം ആ കൂദാശയുടെ പ്രത്യേകവരങ്ങൾ ദമ്പതിമാരെ സഹായിക്കാതിരിക്കയില്ല. പ്രാർത്ഥനയും, തങ്ങൾ മിശിഹായുടെ മൗതികശരീരത്തിന്റെ അവയവങ്ങളാണെന്നുള്ള വിചാരവും അവർക്കുമാർഗ്ഗനിർദ്ദേശംനല്കട്ടെ.

ദാമ്പത്യധർമ്മാനുഷ്ഠാനത്തിൽ വന്നുഭവിക്കുന്ന താറുമാറുകൾക്കെല്ലാം അടിയിൽ കടുത്ത സ്വാർത്ഥത മുഴച്ചുനില്ക്കുന്നതു കാണാം. ഗർഭധാരണം, പ്രസവം, ശിശുസംരക്ഷണം ഇവയെല്ലാം ഭാരവും ശല്യവുമാണു്; സ്വതന്ത്രജീവിതത്തിനു തടസ്സമാണു്; സൗന്ദര്യവും ക്ഷയിക്കും; മക്കൾ അധികമുണ്ടാകുമ്പോൾ ഭക്ഷണത്തിലും മററുസുഖസൗകര്യാദികളിലും പങ്കുകാർ വർദ്ധിക്കും; തദ്വാരാ സ്വന്തം സുഖസൗകര്യങ്ങൾ കുറഞ്ഞുപോകും; എന്നിങ്ങനെയുള്ള സ്വാർത്ഥപരമായ ഉദ്ദേശ്യങ്ങൾ പലപ്പോഴും ഒളിഞ്ഞുകിടക്കുന്നുണ്ടാകും. ദാമ്പത്യധർമ്മം ശരിയായവിധത്തിൽ അനുഷ്ഠിക്കുവാൻ പാടില്ലാതെ വരുന്ന സന്ദർഭങ്ങളിൽ സ്വയപരിത്യാഗമാണു പരിശീലിക്കേണ്ടതു്. ദമ്പതികൾ പരസ്പരം സ്നേഹിക്കണമെന്നുള്ളതു് ആവശ്യംതന്നെ. എന്നാൽ ഈ പരസ്പരസ്നേഹം പരിശുദ്ധമായ പ്രേമത്തിന്റെ ഫലമായിട്ടുവേണം ഉണ്ടാകുവാൻ. കേവലം ജഡികമായ സന്തോഷത്തെമാത്രം അടിസ്ഥാനമാക്കിയുള്ള സ്നേഹം നിസ്വാർത്ഥമല്ല, സ്ഥിരമല്ല. ഭാര്യക്കു സുഖമില്ല; ഗർഭധാരണം അപകടകരമാണു്; എന്നിങ്ങനെയുള്ള സന്ദർഭങ്ങളിൽ ഭർത്താവു സ്വയം സംയമനം പരിശീലിക്കുന്നെങ്കിൽ അതല്ലേ ഭാര്യയോടുള്ള യഥാർത്ഥമായ പ്രേമപ്രകടനം? സ്നേഹം പരിത്യാഗത്തിലല്ലേ അടങ്ങിയിരിക്കുന്നതു്?... ഗർഭിണികളായ സ്ത്രീകളേയോ സന്താനങ്ങൾ ധാരാളമുള്ള മാതാപിതാക്കന്മാരെയോ കാണുമ്പോൾ ഒരു സമുദായം അവരെ പുച്ഛരസത്തോടെ വീക്ഷിക്കയുംഅവരുടെനേരെ പരിഹാസശരങ്ങൾ തൊടുത്തുവിടുകയും ചെയ്യുന്നുവെങ്കിൽ ആ സമുദായം സ്വാർത്ഥലോലുപതയുടെ അടിത്തട്ടിലേക്കു അധഃപതിച്ചുപോയിരിക്കുന്നുവെന്നു തീർത്തും പറയാവുന്നതാണു്. സമുദായം അവരെ ആദരിക്കയും വേണ്ട പരിരക്ഷകൾ നല്കുകയുമാണു ചെയ്യേണ്ടതു്. അതുകൊണ്ടു ഗർഭിണികളും സന്താനസമ്പത്തുള്ളവരും അഭിമാനപൂർവ്വം ശിരസ്സുയർത്തി നടക്കട്ടെ. കാരണം, അതാണു് കുടുംബജീവിതം; അതാണു് ദാമ്പത്യധർമ്മം. (ജെ. ചെമ്മണ്ണൂർ)

---

അവിടുത്തെ സ്വർഗ്ഗീയരശ്മികൾ എന്നെന്നും പ്രതിഫലിച്ചിരുന്നെങ്കിൽ! ഈ പാപാന്ധകാരത്തെ കീറിപ്പിളക്കുവാൻ അങ്ങേ ദിവ്യതേജസ്സിന്റെ മിന്നൽപ്പിണറുകൾ ഇനിയുമിനിയും തിളങ്ങിത്തെളിഞ്ഞുകൊള്ളട്ടെ.

III

കൃതഘ്നതയുടെ വന്മതിൽക്കെട്ടുകളേ, അപ്പുറത്തേക്കൊന്നു കടന്നുപൊയ്ക്കൊള്ളട്ടെ; അമ്മയുടെ സിംഹാസനം ഇവിടെ ഒരുക്കിവച്ചു യുവസുഹൃത്തിന്റെ മുമ്പിൽ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ അർപ്പിച്ചുകൊള്ളട്ടെ. അദ്ദേഹം ആരാണു്? "ക. ണ. സ"കളെ കൈകൂപ്പി ആരാധിക്കുന്ന "മായാദാസ"ന്മാർക്കു് ഒരു മാർഗ്ഗദർശി;—ഹൃദയം നോവാതെ, കൈവിറയ്ക്കാതെപൊതുകാര്യത്തിനുപണമെണ്ണുവാൻ പൗരസഞ്ചയത്തിനു പ്രേരണ നൽകുന്ന പ്രശസ്തമതി,—അതാണു ശ്രീമാൻ ജേക്കബ്ബ് തോമസിന്റെ ഹ്രസ്വവും ഹൃദ്യവുമായ മാനസികചിത്രം.

നമസ്കാരം, സഹോദരാ. നൂററാണ്ടുകൾക്കപ്പുറത്തേക്കു താങ്കളുടെ സ്മരണകൾ ലൂർദ്ദ്നാഥ ഇവിടെ നിലനിർത്തിക്കൊള്ളും. "ചിതൽ നശിപ്പിക്കാത്തതും കള്ളന്മാർ അപഹരിക്കാത്തതുമായ" ഈ സമ്പാദ്യം തേടിവയ്ക്കുവാൻ തുനിഞ്ഞ വിവേകശക്തിക്കു വിദൂരനമസ്കാരം.

* * *

ഉള്ളതത്രയും കള്ളുഷാപ്പിൽ കാണിക്കയിട്ടിട്ടു്, ഉത്തരധ്രുവംമുതൽ ദക്ഷിണധ്രുവംവരെ ചിഞ്ഞുനാറുന്ന ദുർഭാഷണങ്ങളുമായി നടന്നുനീങ്ങുന്ന മദ്യാരാധകർ അമ്മയുടെ മുമ്പിൽ വന്നു ഇനിയെങ്കിലും അടങ്ങിയൊതുങ്ങി നിന്നു് ഒന്നു കൈകൂപ്പുകയില്ലേ? ആത്മാവിനു ശവക്കുഴി തോണ്ടുന്ന പാപപങ്കിലതയിൽ നിന്നെഴുന്നേററുവരുന്ന നരസൂകരന്മാർ അവിടെനിന്നൊന്നു നടുങ്ങുകയില്ലേ!

## കുഞ്ഞന്നാമ്മയുടെ നേരെ

(3-ാം പേജ് തുടർച്ച)

"ഇതു് അവളുടെ ആദ്യത്തെ ശണ്ഠകൂടലാണു്. ആക്കായാലും ഇമ്മാതിരി സന്ദർഭത്തിൽ കോപമുണ്ടായിപ്പോകും സാറാമ്മേ! സാറാമ്മ ഉള്ളിലെ വാത്സല്യം വെളിയിൽ കാണിക്കാതിരുന്നാൽ മോളിക്കുട്ടി ശരിപ്പെട്ടുതന്നെവരും."

സാറാമ്മയ്ക്കു പെട്ടെന്നു കോപമാണുണ്ടായതു്. എങ്കിലും അവൾ ചിന്തിക്കുവാൻ പ്രേരിതയായി. മത്തായിച്ചനും ഇതേരീതിയിലാണല്ലോ പറഞ്ഞതു്! അയാൾ തന്നോടു് ഒരു വാക്കുപോലും പറയാതെ പോകയും ചെയ്തു. അല്ല, താൻ അയാളെ ഓടിക്കുകയായിരുന്നു. അവർ രണ്ടുപേരും പറയുന്നതു ശരിയായിരിക്കുമോ? തനിക്കുതന്നെ തെററുപററിയിരിക്കാം! സാറാമ്മ വല്ലാതെ വിഷമിച്ചു. അരികിൽ നില്ക്കുന്ന മോളിക്കുട്ടിയെ നോക്കി. അവൾ വഷളാകാൻ താൻതന്നെയല്ലേ പ്രേരണനല്കിയതു്? സാറാമ്മയുടെ കോപമെല്ലാം പമ്പകടന്നു. അവളിൽ പശ്ചാത്താപത്തിന്റെ അലകൾ അങ്കുരിച്ചുതുടങ്ങി.

കുഞ്ഞന്നാമ്മ സാറാമ്മയുടെ കൈക്കു കടന്നുപിടിച്ചു: "നമുക്കു വീട്ടിൽ പോകാം. കുറച്ചു കാപ്പികുടിക്കാം. ഞാൻ ഇത്രനേരമായിട്ടും കാപ്പി കുടിച്ചില്ല. മോളിക്കുട്ടിയും വരൂ. മറിയക്കുട്ടിയുമൊരുമിച്ചു കാപ്പികുടിക്കാം."

സാറാമ്മ പരുഷഭാവത്തിൽ കൈവിടുവിച്ചുകൊണ്ടു് തനിക്കു് ഒന്നും വേണ്ടെന്നു പറഞ്ഞു.

"മോളിക്കുട്ടീ, വരൂ, മറിയക്കുട്ടി ശേഖരിച്ചുവെച്ചിരിക്കുന്ന സ്റ്റാമ്പെല്ലാം അവൾ കാണിച്ചുതരും." കുഞ്ഞന്നാമ്മ തുടർന്നുപറഞ്ഞു.

സാറാമ്മ പറഞ്ഞു: "നിങ്ങൾക്കു പേടിയില്ലേ? അവൾ ആ സ്റ്റാമ്പൊക്കെ കീറിക്കളഞ്ഞെങ്കിലോ!"

"ഇല്ലില്ല; സാറാമ്മ അവളോടു പറയണം, മറിയക്കുട്ടിയുടെ സ്റ്റാമ്പു കീറിക്കളഞ്ഞാൽ, മറിയക്കുട്ടിയെക്കൂട്ടിക്കൊണ്ടുപോയി, മോളിക്കുട്ടിയുടെ പാവകളും മററും പകരത്തിനെടുത്തുകൊടുക്കുമെന്നു്. അപ്പോൾ അവൾ മര്യാദയ്ക്കിരുന്നുകൊള്ളും."

"അതൊരു നല്ല സൂത്രമാണു്. എനിക്കതു തോന്നിയില്ല." സാറാമ്മ ഉത്സാഹപൂർവ്വം പറഞ്ഞു.

"വരണം; നമുക്കു വീട്ടിലേക്കുപോകാം." കുഞ്ഞന്നാമ്മ വീണ്ടും നിർബന്ധിച്ചു.

കുഞ്ഞന്നാമ്മയുടെ ഗൃഹത്തിലെത്തിയപ്പോൾ കാപ്പിയും പലഹാരങ്ങളും അവർ മേശപ്പുറത്തുകൊണ്ടുവച്ചു. സാറാമ്മയ്ക്കു് ആ ഗൃഹത്തിലെ ക്രമീകരണരീതി നന്നേ ബോധിച്ചു. അടുക്കളയും അവൾ കൗതുകത്തോടെ നോക്കി. തന്റെ മകളെ താൻ വഷളാക്കിയെന്നുള്ള ചിന്ത അവളെ ആക്രമിച്ചു. ഒരുപക്ഷേ, അറിയാതെ അങ്ങനെ വന്നുപോയതായിരിക്കാം. ഏതായാലും, ഇപ്പോൾ അപകടകരമായ നിലയിലെത്തിയല്ലോ!

"സാറാമ്മ വലിയ ഗൗരവത്തിലിരിക്കുന്നു. ഉൗ ങ്ങ്!" കുഞ്ഞന്നാമ്മ അഭിപ്രായപ്പെട്ടു. "സാറാമ്മ ഒന്നു ചിരിച്ചുകണ്ടെങ്കിൽ! ആ നുണക്കുഴി കാണാൻ എന്തു് ഐശ്വര്യമെന്നോ!"

സാറാമ്മയുടെ പ്രകൃതം ഒന്നു മാറി. അവൾ പുഞ്ചിരിതൂകി. "ഞാൻ ആലോചിച്ചുകൊണ്ടിരിക്കയാണു് ഇന്നുതന്നെ ഒരു കാപ്പിസൽക്കാരം നടത്തണമെന്നു്. അയൽക്കാർകുട്ടികളെയെല്ലാം ക്ഷണിക്കണം. മോളിക്കുട്ടി ചിലരുടെ കളിസാധനങ്ങളും മററും നശിപ്പിച്ചിട്ടുണ്ടല്ലോ. അവയെല്ലാം പകരം വാങ്ങിച്ചുകൊടുക്കുകയും ചെയ്യണം."

"കൊള്ളാം, നല്ലകാര്യം!" കുഞ്ഞന്നാമ്മ അഭിപ്രായപ്പെട്ടു.

"തീർച്ചയായും." സാറാമ്മ ഉറപ്പിച്ചു പറഞ്ഞു.

രാവിലെ താൻ കുഞ്ഞന്നാമ്മയെക്കുറിച്ചു് എന്തെല്ലാമാണു് വിചാരിച്ചതു്! ഇപ്പോഴോ? മത്തായിച്ചനെ പിണക്കുന്നതിനും കാരണമായിത്തീർന്നല്ലോ. അയാൾ പിണങ്ങിപ്പോയിരിക്കുന്നു!...... അതോർത്തപ്പോൾ സാറാമ്മയുടെ ഹൃദയത്തിൽ കൊള്ളിമീൻപാഞ്ഞു......... പക്ഷേ, ഇപ്പോഴത്തെ സ്ഥിതിഗതികളറിഞ്ഞാൽ അയാളുടെ ആ മനോഭാവമൊക്കെ മാറും. മത്തായിച്ചൻ ആനന്ദത്തിൽ ആറാടുകതന്നെ ചെയ്യും.

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം
## XI

ക്രൂദാശാഘടകങ്ങൾ

ദിവ്യരക്ഷകനാൽ ശാശ്വതമായി സംസ്ഥാപിതവും, പ്രസാദവരത്തെ സൂചിപ്പിക്കയും, സൂചിപ്പിക്കുന്നതിനെ ഉല്പാദിപ്പിക്കയും ചെയ്യുന്നതുമായ ദൃശ്യചിഹ്നമാണല്ലോ പുതിയനിയമത്തിലെ സംസ്കാരകർമ്മം അഥവാ കൂദാശ. കുമ്പസാരത്തിന്റെ ഘടകങ്ങൾ അനുതാപിയുടെ മനസ്താപം, പാപോച്ചാരണം, പ്രായശ്ചിത്താനുഷ്ഠാനം, പുരോഹിതന്റെ പാപവിമോചനവിധിവാചകം എന്നിവയിൽ അടങ്ങിയിരിക്കുന്നു.

പാപവിമോചനാധികാരം ന്യായവിചാരണരീതിയിൽ പ്രയോഗിക്കപ്പെടേണ്ടതാകയാൽ, അദ്ധ്യാത്മകുററവാളിയായ അനുതാപി ആദ്യംതന്നെ ചിലതെല്ലാം അനുഷ്ഠിക്കേണ്ടതുണ്ട്. കണ്ടവരുടേയും കേട്ടവരുടേയും പാപങ്ങൾ പോക്കുവാൻ പുരോഹിതന്നധികാരമില്ല; പ്രത്യുത, പാപമോക്ഷത്തിനു അവശ്യം ആവശ്യമായ വ്യവസ്ഥകൾ നിറവേററുന്നവൎക്കുമാത്രമേ പാപവിമോചനം നല്കുവാൻ പാടുള്ളു. താഴെപറയുന്നവയാണ് ആ വ്യവസ്ഥകൾ —പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുക; പാപങ്ങൾ പരമാൎത്ഥഹൃദയത്തോടെ ഏററുപറയുക; കുമ്പസാരക്കാരൻ നിർദ്ദേശിക്കുന്ന പ്രായശ്ചിത്തമെടുക്കുക.

ഇവയിൽ സർവ്വപ്രധാനമായിട്ടുള്ളതു അനുതാപമാണ്. പാപോച്ചാരണവും പരിഹാരാനുഷ്ഠാനവും കൂടാതെതന്നെ ചില സാഹചര്യങ്ങളിൽ പാപപ്പൊരുതി സമ്പാദിക്കുവാൻ കഴിയും. എന്നാൽ മനസ്താപം കൂടാതെ ഒരിക്കലും അതു സാദ്ധ്യമല്ല. ഉദാഹരണമായി സംസാരശക്തി നഷ്ടപ്പെട്ട ഒരു രോഗിക്കു പാപങ്ങൾ പറഞ്ഞു കുമ്പസാരിക്കുവാൻ കഴിവില്ലല്ലോ. എന്നുവരികിലും ഉൾത്താപത്തോടെ പാപവിമോചനം സ്വീകരിച്ചാൽ പാപപ്പൊരുതി പ്രാപിക്കുന്നതാണ്. നേരെമറിച്ച് എത്ര നിഷ്കർഷാപൂർവ്വം പാപങ്ങൾ എണ്ണിയെണ്ണി ഏററു പറഞ്ഞാലും, എത്ര സസന്തോഷം പ്രായശ്ചിത്തനിർദ്ദേശം അംഗീകരിച്ചാലും, പശ്ചാത്താപമില്ലെങ്കിൽ പാപവിമോചനവചനങ്ങൾ നിരൎത്ഥകവും നിഷ്ഫലവുമായി പരിണമിക്കും. എന്തുകൊണ്ടെന്നാൽ അനുതപിക്കപ്പെടാത്ത പാപത്തിനു പൊരുതി നല്കുവാൻ നിത്യനീതിമാനായ ദൈവത്തിനു സാദ്ധ്യമല്ല. പശ്ചാത്താപംഉൾക്കൊള്ളാതെ ആരെങ്കിലും പാപത്തെ വെറുക്കുകയോ, പാപത്തിൽനിന്നും പാപസാഹചര്യങ്ങളിൽനിന്നും വിട്ടകലുകയോ ചെയ്യുന്നുഎന്നു പറയാമോ?

ത്രിദന്തിനോസ് സൂനഹദോസിന്റെ നിർവ്വചനപ്രകാരം മനസ്താപം അന്തരംഗത്തിലെ ദുഃഖത്തിലും, ചെയ്തുപോയ പാപത്തെക്കുറിച്ചുള്ള വെറുപ്പിലും, മേലിൽപാപംചെയ്കയില്ലെന്നുള്ള ദൃഢപ്രതിജ്ഞയിലുമാണടങ്ങിയിരിക്കുന്നതു്. പാപം അനന്തനന്മയായ ദൈവത്തിന്നെതിരായുള്ള ഉഗ്രമായ ധാൎമ്മികതിന്മയാണ്. ആകയാൽ പാപി ആത്മാൎത്ഥമായി ദൈവസവിധത്തിലേക്കു പിന്തിരിയുമ്പോൾ തന്റെ പാപവൃത്തികളെക്കുറിച്ചു ഹൃദയപൂർവ്വം അനുതപിക്കാതിരിപ്പാൻ നിവൃത്തിയില്ല. പാപത്തിന്റെ നീചത്വവും തന്മൂലമുളവാകുന്ന ഭയങ്കരശിക്ഷകളും ശരിക്കു ഗ്രഹിക്കുമ്പോൾ ആരാണു പാപത്തെ സർവ്വാത്മനാ വെറുക്കാതിരിക്കുക! ഭാവിയിൽ താദൃശവിപത്തിലുൾപ്പെടാതെ നോക്കുന്നതാണെന്നു മനസ്സിൽ ഉറയ്ക്കാതിരിക്കുക! പശ്ചാത്താപം പരമാൎത്ഥമാകണമെങ്കിൽ അതു മാനസികവും, അതിസ്വാഭാവികവും, പരമവും, സാർവ്വത്രികവുമായിരിക്കണം. മനസ്സമ്മതം കൂടാതെ പാപം ആത്മാവിൽ പ്രവേശിക്കയില്ല. അതേവിധംതന്നെ പാപബാധ നീങ്ങിക്കിട്ടുവാൻ ഉൾത്താപത്താൽ മനസ്സിളകണം. ആകയാൽ കരയുകയും കണ്ണീരൊഴുക്കുകയും നെടുവീർപ്പിടുകയും മററുംപോലുള്ള ബാഹ്യമായ ഖേദപ്രകടനങ്ങൾ നടത്തുകയും ചെയ്താൽ പോരാ. പാപിയുടെ ഹൃദയമാണു തകരേണ്ടതു്. ബെത്സെയിദാ കുളത്തിലെ വെള്ളം മാലാഖാ കലക്കിയതിനുശേഷം ആദ്യമായിട്ടതിലിറങ്ങി മുങ്ങുന്ന രോഗി പരിപൂർണ്ണസൗഖ്യം പ്രാപിച്ചിരുന്നു. പുതിയ നിയമത്തിലെ അദ്ധ്യാത്മബെത്സെയിദായാണു പാപസങ്കീർത്തനം. അതിലിറങ്ങുന്ന രോഗിയുടെ ഉൾത്തടമാണു മനസ്താപത്താൽ കലങ്ങിമറിയേണ്ടതു്. ഇന്ദ്രിയപരമായ ദുഃഖപ്രകാശനം നിഷിദ്ധമാണെന്നല്ല ഇപ്പറഞ്ഞതിന്റെ സാരം. അതു് ആഭ്യന്തരദുഃഖത്തിന്റെ ബഹിഃപ്രകടനമാണെങ്കിൽ നല്ലതുതന്നെ. എന്നാൽ അതില്ലെങ്കിൽ തന്നെയും പാപത്തെക്കുറിച്ചുള്ള ദുഃഖവും വെറുപ്പും ഹൃദയസ്പൃക്കാണെങ്കിൽ പാപസങ്കീർത്തനത്തിന്റെ ഫലസിദ്ധിക്കു് അതു ധാരാളം മതി.

(പി. കെ.)

---

പുസ്തകാഭിപ്രായം

## യേശുവും ശിഷ്യന്മാരും

(ഒരു പ്രഹസനം — ഗ്രന്ഥകൎത്താ: ജി. സി. ടീലാർ—പക്ഷം: 55. വില 6ണ. മദ്ധ്യസ്ഥൻ ബുക്കു ഡിപ്പോ, ചങ്ങനാശ്ശേരി)

അനുഗൃഹീത ചെറുകഥാകൃത്തും തികഞ്ഞ ഒരു ചിന്തകനുമായ ഫാദർ ജി. സി. ടീലാർ ഒരു പ്രഹസനകൃത്തുകൂടെയാണെന്നു് അദ്ദേഹത്തിന്റെ "കടന്നുപോകുന്നയേശു", "മോളി" എന്നീ പ്രഹസനങ്ങൾ ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്. "ഏശുവും ശിഷ്യന്മാരും" എന്ന ഈ പുതിയ പ്രഹസനം ദിവ്യരക്ഷാനാഥനിലും ശിഷ്യന്മാരിലുമുള്ള മനുഷ്യത്വം നമ്മുടേതിൽനിന്നു വ്യത്യസ്തമല്ലെന്നു് അനുവാചകരെ അറിയിക്കുവാനുള്ള ആകാംക്ഷയോടെയാണു രചിച്ചിരിക്കുന്നതു്. ഉപോദ്ഘാതം എഴുതിയിരിക്കുന്ന ശ്രീ കെ. സി. ചാക്കോ ഈ സംഗതി സ്പഷ്ടമായി പ്രസ്താവിച്ചിരിക്കുന്നു. ഈശോയും ശിഷ്യന്മാരും പ്രകൃത്യതീതജീവിതത്തിലേക്കു് ഉയൎത്തപ്പെട്ട ചിലവ്യക്തികളായി പലരുടേയും സങ്കല്പത്തിൽ സ്ഥിതിചെയ്യുന്നുണ്ട്. അതല്ല, അവർ നെററിയിലെ വിയൎപ്പുകൊണ്ടു ഭക്ഷണം നേടിവന്ന ചില യഹൂദന്മാർ, ധനം, സുഖം, അധികാരം തുടങ്ങിയ പ്രലോഭനങ്ങൾക്കു വശഗരായിരിക്കുമ്പോൾത്തന്നെ നന്മമാത്രം പ്രവൎത്തിച്ചുവന്ന നസറത്തിലെ ആശാരിയുവാവിനെ അനുഗമിച്ച യഥാൎത്ഥ മനുഷ്യരാണെന്നുള്ള കാര്യം ഗ്രഹിക്കുവാൻ ഈശോയുടെ ജീവിതവും ജീവിതകാലവും കഥാരൂപേണ വിവരിക്കുന്നതു് പ്രയോജനകരമായിരിക്കും എന്ന ബോദ്ധ്യത്തോടെ എഴുതിയിട്ടുള്ളതാണു് ഈ പ്രഹസനം. ബി. ബി. സി. നിലയത്തിൽനിന്നു "രാജാവാകുവാൻ ജനിച്ച ആ മനുഷ്യൻ" എന്ന അഭിധാനത്തിൽ നാടകരൂപേണ വിവിധമതസ്ഥരായ ശ്രോതാക്കൾക്കു ഹൃദ്യമായ വിധത്തിൽ ചെയ്ത പ്രക്ഷേപണങ്ങളെ അനുകരിക്കുകയാണു ഫാദർ ടീലാർ ചെയ്തിട്ടുള്ളതു്. ഈ പരിശ്രമത്തിൽ മററു് അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമങ്ങളിലെന്നപോലെ വിജയം വരിച്ചിട്ടുണ്ട്.

പതിമൂന്നു രംഗങ്ങളിലായി ഈശോയുടെ മൂന്നു പരീക്ഷകൾ, പത്രോസിന്റെ അമ്മായിയമ്മയുടെ പനി, ശിഷ്യന്മാരുടെ മീൻപിടിത്തം, കുഷ്ഠരോഗിയെയും ശതാധിപന്റെ പുത്രനേയും സുഖപ്പെടുത്തുന്നതു്, ലേവിയുടെ ചുങ്കം പിരിക്കൽ; സെബെദിയുടെ പുത്രന്മാരുടെ അധികാരതൃഷ്ണ, അതിനായി അവരുടെ അമ്മ ചെയ്യുന്ന പരിശ്രമങ്ങൾ എന്നീ വിഷയങ്ങൾ പ്രതിപാദിതമായിട്ടുണ്ട്. ഈ വിഷയവിവരണത്തിൽ നിന്നു മനസ്സിലാക്കാം ഈ പ്രഹസനത്തിൽ ഒരു പ്രത്യേക കഥയൊന്നും തുടർച്ചയായി വിവരിച്ചിട്ടില്ലെന്നു്. സാധാരണമായി ഒരു രംഗത്തിനു മററു രംഗത്തോടു പ്രത്യേകബന്ധമൊന്നുമില്ല. സാവൂളും സ്തേപ്പനും തമ്മിലുള്ള ഒന്നാമത്തേരംഗത്തിലെ സംഭാഷണം വായിച്ചാൽ വിചാരിക്കും സാവൂൾ നടത്തിയ ക്രിസ്തുമതപീഡനവും സാവൂളിന്റെ മാനസാന്തരവുമാണു കഥാവിഷയമെന്നു്. ആ അഭ്യൂഹം തെററിപ്പോകും.

ഫാദർടീലാറിന്റെ സംഭാഷണശൈലി അനന്യസാധാരണമാണെന്നു സ്പഷ്ടമാണല്ലോ. അതു് ഈ പ്രഹസനത്തി


### അൾത്താരയിലെ ബലിയും
### കത്തോലിക്കജീവിതവും

ദിവ്യബലിയെ അധികരിച്ചുള്ള താത്വികവും, കാൎമ്മികവും, ചരിത്രപരവും, പ്രായോഗികവുമായ വിശദീകരണം നല്കുന്ന ഒരു വിശിഷ്ടഗ്രന്ഥം.

ഗ്രന്ഥകൎത്താ, ഫാദർ അഗസ്റ്റിൻ, മണക്കാട്ട്

മുന്നൂററമ്പതിൽപരം പെയിജുകളും, മനോഹരമായ ബ്ളോക്കുകളോടും കൂടിയ ഈ പുസ്തകത്തിനു് വില.

ഗ്ലെയിസ്ഡ് പേപ്പർ 2 ക. 8 ണ. സെമിഗ്ലെയിസ്ഡ് പേപ്പർ 2 ക. 4 ണ.

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

T. A. ഫ്റാൻസിസ്, വ്യാകുലമാതൃസദനം, പൂങ്കാവ്,
കലവൂർ അഞ്ചൽ. ആലപ്പി പോസ്റ്റ്


ലും കാണാം. ചില ഉദാഹരണങ്ങൾ കാണിക്കാം.

ഓ, ആ ഇത്തപ്പനാടിച്ചെറുക്കനൊണ്ടല്ലോ—ആ കടലോരത്തു താമസിക്കണതേ—ഇതാ ഇതാന്നിരിക്കുന്നു എന്റെ നാക്കേല്—ആ എരട്ടപ്പിറുള്ളരില്ലേ? ആ എരട്ടപ്പിറുള്ളരു്.

ഏതെരട്ടപ്പിറുള്ളരു?

ഇന്നാള നിങ്ങടെ കാലു ആ കല്ലേന്നു മറിഞ്ഞുളുക്കിയപ്പം തിരുമ്മിക്കാൻ കൊണ്ടുവന്നതോക്കെണില്ലേ?

ആ, ഹാ, ആ ഇഡിമൂസ് അല്ലേ?

അതേ, ഡിഡിമൂസ് — ഇഡിമൂസെന്നല്ല.

അവനു വേറേ ഏതാണ്ടു പേരൊണ്ടല്ലോടി.

തോമ്മാന്നോ മറോ ആണെന്നേ.

തുടർച്ചയായ ഒരു കഥയല്ലാത്തതുകൊണ്ടു്, ഒന്നോ രണ്ടോ രംഗങ്ങളെടുത്തു ഭക്തസംഘങ്ങളിലും മററും അഭിനയിക്കുവാൻ സൗകൎയ്യമുണ്ടു്. കഥ മുഴുവനും അതേപടി അഭിനയിക്കുവാൻ നടന്മാർ വളരെയധികംവേണ്ടിവരും; ചിലൎക്കു ഫലിതം പോരെന്നു തോന്നിയേക്കും; എന്നാൽ നടന്മാൎക്കും ശ്രോതാക്കൾക്കും വളരെയധികം കാൎയ്യങ്ങൾ സാഹ്ളാദം പഠിക്കാം. സാത്താൻ വേഷംകെട്ടി പരീക്ഷിക്കുവാൻ വരുന്നതും പത്രോസു മുതലായ ശിഷ്യർ മീൻപിടിക്കുന്നതും മററും തന്മയത്വത്തോടെ അഭിനയിച്ചാൽ പലരും ചിരിച്ചു മണ്ണുകപ്പും. ഫാദർ ടീലാറിന്റെ ഈ നവപരിശ്രമത്തെ അനുമോദിക്കുന്നതോടൊപ്പം ക്രിസ്തീയസാഹിത്യത്തെ പോഷിപ്പിക്കുവാൻ അദ്ദേഹം ചെയ്യുന്ന പരിശ്രമത്തെ ക്രിസ്തുനാഥൻ അനുഗ്രഹിക്കട്ടെയെന്നു പ്രാൎത്ഥിക്കുന്നു. "ഏശുവും ശിഷ്യന്മാരും" ഏവൎക്കും പരിചിതമാകട്ടെ.

(T. M.)

---

## സുപ്രീംകോടതി

സുപ്രീംകോടതിയുടെ സമുൽഘാടനത്തോടുകൂടി ഇന്ത്യൻ റിപ്പബ്ളിക്കു് ഒട്ടുക്കു് സിവിലും ക്രിമിനലും അധികാരങ്ങളുള്ള ഒരു പരമാധികാരനീതിന്യായാധിപസമിതി സൃഷ്ടമായിരിക്കുന്നു. ഭാരതത്തിന്റെ ചരിത്രത്തിൽ ഇദംപ്രഥമമായിട്ടാണ് ഇങ്ങനെ റിപ്പബ്ളിക്കു ഒട്ടുക്കു അധികാരവ്യാപ്തിയുള്ള ഒരു നീതിന്യായക്കോടതി അധികാരപ്രയോഗം നടത്തുവാൻപോകുന്നതു്. 1935 ലെ ഗവൎമ്മെണ്ടു് ഓഫ് ഇന്ത്യാ ആക്ടിൻപ്രകാരം 1937 ഡിസമ്പറിൽ ഒരു ഫെഡറൽകോടതി സ്ഥാപിതമായെങ്കിലും അതിന്റെ അധികാരങ്ങൾ പരിമിതങ്ങളായിരുന്നു. ബ്രി. ഇന്ത്യൻ പ്രോവിൻസുകളിൽ മാത്രമായിരുന്നു ഫെഡറൽകോടതിക്കു് അധികാരമുണ്ടായിരുന്നതു്. ഭരണഘടനാപരമായ തൎക്കങ്ങൾ തീർപ്പുചെയ്യാനും ഗവൎമ്മെണ്ടു് ഓഫ് ഇന്ത്യാആക്ടു് വ്യാഖ്യാനിക്കാനുമുള്ള അധികാരംമാത്രമേ ഉണ്ടായിരുന്നുള്ളു. രാജക്കോട്ടയിലെ താക്കൂർസാഹിബും മഹാത്മാഗാന്ധിയും തമ്മിലുണ്ടായ ചരിത്രപ്രസിദ്ധമായ വാദത്തിൽ ഫെഡറൽകോടതി ചീഫ്ജസ്റ്റിസായിരുന്ന സർ മോറിസ് ഗ്വയർ ഒരു അവാർഡ് കല്പിക്കുവാൻ അനൗദ്യോഗികനിലയിൽ നിയുക്തനായതുമാത്രമാണ് നിൎവ്വചിക്കപ്പെട്ട മേല്പറഞ്ഞ അധികാരപരിധിക്കുപുറമേ പ്രയോഗിക്കപ്പെട്ടിട്ടുള്ള "അധികാരം". അതു് ഫെഡറൽകോടതി ഔപചാരികമായി കൈയേററ ഒരു ചുമതല ആയിരുന്നുമില്ല. 1947 ആഗസ്റ്റ് 15-നു ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതോടുകൂടി ഫെഡറൽകോടതിയുടെ അധികാരങ്ങൾ കുറെക്കൂടി വിപുലമാക്കി. സിവിൽകാൎയ്യങ്ങളിൽ കൂടുതൽ അധികാരങ്ങൾ നിക്ഷിപ്തമാകുകയും ചെയ്തു. എന്നിരുന്നാലും പ്രിവികൗൺസിലിനുതന്നെ ആയിരുന്നു അവസാന വിധിതീർപ്പിനുള്ള പരമാധികാരം. നാട്ടുരാജ്യങ്ങളിലെ ഹൈക്കോടതിയുടെമേൽ അപ്പോഴും ഫെഡറൽകോടതിക്കു് അധികാരമൊന്നുമുണ്ടായിരുന്നില്ല. 1949 ഒക്ടോബറിൽ ഫെഡറൽകോടതി ഇന്ത്യയുടെ പരമാധികാരനീതിന്യായക്കോടതിയായി ഉയൎത്തപ്പെട്ടെങ്കിലും അപ്പോഴും നാട്ടുരാജ്യങ്ങളുടെമേൽ ആ കോടതിക്കു് അധികാരമുണ്ടായിരുന്നില്ല. പുതിയ ഭരണഘടനയുടെ കീഴുള്ള സുപ്രീംകോടതിയുടെ സ്ഥാപനത്തോടുകൂടി ഈ പരമാധികാരം ഇന്ത്യ ഒട്ടുക്കു വ്യാപകമാകത്തക്കവിധം ആ കോടതിയിൽ നിക്ഷിപ്തമായിരിക്കുന്നു. ഇന്ത്യയിലെ 18 ഹൈക്കോടതികളുടേയും ചീഫ്കോടതികളുടേയും മേൽ അപ്പീലധികാരവും, കേന്ദ്രവും ഘടകസ്റ്റേററുകളും തമ്മിലുണ്ടാകുന്ന തൎക്കങ്ങളിലും മൗലികാവകാശങ്ങൾ നടപ്പിലാക്കുന്ന കാൎയ്യത്തിലും ഒറിജിനൽ അധികാരവും സുപ്രീംകോടതിക്കുണ്ടായിരിക്കും.

## വി. പത്രോസിന്റെ
### കുഴിമാടം

റോമായിലെ ബ്രഹ്മാണ്ഡമായ പത്രോസിന്റെ ബസ്ലിക്ക സ്ഥിതിചെയ്യുന്ന ഭൂമിക്കടിയിലും സമീപങ്ങളിലും ഭൂഗർഭഗവേഷണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നല്ലോ. തൽഫലമായി വി. പത്രോസിന്റെ കുഴിമാടം കണ്ടെത്തിയെന്നും മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് അതു് ഔപചാരികമായി പ്രഖ്യാപിക്കുന്നതാണെന്നും വത്തിക്കാൻകേന്ദ്രങ്ങൾ പ്രസ്താവിക്കുന്നു. പന്ത്രണ്ടാംപീയൂസ് തിരുമേനി മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടതിന്റെ പതിനൊന്നാം വാർഷികമായ മാർച്ച 2-ാംനു- ഈ പ്രഖ്യാപനം ഉണ്ടാകുമെന്നാണ് പ്രസ്തുത കേന്ദ്രങ്ങൾ അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഭൂഗർഭപൎയ്യവേഷണഫലമായി ബസ്ലിക്കായുടെഅടിഭാഗത്തു കണ്ടെത്തപ്പെട്ടിട്ടുള്ള ഗ്രോട്ടോകളും അന്നുതന്നെ ഉൽഘാടനംചെയ്യപ്പെടുന്നതാണ്. വി. പത്രോസിന്റെ മൃതശരീരം നീറോയുടെ സൎക്കസിനുസമീപത്താണ് സംസ്കരിച്ചതെന്നും, ആ കുഴിമാടോപരിയാണ് കോൺസ്റ്റൻറയിൻ ചക്രവൎത്തി സെൻറ് പീറേറഴ്സ് ബസ്ലിക്കാ നിൎമ്മിച്ചതെന്നുമുള്ള പാരമ്പൎയ്യവിശ്വാസം ശരിയാണെന്നുഈ ഭൂഗർഭപൎയ്യവേഷണം തെളിയിച്ചിരിക്കുന്നു

---

## വിമർശനവീഥി
(12-ാംപേജ് തുടർച്ച)

അന്വേഷണത്തിന്റേയും ഫലമായി കത്തോലിക്കാ സഭാമാതാവിന്റെ വിശ്വസ്തമക്കളായിത്തീൎന്നിട്ടുണ്ടു്! കത്തോലിക്കാമതം സ്നേഹവും പുണ്യവും നിറഞ്ഞ ജീവിതം നയിക്കുവാൻ ഏററവും പൎയ്യാപ്തമായ മതമാണെന്നു് സ്വാനുഭവത്തിൽനിന്നുതന്നെ അവർ സാക്ഷ്യം വഹിച്ചിട്ടുണ്ടു്. ആയിരക്കണക്കിനു ലോകദൃഷ്ടിയിൽത്തന്നെ പ്രസിദ്ധന്മാരായിട്ടുള്ള ഇവരുടെ സാക്ഷ്യങ്ങളെയെങ്കിലും ആധാരമാക്കി പ്രാസംഗികയെപ്പോലുള്ള മഹതികളും മഹാന്മാരും കത്തോലിക്കാമതത്തിന്റെ സത്യവത്വവും സ്നേഹാത്മകത്വവും മനസ്സിലാക്കിയിരിക്കേണ്ടതാണ്.

Pe misso Ecclesiastico
Printed & Published by
K. L. Varkey
at the Mar Lou's Memorial Press
Ernakulam

# Sathya Deepam

Vol 23 — Ernakulam February 8 1956 — No 24


വിമർശനവിധി

## യഥാർത്ഥക്രിസ്തുമതം അത്യുൽകൃഷ്ടജീവിതപ്രമാണം

വിശ്വമതസമ്മേളനത്തിൽ രാജകുമാരി അമൃത്കൗർ ചെയ്ത പ്രസംഗത്തിലെ അബദ്ധങ്ങളായ ചില ആശയങ്ങളെ കഴിഞ്ഞ രണ്ടു ലക്കങ്ങളിൽ ഞങ്ങൾ വിമർശിച്ചിരുന്നല്ലോ. സംഘടിതമതങ്ങളെ പ്രാസംഗിക അപലപിച്ചതിനെപ്പററി ആദ്യത്തേതിലും, മതമേതായാലും മതി എന്നു് പ്രസ്താവിച്ചതിനെപ്പററി രണ്ടാമത്തേതിലും വിമർശിച്ചിരുന്നു. ദൈവം ഒരു പ്രത്യേകമതം സ്ഥാപിച്ചിട്ടുണ്ടെന്നും, അതു കത്തോലിക്കാ ക്രിസ്തുമതമാണെന്നു മനുഷ്യബുദ്ധികൊണ്ടുതന്നെ കണ്ടുപിടിക്കുവാൻ കഴിയുമെന്നും, അതിനാൽ ദൈവത്തിൽ വിശ്വസിക്കുന്നവരെല്ലാം ആ മതമനുസരിച്ചു വേണം ദൈവാരാധന നടത്താനെന്നും ഞങ്ങൾ സമർത്ഥിച്ചിരുന്നു. "നാം നയിക്കുന്ന ജീവിതത്തിലാണു് നാം ശ്രദ്ധ പതിക്കേണ്ടതെന്നും, നമ്മുടെ അയൽക്കാരനോടും കുടുംബത്തോടും പ്രോവിൻസിനോടും രാജ്യത്തോടും ലോകത്തോടുമുള്ള നമ്മുടെ പെരുമാററമാണു് യഥാർത്ഥത്തിൽ കാര്യമായിട്ടുള്ളതെന്നും" പ്രാസംഗിക പ്രസ്താവിച്ചിട്ടുള്ളതിനെപ്പററിയാണു് ഇനി പറയാനുള്ളതു്. പ്രാസംഗികയുടെ ഈ ആശയം സർവ്വാദരണീയം തന്നെ. നാം അനുസരിക്കുന്ന മതം അത്യുൽകൃഷ്ടമായ ജീവിതം നയിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നതും സഹായിക്കുന്നതുമായിരിക്കണം. സകല മനുഷ്യരേയും സ്നേഹത്തിൽ ആശ്ലേഷിക്കുന്നതിനും അവർക്കുവേണ്ടി എന്തുസേവനവും ചെയ്യുവാൻ സന്നദ്ധരാകുന്നതിനും നമ്മെ പ്രേരിപ്പിക്കുന്നതും സഹായിക്കുന്നതുമായിരിക്കണം നാം അനുസരിക്കുന്ന മതം. ഈ മാനദണ്ഡംവച്ചു നോക്കിയാൽ കത്തോലിക്കാ ക്രിസ്തുമതം ഇന്നു ലോകത്തിലുള്ള സകല മതങ്ങളേയുംകാൾ ഉപരിയാണെന്നു കാണാം. ഈ വസ്തുത തെളിയിക്കുവാനാണു് ഇവിടെ ഉദ്ദേശിക്കുന്നതു്.

### കത്തോലിക്കാ ക്രിസ്തുമതം സ്നേഹാത്മകം

എല്ലാ വസ്തുക്കളേയുംകാൾ ദൈവത്തെ ഹൃദയപൂർവ്വം സ്നേഹിക്കണമെന്നും, ആ സ്നേഹത്തിന്റെ ഫലവും അടയാളവുമായി ശത്രുക്കളുൾപ്പെടെ സകല മനുഷ്യരേയും സ്നേഹിക്കണമെന്നുമാണു് ക്രിസ്തുവിന്റെ ഉപദേശമനുസരിച്ചു കത്തോലിക്കാ ക്രിസ്തുമതം പഠിപ്പിക്കുന്നതു്. ദൈവത്തെ എല്ലാ വസ്തുക്കളേയുംകാൾ ഹൃദയപൂർവ്വം സ്നേഹിക്കുവാനുള്ള അത്യുൽകൃഷ്ടമായ ന്യായവും കത്തോലിക്കാ ക്രിസ്തുമതം പ്രദാനംചെയ്യുന്നുണ്ടു്. ആ ന്യായത്തെ ഇങ്ങനെ വിശദീകരിക്കാം:

ഏതു മനുഷ്യനും ആനന്ദത്തെയാണു് ജീവിതലക്ഷ്യമായി വരിച്ചുകൊണ്ടിരിക്കുന്നതു്. ശരീരത്തോടും ആത്മാവോടും കൂടിയ മനുഷ്യൻ ശാരീരികവും ആദ്ധ്യാത്മികവുമായ ആനന്ദത്തെ അന്വേഷിക്കുന്നു. ശാരീരികാനന്ദം ശാശ്വതമല്ല. അതിനാൽ അതൊരു പരമലക്ഷ്യമായിക്കൂടാ. ശാശ്വതമായ ആനന്ദം ആദ്ധ്യാത്മികാനന്ദമാണു്. അതായിരിക്കണം പരമലക്ഷ്യം. ശാരീരികാനന്ദം ആദ്ധ്യാത്മികാനന്ദപ്രാപ്തിക്ക ഇത ലോകത്തിൽ ജീവിക്കുന്നിടത്തോളം കാലം ഏറെക്കുറെ ആവശ്യമാകയാൽ അതിനെ ഒരു പരമലക്ഷ്യമായിട്ടല്ല, പരമലക്ഷ്യം പ്രാപിക്കുവാനുള്ള മാർഗ്ഗമായിട്ടേ സ്വീകരിക്കാവൂ. മനുഷ്യന്റെ ആദ്ധ്യാത്മികാനന്ദം അവന്റെ ആദ്ധ്യാത്മിക ശക്തികളായ ബുദ്ധിയും മനസ്സും തൃപ്തിയടയുന്നതിലാണു് അടങ്ങിയിരിക്കുന്നതു്. ജ്ഞാനശക്തിയായ ബുദ്ധിയുടെ വിഷയം സത്യമാകുന്നു (Truth). ഇച്ഛാശക്തിയായ മനസ്സിന്റെ വിഷയം നന്മയാകുന്നു (Goodness). പരമമായ സത്യം ബുദ്ധിക്കും, പരമമായ നന്മ മനസ്സിനും കൈവന്നാൽ ആ ശക്തികൾ പരമമായ തോതിൽ തൃപ്തിയടയും. തത്ഫലമായി മനുഷ്യൻ പരമമായ ആദ്ധ്യാത്മികാനന്ദം അനുഭവിക്കുകയും ചെയ്യും. പരമമായ സത്യവും പരമമായ നന്മയും ദൈവമാണല്ലോ. തന്മൂലം ദൈവത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതിലാണു മനുഷ്യന്റെ പരമമായ ആനന്ദം അടങ്ങിയിരിക്കുന്നതു്. ഈ ന്യായത്താലാണു് മനുഷ്യൻ ദൈവത്തെ എല്ലാ വസ്തുക്കളേയുംകാൾ സ്നേഹിക്കണമെന്നു് ക്രിസ്തുവിന്റെ ഉപദേശമനുസരിച്ചു കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്. അറിയാത്തതു സ്നേഹിക്കുവാൻ സാദ്ധ്യമല്ലാത്തതിനാലാണു് ദൈവത്തെ സ്നേഹിക്കുന്നതിനുംപുറമെ അറിയണമെന്നും പറയുന്നതു്.


എല്ലാ വസ്തുക്കളേയുംകാൾ ദൈവത്തെ സ്നേഹിക്കുവാനുള്ള ഈ ന്യായം മനുഷ്യപ്രകൃതിക്കു യോജിച്ചതുതന്നെ. തന്മൂലം പ്രസ്തുതന്യായം ഉൽകൃഷ്ടവുമാണു്. എന്നാൽ ഇതിനെക്കാൾ ഉൽകൃഷ്ടമായ ന്യായം ക്രിസ്തുവിന്റെ ഉപദേശമനുസരിച്ചു കത്തോലിക്കാസഭ മനുഷ്യർക്കു പ്രദാനംചെയ്യുന്നുണ്ടു്. ആ ന്യായമാകട്ടെ, ദൈവം മനുഷ്യനെ അപാരമായി സ്നേഹിക്കുന്നുണ്ടെന്നും, സ്നേഹം സ്നേഹത്താൽ വീട്ടേണ്ടതാണെന്നുള്ള യുക്തിയനുസരിച്ചു മനുഷ്യൻ ദൈവത്തെ എല്ലാ വസ്തുക്കളേയുംകാൾ സ്നേഹിക്കേണ്ടതാണെന്നും അത്രെ. ദൈവം മനുഷ്യനെ അപാരമായി സ്നേഹിക്കുന്നുണ്ടെന്നുള്ളതിന്റെ ഒന്നാമത്തെ തെളിവു് അവിടുത്തെ സൃഷ്ടികർമ്മവും അതിനെ തുടർന്നുള്ള പരിപാലനവുമാകുന്നു. തന്റെ അനന്തമായ സൗഭാഗ്യത്തിൽ മനുഷ്യനെ പങ്കുകാരനാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ദൈവം മനുഷ്യനെ സൃഷ്ടിച്ചതും പരിപാലിച്ചുകൊണ്ടിരിക്കുന്നതും. ദൈവത്തിന്റെ ഈ ഉദ്ദേശം ആദ്യമനുഷ്യൻ അവന്റെ സന്താനങ്ങളായ സകല മനുഷ്യരുടേയും പ്രതിനിധിയെന്ന നിലയിൽ തന്റെ പാപത്താൽ വിഫലമാക്കി. ആ നഷ്ടത്തെ ദിവ്യലക്ഷണങ്ങൾക്കൊത്തവണ്ണം പരിഹരിച്ചു് ദൈവത്തിന്റെ ആദ്യത്തെ ഉദ്ദേശം സഫലമാക്കുവാൻതന്നെ ദൈവം നിശ്ചയിച്ചു. അതിനുവേണ്ടി ദൈവം സ്വീകരിച്ച മാർഗ്ഗമാണു് മനുഷ്യാവതാരവും പരിത്രാണകർമ്മവും. ആകയാൽ മനുഷ്യാവതാരത്തിലും പരിത്രാണകർമ്മത്തിലും ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹം ശതഗുണം പ്രകടിതമായിരിക്കുന്നു. തന്മൂലം സൃഷ്ടികർമ്മത്തിലും അതിനെക്കാളധികം പരിത്രാണകർമ്മത്തിലും ദൈവം മനുഷ്യന്റെ നേരെ അപാരമായ സ്നേഹം കാണിച്ചിരിക്കുകയാണെന്നും, അങ്ങനെതന്നെ സ്നേഹിച്ച ദൈവത്തെ എല്ലാവസ്തുക്കളേയുംകാൾ താൻ സ്നേഹിക്കേണ്ടതാണെന്നും ബോദ്ധ്യംവരാത്ത മനുഷ്യൻ മനുഷ്യനെന്ന നാമത്തിനു പോലും അർഹനല്ലല്ലോ. എല്ലാ വസ്തുക്കളേയുംകാൾ ദൈവത്തെ ഏതു മനുഷ്യനും സ്നേഹിക്കേണ്ടതാണെന്നുള്ള തത്വം ഒരു ജീവിതപ്രമാണമായി കത്തോലിക്കാസഭ പഠിപ്പിക്കുന്നതിന്റെ അർത്ഥവും ന്യായവും ഇപ്പറഞ്ഞവയാണു്.

### മനുഷ്യരെ സ്നേഹിക്കണമെന്നും കത്തോലിക്കാസഭ പഠിപ്പിക്കുന്നു

ദൈവസ്നേഹം മാത്രമല്ല മനുഷ്യസ്നേഹവും കത്തോലിക്കാസഭ ജീവിതപ്രമാണമായി സ്വീകരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ദൈവത്തെ സ്നേഹിക്കുന്നവൻ ദൈവം സ്നേഹിക്കുന്നതെല്ലാം സ്നേഹിക്കണമെന്നുള്ളതു് സ്നേഹത്തിന്റെ സ്വഭാവത്തിലടങ്ങിയിരിക്കുന്ന യുക്തിയാണല്ലോ. ദൈവം സകല മനുഷ്യരേയും, ഏററവും നിസ്സാരനെപ്പോലും, ഏററവും വലിയ പാപിയെപ്പോലും സ്നേഹിക്കുന്നു. ആകയാൽ ദൈവസ്നേഹമുള്ള ഏതു മനുഷ്യനും സകല മനുഷ്യരേയും, ഏററവും നിസ്സാരനെപ്പോലും, ഏററവും വലിയ ശത്രുവിനെപ്പോലും സ്നേഹിക്കേണ്ടിയിരിക്കുന്നു. ഇതാണു് കത്തോലിക്കാസഭയുടെ ഉപദേശം. തന്റെ അയൽക്കാരനേയും കുടുംബത്തേയും പ്രോവിൻസിനേയും രാജ്യത്തേയും ലോകത്തേയും സ്നേഹിക്കുവാനും സ്നേഹപൂർവ്വം അവരോടു പെരുമാറുവാനും ഏതു മനുഷ്യനേയും പ്രേരിപ്പിക്കുന്നതായിരിക്കണം അവൻ അനുസരിക്കുന്ന മതം എന്ന പ്രാസംഗികയുടെ ആശയംതന്നെയല്ലയോ കത്തോലിക്കാസഭ നല്കുന്ന ഈ ജീവിതപ്രമാണത്തിൽ അടങ്ങിയിരിക്കുന്നതു്? മാത്രമല്ല മനുഷ്യരോടുള്ള സ്നേഹം ദൈവത്തോടുള്ള സ്നേഹത്തിന്റെ ഫലവും അടയാളവുമായി കത്തോലിക്കാസഭ പഠിപ്പിക്കുന്നതുകൊണ്ടു് മനുഷ്യരോടുള്ള സ്നേഹവും സ്നേഹപൂർവ്വകമായ പെരുമാററവും ഏററവും ഉൽകൃഷ്ടമായ, ദിവ്യമായ, മണ്ഡലത്തിലേക്കു കത്തോലിക്കാസഭ ഉയർത്തിവയ്ക്കുകയും ചെയ്യുന്നു. ഏതു മനുഷ്യനേയും സ്നേഹിക്കുവാനും സകലരോടും സ്നേഹപൂർവ്വം പെരുമാറുവാനും ഇതിലധികം ശക്തമായ പ്രേരണ എന്തുണ്ടാകാം? ഈ പ്രേരണ യഥാർത്ഥീകരിക്കപ്പെടുന്നുണ്ടെന്നു കത്തോലിക്കാസഭയുടെ ആദ്യംമുതൽ ഇന്നോളമുള്ള ചരിത്രം വിളിച്ചുപറയുന്നുമുണ്ടു്. ഭൗതികമായ സമസ്തവും സ്വമനസ്സാ ഉപേക്ഷിച്ചുകൊണ്ടു് നിസ്സഹായരും പരിത്യക്തരുമായ പാവപ്പെട്ടവരുടെ ശാരീരികവും ആദ്ധ്യാത്മികവുമായ രക്ഷയ്ക്കും സമുദ്ധാരണത്തിനും വേണ്ടി എത്രയെത്ര സന്യാസിനീസന്യാസിസംഘങ്ങളാണു് കത്തോലിക്കാസഭയിൽ ആദിമുതലുണ്ടായിട്ടുള്ളതും ഇപ്പോളുള്ളതും. ഇവർക്കെല്ലാം പ്രേരണ നൽകിയിരിക്കുന്നതും, തദനുസരണം പ്രവർത്തിക്കാൻ കഴിവുണ്ടാക്കുന്നതും കത്തോലിക്കാസഭയുടെ പ്രത്യേകതകളായ വിശ്വാസസത്യങ്ങളും സാന്മാർഗ്ഗികനിയമങ്ങളും കൂദാശകളാദിയായ കർമ്മാനുഷ്ഠാനങ്ങളുമാണു്. തന്മൂലം കത്തോലിക്കാമതം പ്രാസംഗിക ആവശ്യപ്പെടുന്ന ജീവിതം നയിക്കുവാൻ തക്കതും പ്രേരണ നൽകുന്ന മതമാണെന്നു സ്പഷ്ടമല്ലയോ?

എന്നാൽ കഷ്ടം! അനേകം കത്തോലിക്കർ ഈ പ്രേരണയ്ക്കു വിധേയരാകുന്നില്ലെന്നു ഏററവും സങ്കടത്തോടുകൂടി സമ്മതിക്കേണ്ടതാണു്. അതിന്റെ കാരണം കത്തോലിക്കാമതത്തിന്റെ അപര്യാപ്തതയിലല്ല, പ്രത്യുത ആ മതത്തിന്റെ വിശ്വാസസത്യങ്ങൾ വേണ്ടവിധം ഗ്രഹിക്കുവാനും അതിന്റെ സാന്മാർഗ്ഗികനിയമങ്ങൾ യഥായോഗ്യം അനുസരിക്കുവാനും കൂദാശകളാദിയായ അതിന്റെ വൈദികകർമ്മങ്ങൾ കൂടക്കൂടെ അനുഷ്ഠിക്കുവാനും അവർ സാമാന്യേന കാണിക്കുന്ന അമാന്തത്തിലും അലസതയിലുമാണു കിടക്കുന്നതു്. കത്തോലിക്കാമതം രോഗബാധിതമായ മനുഷ്യപ്രകൃതിക്കു ദൈവംതന്നെ നൽകിയിരിക്കുന്ന ദിവ്യമായ ഔഷധമാണു്. ഔഷധം വേണ്ട പഥ്യങ്ങളനുസരിച്ചു സേവിച്ചെങ്കിലല്ലേ രോഗം ശമിക്കുകയുള്ളൂ. അങ്ങനെ ചെയ്യാത്തതുകൊണ്ടു രോഗം ശമിക്കാത്തതിനു ഔഷധത്തെ പഴിക്കുന്നതു് യുക്തിഹീനമായിരിക്കുകയില്ലേ? അന്യമതങ്ങളിലെന്നല്ല മതരാഹിത്യത്തിൽത്തന്നെയും ജനിച്ചു വളർന്നിട്ടുള്ള എത്രയോ പണ്ഡിതന്മാർ ക്രിസ്തുമതത്തിന്റെ ആരംഭംമുതൽ ഇന്നോളം ശരിയായ പഠനത്തിന്റെയും

(ശേഷം 11-ാം പേജിൽ)



വി. ഫ്രാൻസീസ് സേവ്യരുടെ വലതുകൈ നിക്ഷേപിച്ചുവെച്ചിരിക്കുന്ന സ്വർണ്ണവും സ്ഫടികവുംകൊണ്ടുള്ള പേടകം ന്യൂയോർക്കിൽവച്ചു് ഒരു വൈദികൻ ജനങ്ങളുടെ വണക്കത്തിനായി പ്രദർശിപ്പിക്കുന്നു.

വി. സേവ്യർ 1552-ൽ ചൈനയ്ക്കുസമീപമുള്ള സാൻസ്യൻ ദ്വീപുകളിൽവച്ചു നിര്യാതനായി. വിശുദ്ധന്റെ അക്ഷയമായിരുന്ന മൃതദേഹത്തിന്റെ വലതുകരം ഈശോസഭാവൈദികർ റോമിലേക്കു് അയച്ചുകൊടുത്തു. ശേഷംഭാഗം ഗോവയിലാണു് നിക്ഷേപിക്കപ്പെട്ടിരിക്കുന്നതു്. ഇക്കഴിഞ്ഞ വർഷത്തിൽ, പുണ്യവാൻ ജപ്പാനിൽ കാലുകുത്തിയതിന്റെ 4-ാം ശതാബ്ദം ആഘോഷിച്ച അവസരത്തിൽ അദ്ദേഹത്തിന്റെ വലതുകരം റോമിൽനിന്നു് അമേരിക്കവഴി ജപ്പാനിലേക്കു കൊണ്ടുപോയി. ഇക്കഴിഞ്ഞ ഡിസംബർ 18-ാംനു അതു റോമിൽ തിരികെ കൊണ്ടുവന്നു് പൂർവ്വസ്ഥാനത്തു നിക്ഷേപിച്ചു.